LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

SECOND MEETING.

Thursday, the 24th November, 1955.

Vol. XIV **OFFICIAL REPORT** **No. 17**

The Assembly met in the Assembly Chamber at Eight of the Clock on Thursday, the 24th November 1955 with Mr. Speaker in the Chair.

MOTION UNDER RULE 137.

Discussion of the Report of the States Reorganisation Commission (*contd.*)

ശ്രീ. പി. കെ. യശോധരൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇന്നലത്തേയും മിനിഞ്ഞാന്നത്തേയും പത്രങ്ങളിൽ പറമ്പിക്കുളം പദ്ധതിയെപ്പററി സംഭ്രമജനകമായ ചില കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു കണ്ടു. അതിനെപ്പററി...............

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇങ്ങനെ ഏതു പ്രശ്നത്തെപ്പററിയും എപ്പോഴും പായിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവുന്നതല്ല. അതിനൊക്കെ ചില രീതികളുണ്ട്. ആ രീതിയിൽ ഈ പ്രശ്നവും ഉന്നയിക്കപ്പെട്ടാൽ അതിനെപ്പററി പരിഗണിക്കാവുന്നതാണ്.

ശ്രീ. മഞ്ജനാഥപ്രഭു: സർ, എസ്. ആർ. സി. റിപ്പോർട്ടിൽ ദേവികുളവും പീരുമേടും കേരളത്തിൽത്തന്നെയായിരിക്കണം എന്നു പറഞ്ഞിട്ടുണ്ട്. അതിനുള്ള ന്യായങ്ങളും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആ താലൂക്കുകൾ മദ്രാസിലേക്കു ചേർക്കേണ്ടതാണെന്ന് ഇവിടത്തെ തമിഴ്നാട്ടുകാരും മദ്രാസുകാരും ശക്തിയായി വാദിക്കുന്നുണ്ട്. ആ വാദം അടി

[ശ്രീ. മഞ്ജനാഥപ്രഭു]

സ്ഥാനരഹിതമാണെന്നു തെളിയിക്കുവാൻ കഴിയും. ദേവികുളം, പീരുമേടു താലൂക്കുകളിൽ സ്ഥിരം കുടിക്കാർ മലയാളികളാണു്. അവിടെ പ്രധാനമായി താമസിക്കുന്ന അവിടത്തെ ആദിമനിവാസികൾ പലയാസ്, മന്നാൻ, മുതുവാൻ എന്നീ വർഗ്ഗക്കാരാണു്. മറയൂർ, കാന്തല്ലൂർ, കീഴാന്തല്ലൂർ മുതലായ സ്ഥലങ്ങളിൽ ഇപ്പോഴും ഇവർ താമസിച്ചുവരുന്നു. പ്രാകൃത മലയാളഭാഷയാണു് അവർ സംസാരിക്കുന്നതു്. പുരാതനകാലംമുതൽ തന്നെ മലയാളികളാണു് അവിടെ താമസിക്കുന്നതു്. കണ്ണൻദേവൻ, മലബാർ ഹാരിസ് മുതലായ ടീ എസ്റ്റേററുകളും ഏലത്തോട്ടങ്ങളും മററും അവിടെയുള്ളതുകൊണ്ടു് പുറമെനിന്നും ധാരാളം കൂലിക്കാർ അവിടെ വന്നും പോയും ഇരിക്കുന്നു. ഈ കൂലിക്കാർ അവിടെ സ്ഥിരതാമസക്കാരല്ല. ആണ്ടുതോറും അവരവരുടെ വീട്ടിൽപോകാൻ അവധിയും തിരിയെ വരാനുള്ള വഴിച്ചെലവും അവർക്കു കൊടുത്തുവരുന്നു. തിരുവിതാംകൂർ സ്ഥിരതാമസക്കാരായിരുന്നു ഈ കൂലിക്കാരെങ്കിൽ തിരിയെ വരുന്നതിനുള്ള വഴിച്ചെലവു പററേണ്ടയാവശ്യം ഉണ്ടാകുമായിരുന്നില്ല. ഇവിടെ ഏതാനും കൊല്ലക്കാലം റേഷൻ ഉണ്ടായിരുന്നല്ലോ. മദ്രാസ് ഗവണ്മെൻറ് മൂന്നാററിലെ തമിഴർക്കു് അവരുടെ പ്രജകൾ എന്നുള്ള നിലയിൽ റേഷൻകാർഡുകൾ വെച്ചു് കാർഡമം എസ്റ്റേററിലേക്കും ടീ എസ്റ്റേററിലേയ്ക്കും അരി കൊടുത്തുകൊണ്ടിരുന്നു. അതിലേയ്ക്കായി ഉടുമൽപ്പേട്ടയിൽനിന്നും അരി ഹോൾസെയിലായിട്ടും റീട്ടെയിലായിട്ടും കൊണ്ടുവന്നിട്ടുണ്ടു്. അതിനുള്ള റിക്കാർഡുകൾ മദ്രാസിലും ഇവിടെയും ഉണ്ടു്. 1950-ൽ 20 കൊല്ലക്കാലത്തേക്കു് പന്നിയാററിലും പൂപ്പാറയിലും ഉടുമ്പൻചോലയിലും സ്ഥലം പാട്ടത്തിനു പതിച്ചുകൊടുത്തപ്പോൾ തമിഴർ അപേക്ഷിച്ചില്ല. മലയാളികൾ മാത്രമേ അപേക്ഷകൾ കൊടുത്തിട്ടുള്ളു; മലയാളികൾ മാത്രമാണു് അവിടത്തുകാർ എന്നുള്ളതുകൊണ്ടാണു് മലയാളികൾമാത്രം അപേക്ഷിച്ചതു്.

ഈ രണ്ടു താലൂക്കുകളിലും കൂടി ആകെ 23 പള്ളികൾ ഉണ്ടു്. ഉടുമ്പൻചോല പകുതിയിലുള്ള പാറത്തോട്ടിൽ രണ്ടു പള്ളികൾ ഉണ്ടു്. അവിടെ ഒരമ്പലവും ഉണ്ടു്. പള്ളിവാസൽ പകുതിയിലുള്ള കല്ലാർകുട്ടിയിൽ രണ്ടു പള്ളിയുണ്ടു്. അതുപോലെ രാജകുമാരി എന്ന സ്ഥലത്തു് രണ്ടു പള്ളിയുണ്ടു്. അവിടെ ഒരമ്പലമുണ്ടു്. അടുത്തുള്ള രാജാക്കാട്ട് എന്ന സ്ഥലത്തു മൂന്നു പള്ളിയും ഒരമ്പലവും ഉണ്ടു്. പള്ളിവാസൽ പകുതിയിലുള്ള എല്ലക്കല്ലു് എന്ന സ്ഥലത്തു ഒരു പള്ളിയുണ്ടു്. അതേപകുതിയിൽ ചെല്ലിയാൻപാറയിൽ ഒരു മുസ്ലീം പള്ളിയുണ്ടു്. അതുപോലെ ഇരുട്ടുതാനം, കല്ലാർ, വട്ടയാർ എന്നീ സ്ഥലങ്ങളിലും പള്ളികൾ ഉണ്ടു്. ചിത്രപുരത്തു് ഒരു മുസ്ലീം പള്ളിയും മൂന്നാർ ടൗണിൽ സി. എം. എസ്സ്. മാർത്തോമ്മാ ഇവരുടെ വക പള്ളികളും ഉണ്ടു്. ഈ പള്ളികളെല്ലാം മലയാളികളുടെ വകയാണു്. കമ്പനി സ്ഥാപിച്ച കാലംമുതൽ അവിടത്തെ കർമ്മാദികൾ നടത്തിവരുന്നതും മലയാളി പുരോഹിതന്മാരാണു്. അവിടെയുള്ള ഒരു ലാററിൻ ചർച്ചിൽ മാത്രം യൂറോപ്യൻ ഫാദേഴ്സാണു പൗരോഹിത്യം നടത്തുന്നതു്.

ബഹുമാനപ്പെട്ട മെംബർ ശ്രീ. ശർമ്മ ഇവിടെ പറഞ്ഞു മൂന്നാററിലേക്കു് മറയൂരിൽനിന്നാണു വഴിയുണ്ടാക്കിയിരുന്നതു് എന്നു്. അതു തെററാണു്. പഴയകാലത്തു് നേരിയമംഗലത്തുനിന്നും കാളപ്പാലം വഴി

LIBRARY ARCHIVES Kerala Legislative Assembly

മാങ്കടവു കൂടി പൊൻമുടി വഴി പാണ്ടിയിലേക്കു മലയാളികൾ വ്യാപാരം നടത്തിയിരുന്നു. പഴയ റോഡു്, കോതമംഗലം, തട്ടേക്കാട്ട്, കട്ടംപുഴ, പൂയംകുട്ടി, മാംകുളം, കഞ്ചിയാറ്, കരിന്തിരി, എന്നീ സ്ഥലങ്ങളിൽ കൂടി ലക്ഷ്മി എസ്റ്റേററ വഴി പഴയ മൂന്നാററിൽ ചെന്നെത്തുന്നു. പള്ളിവാസൽ പദ്ധതിയെപ്പററി ഇവിടെ പറയുകയുണ്ടായി. ആ പദ്ധതി കേരളത്തിലേക്ക് വിട്ടുതരുന്നതിനു വിസമ്മതമില്ലെന്ന് തമിഴ്നാട്ട് സ്നേഹിതന്മാർ പറയുന്നു. രാജാക്കാട്ട്, പാറത്തോട്ട് എന്നീ സ്ഥലങ്ങളും പള്ളിവാസലിൽ കുറെ ഭാഗവും പൂവാരപകുതിയിലും, ഉടുമ്പൻചോല പകുതിയിലും ഉള്ള മറയൂരും കാന്തല്ലൂരും വട്ടവടയും കണ്ണൻദേവൻകമ്പനി വക സ്ഥലമല്ലാത്തതുകൊണ്ടു് കൂലിക്കാരായിവന്ന തമിഴർക്ക് അവിടെ പ്രവേശിക്കേണ്ട കാര്യം ഉണ്ടായിരുന്നില്ല. അതിനാൽ അവിടെ മലയാളികളേ ഉള്ളൂ. ആ ഒരു അവകാശവാദം അടിസ്ഥാനരഹിതമാണെന്നു കാണിക്കുവാനാണു് ഞാൻ ഇതു് പറഞ്ഞതു്. ഇപ്പോൾ പുതിയ റോഡു് വെട്ടുന്നതിനു മുമ്പു് ഒരു മൂന്നടിപ്പാത ഉപയോഗിച്ചുകൊണ്ടിരുന്നു. 80 കൊല്ലത്തിനു മുമ്പു് വാളൻററിയൻ സായിപ്പു് സർവ്വെ ചെയ്തതാണു് ഈ റോഡു്. ഇന്നു ദേവികുളത്തും പീരുമേട്ടിലും ഉള്ള ആളുകളിൽ ഭൂരിഭാഗവും മലയാളികളാണു്. ഇന്നൊരു സെൻസസ്സ് എടുത്താൽ ഈ വസ്തുത മനസ്സിലാക്കാൻ കഴിയും. 1954-ൽ നടത്തിയ തെരഞ്ഞെടുപ്പു് തമിഴ്നാട്ടുകാർക്കനുകൂലമായിരുന്നു എന്നുവച്ചു് അതു് തമിഴ്നാട്ടുകാർക്കു് അവകാശപ്പെടാവുന്നതല്ല.

ദേവികുളവും പീരുമേടും താലൂക്കുകൾ സമുദ്രനിരപ്പിൽ നിന്നും മൂവ്വായിരം മുതൽ ആറായിരം അടിവരെ പൊക്കമുള്ള സ്ഥലങ്ങളാണു്. വനവിഭവങ്ങളുടെ സമൃദ്ധിയുള്ളതുകൊണ്ടു് ആ സ്ഥലങ്ങൾ റിസർവ്വ് വനങ്ങളായി ഗവണ്മെൻറു് പ്രഖ്യാപിക്കുകയും അവിടെ കുടിയേറിപ്പാർക്കുവാൻ ആരേയും അനുവദിക്കാതിരിക്കുകയും ചെയ്തു. അതുകൊണ്ടാണു് മലയാളികൾ ധാരാളമായി അവിടെ കുടിയേറിപ്പാർക്കാതിരുന്നിട്ടുള്ളതു്. മലയാളികളെ താമസിപ്പിക്കുവാൻ അനുവദിക്കുമായിരുന്നു എങ്കിൽ അവിടെ തിരുവിതാംകൂർ–കൊച്ചിയിലെ ഏതു സ്ഥലത്തും ഉള്ളതിൽ കൂടുതൽ മലയാളികൾ അവിടെ കാണുമായിരുന്നു. അടുത്തകാലത്തു് ഗ്രോ മോർ ഫുഡ് പദ്ധതിയനുസരിച്ചു് മന്നാൻകണ്ടം മുതലായ സ്ഥലങ്ങൾ ആളുകൾക്കു് പതിച്ചുകൊടുക്കുകയുണ്ടായി. അതിനുശേഷമാണു് അവിടെ മലയാളികൾ കുടിയേറിപ്പാർക്കാൻ തുടങ്ങിയതു്. ടീ എസ്റ്റേററിലും മററും ജോലിക്കായി വന്നിട്ടുള്ള കൂലിക്കാരും എസ്റ്റേററുടമകളുമാണു് അവിടെയുള്ള തമിഴർ. ഇവർ സ്വത്തു സമ്പാദിക്കുന്നതും പണം നിക്ഷേപിക്കുന്നതും എല്ലാം മദ്രാസിലാണു്. അഴകപ്പാ ചെട്ടി മുതലായ വലിയ വലിയ പണക്കാരും ഇക്കൂട്ടത്തിൽ പെടുന്നുണ്ടു്. അവരും മദ്രാസിലാണു് പണം നിക്ഷേപിക്കുന്നതു്.

പെരിയാർ നദി ഈ രണ്ടു താലൂക്കുകളിലും കൂടിയാണു് ഒഴുകുന്നതു്. ഇന്നു ആലുവാവരെ ഓരുണ്ടു്. പെരിയാർജലം മദ്രാസിലേക്കു വിട്ടാൽ ഈ മലകളിൽത്തന്നെ നിൽക്കുന്ന സകല വൃക്ഷങ്ങളും നശിക്കും. തേക്ക്, ഈട്ടി, ചന്ദനം മുതലായ വൃക്ഷങ്ങൾ ആറായിരം അടി ഉയരമുള്ള സ്ഥലങ്ങളിൽ മാത്രമേ ഉണ്ടാകുകയുള്ളു. ലഫ്ററ് ഇറിഗേഷൻ മുതലായ പല കാര്യങ്ങളും പെരിയാർനദീജലം കൊണ്ടു് നിർവ്വഹിക്കപ്പെടുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മഞ്ജനാഥ പ്രഭു]

ഈ നദീജലം മദ്രാസിലേക്കു പോകുന്നപക്ഷം എറണാകുളം, മട്ടാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്കു് വെള്ളം കുടിക്കുവാൻപോലും നിവൃത്തി ഉണ്ടാകുന്നതല്ല. തമിഴ്നാടു് കാൺഗ്രസ്സുകാർതന്നെ ഈ രണ്ടു താലൂക്കുകളും തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിനവകാശപ്പെടാൻ അർഹതയുള്ളതായി പറയുന്നുണ്ടു്. എസ്. ആർ. സി. റിപ്പോർട്ടിൽ 297-ാംവകുപ്പിൽ ഇങ്ങനെ പറയുന്നു.

"The Tamil side of the case is that, although much of the population of Devikulam and Peermade may have been originally migrant, it now constitutes a majority and that in the 1954 elections, the Travancore Tamil Nad Congress won both the seats to the Assembly from this area. It is important, however to note that the Travancore Tamil Nad Congress itself recognises the special interests of the Travancore-Cochin Government in this area and is prepared to exclude from the areas sought to be transferred to Tamil Nad, the Pallivasal Pakuthy of the Devikulam Taluk, where the hydro-electric works are located and the Peruvanthanathu Pakuthy of Peermade taluk, which includes the township of Mundakayam and the rubber estate.

This concedes, in effect, a part of the claim of the Government of Travancore-Cochin to these two Taluks."

ഈ രണ്ടു പകുതികളും ഒഴിച്ചു നിറുത്തിക്കൊണ്ടു് ഈ രണ്ടു താലൂക്കുകളും വിഭജിക്കപ്പെട്ടാൽ പർവ്വതങ്ങളുടെ കിടപ്പും വനങ്ങളുടെ കിടപ്പും ഈ സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ നിവൃത്തിയില്ലാത്തവണ്ണം ആയിത്തീരുന്നതാണു്. വടക്കും കിഴക്കും അതിർത്തികളിലുള്ള മലം പ്രദേശങ്ങൾ തമിഴ്നാട്ടിലേക്കു വിട്ടുകൊടുത്തുകൊണ്ടുള്ള ബാക്കി പ്രദേശങ്ങൾ നിഷ്പ്രയോജനമായിത്തീരും എന്നു് ആ പ്രദേശം കാണുന്നവർക്കു് ബോദ്ധ്യപ്പെടുന്നതാണു്. ജനസംഖ്യ എടുത്താലും മലയാളികൾ കൂടുതലാണു്. ഒരു സെൻസസ്സ് പ്രത്യേകം എടുക്കുന്നതിനും എനിക്കു വിരോധമില്ല. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചു് ദേവികുളവും പീരുമേടും താലൂക്കുകൾ മദ്രാസിൽ ചേർക്കത്തക്കതല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഭാഷാപരമായ പ്രവിശ്യാവാദം ഈ നാട്ടിലെ നമ്മുടെ സഹോദരങ്ങളുടെ ഒരു അഭിലാഷമായിത്തീരുകയും അതിനുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളും പ്രവർത്തനങ്ങളും നടത്തിത്തുടങ്ങുകയും ചെയ്തിട്ടു് കാലം കുറെയായി. ഇതിന്റെ ഫലമായി അസുഖകരമായ ചില വികാരങ്ങൾ വിവിധ വിഭാഗങ്ങളിൽ ഉണ്ടെന്നുള്ള വസ്തുതയും ഈ സഭാതലത്തിൽ ആരും നിഷേധിക്കുന്നില്ല. ഈ പ്രശ്നത്തെ സംബന്ധിച്ചു് ഒരു തീരുമാനം ചെയ്യുമ്പോൾ, അതിനൊരു പരിഹാരം കാണാനുള്ള ഉദ്യമം ഉണ്ടാക്കുമ്പോൾ, ഇന്നു നിലവിലിരിക്കുന്ന അസുഖകരമായ അന്യോന്യ വികാരങ്ങളേയും വിചാരങ്ങളേയും ഒട്ടൊക്കെ പരിശമിച്ചും, ആ നിലയിലുണ്ടാകാവുന്ന ആശയ വൈരുദ്ധ്യങ്ങളെ കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കാക്കിയും, കുറേക്കൂടി സുഖകരമായ, ആരോഗ്യകരമായ ഒരു ലക്ഷ്യത്തിലെത്തണമെന്ന വിചാരത്തോടെയായിരിക്കണം നാം ഈ പ്രശ്നത്തെ സമീപിക്കേണ്ടതു്. അപ്പോൾ പ്രധാനമായി പരിഗണിക്കുവാനുള്ളതു്, ഇന്നത്തെ സാമുദായിക ചട്ടക്കൂട്ടിൽ അംഗീകൃതമായിട്ടുള്ള ജനാധിപത്യതത്വങ്ങൾ അവലംബിക്കുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ടു് അതു് പ്രായോഗികമാക്കുക എന്നുള്ളതാണു്. ആ ഒരു വീക്ഷണഗതിയോടുകൂടി ഈ പ്രശ്നത്തെ ഈ സഭയിൽ ആരെങ്കിലും സമീപിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നുവെങ്കിൽ, അതു് എന്റെ ബഹുമാന്യസ്നേഹിതന്മാരുടെ ചിന്താശക്തിയെ ചോദ്യം ചെയ്യുവാനോ, അവരുടെ വിജ്ഞാനത്തിന്റെമേൽ ചെളി വാരിയെറിയുവാനോ വേണ്ടിയാണെന്നു സംശയിക്കരുതെന്നു എനിക്കപേക്ഷയുണ്ടു്.

നാം ഒരു ജനാധിപത്യയുഗത്തിലാണു ജീവിക്കുന്നതെന്നും, എന്തെങ്കിലും അസുഖകരമായ അഭിപ്രായങ്ങൾ അന്യോന്യം ഉണ്ടെങ്കിൽ ജനാധിപത്യതത്വം സ്വീകരിച്ചുകൊണ്ടു് അവയെ ഒതുക്കിത്തീർക്കണമെന്നും, എന്റെ ബഹുമാന്യ സ്നേഹിതന്മാരിൽ ചിലർക്കു അഭിപ്രായമുണ്ടു്. ഒരു പ്രവിശ്യ രൂപീകരിക്കുമ്പോൾ അതിൽ നമുക്കു് മാനദണ്ഡമായി സ്വീകരിക്കാവുന്ന തത്വം എന്താണെന്നുള്ളതിനെപ്പററി ആലോചിച്ചാൽ, അംഗീകൃതമായ സിദ്ധാന്തങ്ങൾ വെച്ചാലോചിച്ചാൽ നമ്മളെല്ലാവരും ധരിച്ചുവച്ചിരിക്കുന്ന ജനാധിപത്യ തത്വങ്ങളുടെ അടിസ്ഥാനത്തെപ്പററി ചിന്തിച്ചാൽ, ഏററവും അഭിപ്രായഭിന്നതയില്ലാത്ത ഒരു മാനദണ്ഡമാണു് ഭാഷ എന്നുള്ളതു് തക്കമററ ഒരു സംഗതിയാണു്. അതല്ലാതെ മതത്തിനെ ആധാരമാക്കിയോ വർഗ്ഗത്തിനെ ആധാരമാക്കിയോ ഒരു പ്രവിശ്യാരൂപീകരണം സാധിതപ്രായമല്ലാത്ത ഒരു സാഹചര്യമാണു് ഇന്നു് നിലവിലിരിക്കുന്നതു്. അങ്ങനെനോക്കുമ്പോൾ നമുക്കെന്താണു് പ്രവിശ്യാരൂപീകരണത്തെസംബന്ധിച്ചിടത്തോളവും അംഗീകരിക്കേണ്ട പ്രായോഗികതത്വം? അതു മററൊന്നുമല്ല. ജനാഭിപ്രായം അനുസരിച്ചു, ഒരു പ്രത്യേക ജനവിഭാഗത്തിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അനുസരിച്ചു ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രവിശ്യാരൂപീകരണം സാധിക്കുന്നതല്ലാതെ മറെറാരു ഉപാധിയിൽ സാദ്ധ്യമല്ല. വിശേഷിച്ചും ഈ പരിസരത്തിൽ സാദ്ധ്യമല്ല. സർ, ഈ സഭാതലത്തിൽ നടന്ന വാദപ്രതിവാദങ്ങളെ മുഴുവൻ സംഗ്രഹിച്ചു നോക്കിയാൽത്തന്നെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ വാസ്തവത്തിൽ ഈ പ്രശ്നം അവതരിപ്പിച്ചു് ചർച്ച നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകളെ തരണംചെയ്യുന്നതിനു പകരം അവയെ കുറെക്കൂടി ഗൗരവതരമാക്കുകയാണു് ചെയ്തിട്ടുള്ളതു്. പ്രവിശ്യാരൂപീകരണത്തെസംബന്ധിച്ചു ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെംബറന്മാരും സൗഹാർദ്ദപരമായും ഐക്യമനോഭാവത്തോടും കൂടി ഏകകണ്ഠമായ ഒരഭിപ്രായത്തിൽ എത്തിച്ചേരാൻ സാധിക്കുമോ എന്നുനോക്കുകയാണെങ്കിൽ നിശ്ചയമായും അവയ്ക്കുള്ള സാദ്ധ്യതകൾ ഇല്ലെന്നു് എനിക്കു് പറയാൻ കഴിയും. ഈ പ്രശ്നം സംബന്ധിച്ചു് മിക്ക മെംബർമാരും വളരെ അധികം കാര്യങ്ങൾ സംസാരിച്ചിട്ടുണ്ടെങ്കിലും ഗവണ്മെൻറു ഭാഗത്തിൽനിന്നും അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ അതിന്റെ തത്വം നടപ്പിൽ വരുത്തുകയാണെങ്കിൽ [illegible]വ രാജ്യത്തെ തൊഴിലാളികളെ [illegible] നെ ബാധിക്കുമെന്നും [illegible]ർഷ [illegible]രെയും കർഷകത്തൊഴിലാളികളേയും എ[illegible]നെയെല്ലാമാണു് ബാധിക്കുന്നതെന്നും, മാത്രമല്ല പൊതുവേ രാജ്യനന്മയ്ക്കു് [illegible]നയോജ്യമായ വിധത്തിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതിനുള്ള പല നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

ങ്ങളും സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നു നോക്കുകയാണെങ്കിൽ ആവക കാര്യങ്ങൾ യാതൊന്നുംതന്നെ ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. എന്നാൽ അതിനു പകരം ഓരോരുത്തരുടെ വാദഗതിയിലും, അതു വേണം, ഇതുവേണം, എനിക്കു ചക്കര കിട്ടുന്നില്ല, എനിക്കു ഉപ്പു കിട്ടുന്നില്ല, ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വെള്ളം മേലാൽ കിട്ടുകയില്ല എന്നൊക്കെ പ്രസ്താവിച്ചുതല്ലാതെ ജനങ്ങളുടെ അഭിലാഷമനുസരിച്ച്, ജനസഞ്ചയം വളരെനാൾ ആശിച്ചുകൊണ്ടിരുന്നതും, ആഗ്രഹിച്ചുകൊണ്ടിരുന്നതുമായ മൗലികമായ അവകാശവാദങ്ങളെ സ്പർശിച്ച് ഒന്നുംതന്നെ പറയാതെ പോയതിൽ ഞങ്ങൾ ഖേദിക്കുകയാണ് ചെയ്യുന്നതു്. അതേസമയത്തു ഇവിടെയിരിക്കുന്ന മററു പാർട്ടികളിൽപ്പെട്ട മെംബറന്മാർ അഭിപ്രായപ്പെടാത്ത, ആരോഗ്യപരമായ പല വാദമുഖങ്ങളും എന്റെ പാർട്ടിയിലെ ചില അംഗങ്ങൾ പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ഒരു സ്വഭാവ വിശേഷത്തെ പ്രത്യേകമായി എടുത്തു പറയുവാൻ ഞാൻ ആഗ്രഹിച്ചതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ഞങ്ങളിൽ കാണുന്ന ഏററവും മുഖ്യമായ സ്വഭാവവിശേഷം ഇതാണ്. രാജപ്രമുഖവാഴ്ചയേയും, ഇൻഡ്യൻസംസ്ഥാനങ്ങളെ സംബന്ധിച്ചടത്തോളം എ. ബി. സി. വ്യത്യാസവും അവസാനിപ്പിക്കുകയെന്നുള്ളതാണ് ഈ റിപ്പോർട്ടിലെ ഒരു പ്രത്യേകത. ഒന്നാമതായി രാജാക്കന്മാർ ജനങ്ങളുടെ മേൽ കുതിരകേറിക്കൊണ്ടിരിക്കുന്ന പാരമ്പര്യം അവസാനിപ്പിക്കണം. അതോടുകൂടി എ. എന്നും ബി. എന്നുമുള്ള വ്യത്യാസവും അവസാനിപ്പിക്കണം. ഇതാണ് ഞങ്ങളുടെ ആഗ്രഹം. ഇതിനുമൻപൊരവസരത്തിൽ ഈ സഭയിൽതന്നെ എ. ബി. സംസ്ഥാനങ്ങളുടെ വ്യത്യാസത്തെപ്പററി ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ എതിർത്തുകൊണ്ടു പറഞ്ഞതു് ഫോർത്തു ഫാറം എ. യും ബി. യും പോലുള്ള വ്യത്യാസമേയുള്ളു, അതല്ലാതെ മററു വ്യത്യാസങ്ങളൊന്നുമില്ല് എന്നാണ്. അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ രാഷ്ട്രീയ പാണ്ഡിത്യം വച്ചുകൊണ്ടാണ് അന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. പക്ഷേ ഞങ്ങൾക്കു അതിനുത്തരം പറയാനുണ്ടായിരുന്നുവെങ്കിലും അന്നു് വക വച്ചുകൊടുക്കുകയാണ് ചെയ്തതു്. എ. ബി. സി. എന്നു് സംസ്ഥാനങ്ങളെ പ്രത്യേകമായി തിരിച്ചു നിറുത്തിയിരിക്കുന്നതു് സംസ്ഥാനങ്ങളുടെ ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങൾക്കു വിഘാതമാകുമെന്നും അതുകൊണ്ടു് അങ്ങിനെ ഒരു വ്യത്യാസം പാടില്ലെന്നും കമ്മീഷൻറിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ആ സ്ഥിതിക്കു അദ്ദേഹത്തിന്റെ അന്നത്തെ അഭിപ്രായം ഇന്നു മാററിയിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇന്നത്തെ പരിതസ്ഥിതിയിൽ ഈ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു് രാജ്യത്തെ കർഷകരേയും കർഷകത്തൊഴിലാളികളെയും മാത്രമല്ല, രാജ്യത്തെ ജനായത്ത ശക്തികളെ സംബന്ധിച്ചിടത്തോളം ഏററവും സ്വാഗതാർഹമാണെന്നാണ്.

സർ, അടുത്തതായി എനിക്കു റിപ്പോർട്ടിനെപ്പററി ചൂണ്ടിക്കാണിക്കാനുള്ളതു്, അറിഞ്ഞോ അറിയാതെയോ, പറഞ്ഞോ പറയാതെയോ, പ്രത്യക്ഷമായോ പരോക്ഷമായോ എങ്ങിനെയാണെങ്കിൽത്തന്നെയും വിഭജനത്തെ സംബന്ധിച്ചിടത്തോളം ഭാഷാ[illegible] അടിസ്ഥാനത്തിൽ വിഭജിക്കയും ഭാഷ ഏററവും മുഖ്യമായ ഒരു ഘടകമാണെന്നുമുള്ള തത്വം അവർ അംഗീകരിക്കയും ചെയ്തിട്ടുള്ളതായി കാണുന്നു. ഞങ്ങൾ ഉൾപ്പെട്ട

പാർട്ടിയുടെ ഭാഷാപര പ്രവിശ്യാവാദവും, പോററി ശ്രീരാമലു നായിഡുവിന്റെ സത്യാഗ്രഹവും അതിനെ തുടർന്നുള്ള ജീവത്യാഗവും ഭാഷാപര പ്രവിശ്യകൾ മൂച്ചുകൂട്ടിയതുകൊണ്ടാണ് കമ്മിഷൻ ഇങ്ങനെ ശുപാർശ ചെയ്തിട്ടുള്ളതു്. എന്നാൽ കമ്മിഷന്റെ ഈവിധ ശുപാർശകളെ അതിലംഘിച്ചുകൊണ്ടാണ് ഇവിടെ മിക്ക മെംബറന്മാരും സംസാരിച്ചിട്ടുള്ളതു്. സർ, അതിൽ ഞാൻ ഖേദിക്കുന്നില്ല. കാരണം ഇവിടത്തെ കാൺഗ്രസ്സ് ഗവണ്മെന്റുതന്നെ ജനങ്ങൾക്കു കൊടുത്തിട്ടുള്ള വാഗ്ദാനങ്ങൾ അവസരംനോക്കി ലംഘിച്ചുകൊണ്ടിരിക്കുന്ന ഒരു പാരമ്പര്യമാണ് ഇവിടെയുള്ളതു്. മദ്രാസ് സംസ്ഥാനവും, കർണ്ണാടക സംസ്ഥാനവും, കേരള സംസ്ഥാനവും അതുപോലുള്ള മററു സംസ്ഥാനങ്ങളും രൂപീകരിക്കുന്നതിൽ ഭാഷാപരമായ തത്വം അംഗീകരിക്കാൻ കമ്മിഷൻ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നു കാണാം. അതു പൊതുവേ സ്വാഗതാർഹവും ആശാവഹവുമാണ്. അങ്ങനെ ഈ റിപ്പോർട്ടിനെപ്പററി സമഷ്ടിയായിട്ട് പരിശോധിക്കുന്നപക്ഷം അതിലടങ്ങിയിട്ടുള്ള മററ് ഏതു കാര്യങ്ങളെക്കാളും ഭാഷാ ബൌണ്ടറി വിഭജനം പ്രമുഖസ്ഥാനം അർഹിക്കുന്നുണ്ട്. അതുകൊണ്ട് ഈ റിപ്പോർട്ട് അതേപടി അംഗീകരിക്കണമെന്നോ, അതു മുഴുവനും പൂർണ്ണമാണെന്നോ, ആക്ഷേപം അഭിപ്രായ വ്യത്യാസത്തിന് വകയില്ലെന്നോ അർത്ഥമാക്കേണ്ടതില്ല. എങ്കിലും ഈ മാതിരിയുള്ള ഒരു റിപ്പോർട്ടിനെ സ്വീകരിക്കുകയോ, തള്ളുകയോ ചെയ്യേണ്ടതു് അവയിലടങ്ങിട്ടുള്ള അടിസ്ഥാനതത്വങ്ങളെ നല്ലതുപോലെ പരിശോധിച്ചതിനുശേഷം മാത്രമേ പാടുള്ളു എന്നാണ്, എന്റെ അഭിപ്രായം. കമ്മിഷന്റെ ശുപാർശ അനുസരിച്ച് അവ സ്വീകരിക്കുന്നതു് ഏതളവിലാണെന്നും ഏതെല്ലാം തത്വങ്ങളാണ് അംഗീകരിക്കപ്പെടേണ്ടതെന്നും ഉള്ളതുസംബന്ധിച്ച് ഞങ്ങളുടെ പാർട്ടിനേതാവ് വിശദമായ ഒരു വിവരണം നൽകുമെന്നുള്ള സ്ഥിതിക്ക് ആ ഭാഗത്തേക്ക് കടക്കുന്നില്ല. അതിനിപ്പുറമുള്ള ഒന്നു രണ്ടു കാര്യങ്ങൾ മാത്രം ഇവിടെ ചൂണ്ടികാണിക്കാമെന്ന് വിചാരിക്കുകയാണ്.

സർ, കേരളസംസ്ഥാനത്തിന്റെയും തമിഴ്നാടിന്റെയും രൂപീകരണത്തിന് നിദാനമായി ചരിത്രപരമായ എന്തെങ്കിലും പശ്ചാത്തലം ഉണ്ടോ എന്ന് നമുക്ക് ആദ്യമായി പരിശോധിക്കാം. സർ, തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ്സ് 1945-ൽ നടത്തിയിട്ടുള്ള പ്രചരണയോഗത്തിൽവച്ചാണ് ആദ്യം ഐക്യകേരളം വേണമെന്നുള്ള മനോഗതി ജനസാമാന്യത്തിന്റെ ഇടയിൽ പ്രചരിക്കാൻ തുടങ്ങിയതു്. അങ്ങനെ തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ്സിന്റെ അന്നത്തെ പരമമായ ലക്ഷ്യം ഐക്യകേരളമനോഭാവമാണെന്നു കണ്ടുകഴിഞ്ഞു. ഐക്യകേരളം വരുന്നതോടുകൂടി, അല്ലെങ്കിൽ എപ്പോഴെങ്കിലും ഐക്യകേരളം ഉടലെടുക്കുകയാണെങ്കിൽ അന്ന് തമിഴ്നാട്ടുകാർക്ക് പ്രവിശ്യാരൂപീകരണത്തിൽ സ്വയംനിർണ്ണയാവകാശം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതായതു് അവർക്ക് അവരുടെ തായ്നാടു രൂപീകരിക്കാനുള്ള അവകാശം ഉണ്ടായിരിക്കണമെന്ന് ഉന്നയിക്കപ്പെട്ടവാദത്തെ സമ്മതിച്ചുകൊടുക്കുകയാണ് ചെയ്തതു്. അങ്ങനെ അന്നു നടന്ന കാൺഫറൻസിൽ........

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഐക്യകേരള കാൺഫറൻസ് ആദ്യമായി നടത്തിയതു് തൃശ്ശൂരിൽവച്ചാണെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN THAMPI: At that time Cochin and Travancore were independent. There was the State Congress here and in Cochin there was the Praja Mandalam which was quite a different organisation.

സർ, അതുകഴിഞ്ഞു് 1947-ൽ ആണു് നാഗർകോവിലിൽവച്ചു് സ്റ്റേററകോൺഗ്രസ്സിന്റെ ഒരു വർക്കിങ്ങ് കമ്മററി കൂടിയതു്. ആ കമ്മററിയിൽ ശ്രീമാൻ പട്ടം താണുപിള്ള അദ്ധ്യക്ഷനായിരുന്നു. ഐക്യകേരളം രൂപീകരിക്കുമ്പോൾ തമിഴ്നാട്ടുകാർക്കു് അവരുടെ തായ്നാടു രൂപീകരിക്കാൻ പ്രത്യേക അവകാശമുണ്ടായിരിക്കുന്നതാണു് എന്നുള്ള ഒരു പ്രമേയം ശ്രീ. ടി. എം. വർഗീസാണു് അവതരിപ്പിച്ചതു്. സ്റ്റേററകോൺഗ്രസ്സിന്റെ ഈ വാഗ്ദാനം നിറവേററാതിരുന്നതുകൊണ്ടാണു് തമിഴ്നാട്ടുകാർ 'മലയാളി ഒഴിക' എന്നുള്ള മുദ്രാവാക്യം മുഴക്കിക്കൊണ്ടു് സമരപരിപാടി തുടർന്നതു്. അതിനു വളരെ മുൻപുതന്നെ സർ. സി. പി. രാമസ്വാമിഅയ്യരും കോൺഗ്രസ്സ് ഗവൺമെൻറും കൂടി അവരുടെ അവകാശത്തെ മനഃപൂർവ്വമായി അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതെന്നു് തമിഴ്നാട്ടിൽ ഒരു വാദഗതി ഉണ്ടായിരുന്നു. പക്ഷേ അന്നും ബുദ്ധിപൂർവ്വമായി തമിഴ്നാട്ടുകാർക്കു് അനുകൂലമായ പരിതഃസ്ഥിതി സൃഷ്ടിക്കാൻ പരിശ്രമിച്ചതു്, കമ്മ്യൂണിസ്ററു പാർട്ടിയാണു്. ആ കാര്യം എന്റെ തമിഴ്നാട്ടു് സ്നേഹിതന്മാർ വിസ്മരിച്ചിട്ടില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്.

SHRI P. S. NATARAJA PILLAI: May I know whether the resolution at the Nagercoil Conference was not a resolution which granted self-determination for the Malayalees and the Tamilians?

SHRI R. SANKARANARAYANAN THAMPI: Yes.

ശ്രീ. എ. താണുപിള്ള: മി. ടി. എം. വറഗീസു് അന്നു് തായ്നാട്ടു് എന്നു് പറഞ്ഞതു് ഏതിനെ ഉദ്ദേശിച്ചാണു്?

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ശ്രീ. താണുപിള്ളയിൽനിന്നു് ഇത്ര ബാലിശമായ ഒരു ചോദ്യം ഉദിക്കുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. ശ്രീ. ടി. എം. വർഗീസു് തായ്നാട്ടു് എന്നു പറഞ്ഞതു് ശ്രീ. ടി. എം. വർഗീസിന്റെ തായ്നാടല്ല മലയാളികളുടെയും തമിഴരുടെയും തായ്നാടിനെക്കുറിച്ചാണു്. സ്വയംനിർണ്ണയാവകാശം മലയാളികൾക്കും തമിഴർക്കും ഒരുപോലെ നൽകുന്ന ഒരു റെസല്യൂഷൻ ആയിരുന്നു അതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനുമുമ്പും ഇതിനെപ്പററി പരാമർശനം ഉണ്ടായതുകൊണ്ടു് അതു മനസ്സിലാകാൻ വേണ്ടി ചോദിക്കയാണു്. തമിഴർക്കും മലയാളികൾക്കും ഒരുപോലെ സ്വയംനിർണ്ണയാവകാശം ഉള്ള തായ്നാട്ടു് എന്നു പറയുന്നതിന്റെയും തമിഴർക്കു് സ്വയംനിർണ്ണയാവകാശമുള്ള തായ്നാട്ടു്, മലയാളികൾക്കു് സ്വയംനിർണ്ണയാവകാശമുള്ള തായ്നാട്ടു് എന്നു പറയുന്നതിന്റെയും വ്യത്യാസം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സ്വയംനിർണ്ണയാവകാശമെന്ന വാക്കിന്റെ അർത്ഥം പ്രത്യേകം എടുത്തുനോക്കുകയാണെങ്കിൽ മലയാളികൾക്ക് ഏതുഭാഗത്ത് ചേരണമെന്നാണ് ആഗ്രഹം ആ ഭാഗത്ത് അവർക്ക് ചേരുവാനും തമിഴർക്ക് ഏതുഭാഗത്ത് ചേരണമെന്നാണ് ആഗ്രഹം ആ ഭാഗത്ത് അവർക്ക് ചേരുവാനും ഉള്ള അവകാശം ആണെന്ന് ഒരു വിശദീകരണംകൂടാതെ മനസ്സിലാക്കാനുള്ള ബുദ്ധിസാമർത്ഥ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉണ്ടാകാതെപോയതിൽ ഞാൻ പരിതപിക്കുന്നു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരിൽ ചിലർ ഇവിടെ ഉന്നയിച്ച ബാലിശവും അയഥാർത്ഥവും പരിഹാസ്യവുമായ ചില വാദമുഖങ്ങളെക്കുറിച്ച് ഒന്നുരണ്ട് വാക്ക് പറയുവാനുണ്ട്. പലതരത്തിലുള്ള വാദങ്ങളും തമിഴ്ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ കേരളത്തിൽ ചേർക്കണമെന്ന് വാദിച്ചവർ ഉന്നയിക്കുകയുണ്ടായി. നിങ്ങൾ അങ്ങോട്ട് പോകുകയാണെങ്കിൽ അപകടമാണ്. അവിടെ പള്ളിക്കൂടങ്ങളില്ല; പള്ളിയില്ല, ലിററസിയില്ല, പൊന്നുചങ്ങാതിമാരെ, ഞങ്ങൾ പരിഷ്കൃതരാണ്; ഇവിടെ വിദ്യാഭ്യാസം കൂടുതലുണ്ട്; എന്നിങ്ങനെയെല്ലാമുള്ള ഉപദേശങ്ങളും, അതു ഫലിച്ചില്ലെങ്കിൽ പിന്നെ ഭീഷണിയും. "നങ്ങളുടെ ആളുകൾ കുറെപേർ ഇവിടെയുണ്ട്. നിങ്ങൾ പോകയാണെങ്കിൽ അവർക്ക് ഉപദ്രവം ഉണ്ടാകും; അതു ഓർത്തോളണം" എന്നും മററുമുള്ള ഭീഷണി പ്രയോഗിക്കുന്നതായും മററും കണ്ടു. യുക്തിയുക്തമായിട്ടുള്ള വാദങ്ങളോ കാര്യകാരണസഹിതങ്ങളായിട്ടുള്ള അഭിപ്രായങ്ങളോ പുറപ്പെടുവിക്കാതെ ഇങ്ങനെയുള്ള ഭീഷണികളാണ് ഇവിടെ കണ്ടത്.

ശ്രീ. ടി. കെ. ദിവാകരൻ: ആരാണ് അത്തരത്തിലുള്ള ഭീഷണി പുറപ്പെടുവിച്ചത്?

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: പേരു പറയണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നില്ല. എങ്കിലും ചോദിച്ചതുകൊണ്ട് പറയാം. കൃഷ്ണപുരം മെമ്പറാണ്. ബഹുമാനപ്പെട്ട രാമപുരം മെംബർ പുന്ന, ചക്കര ഇവയൊന്നും വാങ്ങാൻകിട്ടുകയില്ല, അതുകൊണ്ട് നിങ്ങൾ പോകരുത് എന്നു പറയുന്നതായി കേട്ടു. ഒരു വാട്ടർറൈററ് കമ്പാർട്ടുമെൻറായി വിചാരിക്കുകയാണെങ്കിൽ അങ്ങനെ വന്നേക്കാമെന്നല്ലാതെ അതിന് യാതൊരു അടിസ്ഥാനവുമില്ല. നെല്ല് വാങ്ങിക്കാൻപാടില്ല, ഉപ്പ് വാങ്ങിക്കാൻ പാടില്ല എന്ന് ആരോ വിലക്കിയിരിക്കുന്നതുപോലെ ഉള്ള പ്രസ്താവനകളാണ് ഇവിടെ കണ്ടത്. ഇത്ര ബാലിശമായ, അർത്ഥശൂന്യമായ വാദഗതികൾ ഇത്ര പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് നാം പര്യാലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഉന്നയിച്ചത് ഈ സഭയുടെ അന്തസ്സിനുതന്നെ ഹാനികരമായിപോയില്ലെ എന്ന് ഞാൻ സംശയിക്കുന്നു. ബാംബെയിലോ യു. പി.യിലോ നിന്നുള്ള സാധനങ്ങൾ ഇവിടേക്കും ഇവിടെ ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ ഇതരഭാഗങ്ങളിലേക്കും അയക്കുന്നതിന് ഇപ്പോൾ എന്തു തടസ്സമാണ് ഉള്ളതെന്ന് എനിക്ക് അറിഞ്ഞുകൂടാ. (Bell)

Sir, I may be allowed to take some 7 or 10 minutes allotted to Mr. T. V. Thomas.

MR. SPEAKER: You may conclude soon.

2/3952/V

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN THAMPI : I shall conclude as early as possible.

ഞാൻ പറയുന്നതു് ഇങ്ങനെയുള്ള കച്ചവടഏർപ്പാടുകൾ നിഷേധിക്കുന്ന തരത്തിലുള്ള യാതൊന്നും ഇപ്പോൾ ഇല്ലാത്തതുകൊണ്ടു് ആ വിധത്തിലുള്ള വാദഗതികൾ ബാലിശമാണെന്നു് മാത്രമാണു്. ബഹുമാനപ്പെട്ട മെംബർ ശ്രീ. കെ. രാമചന്ദ്രൻനായർ, താൻകൂടി വേണമെങ്കിൽ തമിഴ് പഠിക്കാം അതുപോലെ എല്ലാ മലയാളികളും തമിഴ് പഠിക്കണം എല്ലാ തമിഴരും മലയാളവും പഠിക്കണം എന്നെല്ലാം പറയുന്നതു കേട്ടു. അതിൽ വലിയ അർത്ഥമൊന്നും ഇല്ല. കാരണം ആ ന്യായം പറഞ്ഞതുകൊണ്ടു് അവർ ഇവിടെനിന്നും പോകരുതെന്നാണു പറഞ്ഞതു്. ഇതു് വേലുത്തമ്പി ദളവാ ജനിച്ച സ്ഥലം ഉൾപ്പെടുന്നതാണെന്നും, അതു് കൂടെ കൊണ്ടുപോകുകയാണെങ്കിൽ ആളുകൾക്കു ഞങ്ങളോടുള്ള ബഹുമാനത്തിനു കുറവു വന്നേക്കും എന്നുമുള്ള വാദത്തിനും വലിയ അർത്ഥമൊന്നുമില്ല. ഇതിൽ മാർക്കോപോളോ, പ്ലിനി, ഇബിൻബാത്തൂത്താ മുതലായ ആളുകളെയൊന്നും വലിച്ചു ഇഴക്കേണ്ട കാര്യവും ഉണ്ടായിരുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്: എസ്. ആർ. സി. റിപ്പോർട്ടിനെപ്പററി അങ്ങയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ചില ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ പുറപ്പെടുവിച്ച അഭിപ്രായങ്ങളെ എതിർത്തുകൊണ്ടു, ഭാഷാപ്രവിശ്യാവാദത്തെ അനുകൂലിക്കുകയാണു ഞാൻ ചെയ്യുന്നതു്. ഉപ്പിന്റെയും ചക്കരയുടേയും കാര്യം പറഞ്ഞു് തമിഴ്നാട്ടുകാർ ഇവിടെനിന്നു പോവുകയാണെങ്കിൽ നമുക്കു ഉപ്പുകിട്ടുകയില്ല അതുകൊണ്ടു് അവർ ഇവിടെ നിൽക്കണം എന്നും മററുമുള്ള വാദം തീരെ അടിസ്ഥാനമില്ലാത്തതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്: കാര്യമായിട്ടു വല്ലതും പറയണം, ഉപ്പില്ലാത്ത വർത്തമാനം പറയുന്നതെന്തിനാണു് ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ചിലർ രാജാക്കന്മാരുടേയും ചരിത്രത്തിന്റേയും കാര്യം പറഞ്ഞിട്ടു് തമിഴ്നാട്ട് ഇവിടെ തന്നെ നില്ക്കണമെന്നു വാദിക്കുകയുണ്ടായി. രാജാക്കന്മാരൊക്കെ ജനങ്ങളോടു ആലോചിച്ചോ അവരുടെ സൗകര്യത്തെ ഉദ്ദേശിച്ചോ അല്ല അപ്രകാരം ചെയ്തിട്ടുള്ളതു് എന്നുള്ളതു് നമുക്കെല്ലാവക്കും അറിയാവുന്നതാണു്. ആ കാലഘട്ടം പോയി. ജനങ്ങളുടെ അഭിലാഷപ്രകാരം കാര്യങ്ങൾ നടക്കേണ്ട ഈ സന്ദർഭത്തിൽ ആ കാര്യങ്ങളൊന്നും പറയാതിരിക്കുകയാണു ഭേദം. മി. കുഞ്ഞൻനാടാക്കും മി. ശമ്മായ്ക്കും മലയാളം അറിയാമെന്നും മലയാളികൾക്കു് തമിഴും അറിയാമെന്നും പറഞ്ഞു് അവരുടെ അഭിലാഷത്തെ നിരുത്സാഹപ്പെടുത്തണമെന്നാണു് ചിലർ വിചാരിക്കുന്നതു്. തെക്കൻ തിരുവിതാംകൂറിൽ ഭൂരിപക്ഷം ആളുകളും വീട്ടിൽ സംസാരിക്കുന്നതു് തമിഴാണു്. തൊഴിലാളികൾ സംസാരിക്കുന്നതു് തമിഴിലാണു്. എന്നാൽ അപ്പോഴും ചിലർ വിദ്യാഭ്യാസത്തിനു പോകുമ്പോൾ അവക്കു് തമിഴ് പഠിക്കാൻ നിവൃത്തിയില്ലാത്തവിധം അവിടെ മലയാളം പള്ളിക്കൂടമാണു് ഏർപ്പെടുത്തിയിട്ടുള്ളതു്. അവക്കു് കൈകാര്യം ചെയ്യേണ്ട ഭാഷയിൽ വിദ്യാലയങ്ങളൊന്നും സ്ഥാപിച്ചുകൊടുക്കാതെ അവരോടു് അതിനു

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമനോഭാവം പ്രദർശിപ്പിക്കാതെ ഇരുന്നതുകൊണ്ടാണ് അവർ ഇവിടെനിന്നും പോകുവാൻ തീരുമാനിച്ചതു്. മി. കുഞ്ഞൻ നാടാർക്കും ശമ്മാജ്ജും മലയാളം അറിയാമായിരിക്കാം. മലയാളത്തിൽ പുസ്തകം എഴുതുന്നതിന് തക്ക പാണ്ഡിത്യം അവർക്ക് ഉണ്ടായിരിക്കാം. പക്ഷേ അതല്ല, ഇവിടത്തെ പ്രശ്നം. ആ രാജ്യത്തിലെ ജനങ്ങൾക്ക് അതു് ആവശ്യമുള്ളതാണോ എന്നതാണ് പ്രശ്നം. അങ്ങനെ അവർക്ക് അതു ഇഷ്ടമാണെങ്കിൽ അതിനെ പ്രതികൂലിച്ചിട്ടുള്ള ഒന്നും ശരിയല്ല. ബഹുമാനപ്പെട്ട മി. രാമചന്ദ്രൻനായർ വികാരത്തിന്റെയും മററു കാര്യങ്ങൾ പറയുകയുണ്ടായി. അതിൽ എന്തു് ആത്മാർത്ഥതയുണ്ടെന്നാണ് ഞാൻ ചോദിക്കുന്നതു്. ആ ഭാഗത്തെ ജനങ്ങൾക്കു് ഇവിടെ നിൽക്കുന്നതിന് ഇഷ്ടമില്ലെങ്കിൽ അവരെ പോകാൻ അനുവദിക്കണം. അതിന് നാം തടസ്സമായി നിൽക്കരുതു്. കമ്മ്യൂണിസ്റ്റ്പാർട്ടി അന്യോന്യവൈരുദ്ധ്യമില്ലാത്ത ഒരു നിലപാടാണ് എടുത്തിട്ടുള്ളതു്. അതു് എന്താണെന്നുള്ളതു് എന്റെ ബഹുമാനപ്പെട്ട നേതാവു് പറഞ്ഞുകൊള്ളും.

ശ്രീ. എം. വി. ചെറിയാൻ: ഈ റിപ്പോർട്ടിന്റെ ചില ഭാഗങ്ങളോട് യോജിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. അതെന്താണെന്ന് അറിഞ്ഞാൽകൊള്ളാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇവിടെ മൂന്നുനാലു പേർക്ക് ഇനിയും പ്രസംഗിക്കുവാനുണ്ടു്. അതോടുകൂടി ഞങ്ങൾക്കും സംസാരിക്കുവാൻ ആഗ്രഹമുള്ളതുകൊണ്ടു് സഭ 12 മണിക്കു് പിരിഞ്ഞു് വീണ്ടും രണ്ടു മണിക്കു് കൂടി 5 മണിവരെ നടപടികൾ തുടർന്നുകൊണ്ടുപോയാൽ കൊള്ളാമെന്നു് അപേക്ഷയുണ്ടു്.

MR. SPEAKER: The Chair will accept the general sense of the House.

SHRI R. SANKARANARAYANAN THAMPI: We must know the reaction of the Leader of the House.

SHRI PANAMPILLI GOVINDA MENON: If that is the desire of the House, I shall not stand against it.

MR. SPEAKER: Then that suggestion is accepted. I also wanted to give more time for the discussion of the Report.

SHRI PANAMPILLI GOVINDA MENON: After breaking at 12 noon we may meet at 2 P. M.

MR. SPEAKER: We shall rise at 12 and then meet at 2 and continue till 5 P. M.

ശ്രീമതി ടി. സി. ലീലാദേവിഅമ്മ: എസ്. ആർ. സി. റിപ്പോർട്ടിലെ ശുപാർശയിൽ അടങ്ങിയിട്ടുള്ള ഒരു കാര്യത്തെ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും പൊതുവെ സ്വാഗതം ചെയ്യുന്നുണ്ടെന്നുള്ളതിൽ എനിക്കു് അതിയായ സന്തോഷം ഉണ്ടു്. അതു് ഒരു കേരളസംസ്ഥാനം രൂപീകരിക്കണമെന്നുള്ളതാണ്. എന്നാൽ താമസിയാതെ ഉടലെടുക്കാൻ പോകുന്ന കേരളസംസ്ഥാനത്തിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടണമെന്നുള്ള കാര്യത്തെ സംബന്ധിച്ചാണ് അഭിപ്രായവ്യത്യാസങ്ങൾ കാണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി ടി. സി. ലീലാദേവിഅമ്മ]

ന്നതു്. തമിഴ്നാട്ട കാൺഗ്രസ്സുകാർ അവകാശപ്പെടുന്ന താലൂക്കുകൾ വേർപെടുത്തിക്കൊണ്ടുള്ള ഒരു കേരളസംസ്ഥാനം സ്വീകാര്യമല്ല എന്നു് ഈ നിയമസഭയിലെ പല ബഹുമാനപ്പെട്ട മെമ്പറന്മാരുടേയും അഭിപ്രായത്തോട്ടു് ഞാനും യോജിക്കുന്നു. അവർ ഈ അഭിപ്രായം ഉന്നയിച്ചുകൊണ്ടു് ഇവിടെ പുറപ്പെടുവിച്ച വാദമുഖങ്ങളെ ഞാൻ വീണ്ടും ആവർത്തിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു സംഗതികൾ പറയണമെന്നു് ഞാൻ വിചാരിക്കുന്നു. ഭാവി കേരളസംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെപ്പററി എസ്. ആർ. സി. റിപ്പോർട്ടിൽത്തന്നെ വളരെ മെച്ചപ്പെട്ട നിലയിലല്ല പറഞ്ഞിരിക്കുന്നതു്. റിപ്പോർട്ടിന്റെ 93-ാമത്തെ പേജിൽ 318-ാം പാരയിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: "The financial picture is no longer as gloomy as it was generally believed to be."

കുറച്ചു gloomy-യാണെന്നു് എസ്. ആർ. സി. റിപ്പോർട്ടുതന്നെ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു് കുറേക്കാലത്തേക്കു് കേന്ദ്രഗവണ്മെൻറിൽ നിന്നു സാമ്പത്തികമായ നല്ല ഒരു സഹായം ലഭിച്ചെങ്കിൽ മാത്രമേ കേരള സംസ്ഥാനത്തിന്റെ ഭാവി വികസനങ്ങൾക്കുള്ള സാദ്ധ്യതയുണ്ടാവുകയുള്ളു. ഈ റിപ്പോർട്ടിൽത്തന്നെ 92-ാംപേജിൽ 316-ാമത്തെ പാരയിൽ നെയ്യാററിൻകര താലൂക്കു് കേരളസംസ്ഥാനത്തിൽതന്നെ നിൽക്കുന്നതുകൊണ്ടു് ഗ്രാനൈറ്റിനെപ്പററിയുള്ള വാദത്തിനു് അടിസ്ഥാനമില്ലെന്നു പറഞ്ഞിട്ടുണ്ടു്. അന്വേഷണത്തിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു് തിരുവിതാംകൂറിലെ ഗ്രാനൈറ്റ് നെയ്യാററിൻകര അല്ലെന്നും, കേരളത്തിൽനിന്നു് വേർപെടുത്തുവാൻ ഉദ്ദേശിക്കുന്ന, തിരുവിതാംകൂറിലെ തെക്കൻതാലൂക്കുകളിലാണെന്നും ആണു്. ആ സ്ഥിതിക്കു് തെക്കൻ തിരുവിതാംകൂറിലെ നാലു താലൂക്കുകളും, ചെങ്കോട്ടയുടെ പടിഞ്ഞാറുഭാഗവും കേരളസംസ്ഥാനത്തുനിന്നു് ഒരിക്കലും വിട്ടുപോകുവാൻ പാടുള്ളതല്ല.

കേരളത്തിന്റെ സംസ്കാരത്തെക്കുറിച്ചു പറയുകയാണെങ്കിൽ കേരളത്തിലെ സംസ്കാരത്തിന്റെ അതിർത്തി കന്യാകുമാരിയുടെ തെക്കേഅററം വരെ തുടന്നു വ്യാപിച്ചുകിടക്കുന്നതായി കാണാം. തെക്കൻ തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളുടെ ആർക്കിട്ടെക്ച്ചർ, അതായതു്, ചില ഗോപുരങ്ങളും മററും പണിതിരിക്കുന്നതു് തനി തമിഴ് സമ്പ്രദായത്തിലാണെന്നു് ഒരു വാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. എന്നാൽ ഈ ക്ഷേത്രങ്ങളിലെ പൂജാവിധികൾ, ഉത്സവം മുതലായ അടിയന്തിരങ്ങൾ തനി മലയാളസമ്പ്രദായത്തിലാണു്. ക്ഷേത്രങ്ങളിൽ പൂജാദി കർമ്മങ്ങൾ നടത്തുന്നതു് മലയാളബ്രാഹ്മണരുമാണു്. ഇത്തരത്തിലുള്ള അനവധി ക്ഷേത്രങ്ങൾ തെക്കൻ തിരുവിതാംകൂറിൽ ഉണ്ടെന്നു ഞാനറിയുന്നു. കേരളസംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ മാത്രമെ ഇന്നു് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരത്തിൻകീഴിലുള്ള ഈ ക്ഷേത്രങ്ങൾക്കു് നിൽക്കുവാൻ നിവർത്തിയുള്ളു.

ഇനി വേറെ ഒരു കാര്യം പറയുവാനുള്ളതു് ചിററൂർ താലൂക്കിനെക്കുറിച്ചാണു്. ചിററൂർ താലൂക്കിൽ തൊണ്ണൂററിയഞ്ചു ശതമാനം തമിഴരാണു് എന്നൊരു വാദം ഉണ്ടെങ്കിലും അവർക്കു് ഈ തമിഴ് ഭൂരിപക്ഷമുള്ള പ്രദേശം [തമിഴ്നാടിനോടുകൂടി ചേരണമെന്നുള്ള അഭിലാഷമില്ലെന്നു് വ്യക്തമാകുന്നുണ്ടു്. 1954-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ തമിഴ്നാട്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് ടിക്കററിൽ അവിടെനിന്നു മത്സരിച്ച കോൺഗ്രസ്സ് സ്ഥാനാർത്ഥിക്ക് കെട്ടിവച്ച പണംകൂടി നഷ്ടപ്പെട്ട് ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. എന്നിരുന്നാൽത്തന്നെയും ചിററൂർതാലൂക്കിൽ വർഗ്ഗീയതയോ ഇടുങ്ങിയ മനഃസ്ഥിതിയോ കൂടാതെയാണ് തമിഴരും മലയാളികളും കൂടിക്കഴിയുന്നത്. പല തെരഞ്ഞെടുപ്പുകളിലും തമിഴരും മലയാളികളും യോജിച്ച്, തമിഴരേയും മലയാളികളേയും തെരഞ്ഞെടുത്ത് കൊച്ചി നിയമസഭയിലേക്ക് അയച്ചിട്ടുണ്ട്. ഈയിടെ ചിററൂർ തത്തമംഗലം മുനിസിപ്പാലിററിയും, ചില പഞ്ചായത്തുകളും, ബാർഅസോസിയേഷനും ചിററൂർ താലൂക്ക് ഒരിക്കലും കേരളത്തിൽനിന്നു വേർപെട്ടുപോകാൻ പാടില്ല എന്ന് പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി.

എന്റെ തമിഴ്നാട്ട് സഹോദരന്മാരായ നിങ്ങളും ചിററൂർതാലൂക്കിലെ തമിഴരെപ്പോലെ വിശാലമനസ്കരായി, ഒന്നുകൂടി ഗാഢമായി ആലോചിച്ച് കേരളത്തിൽ നിന്നു വിട്ടുപോകാതെ മലയാളികളായ ഞങ്ങളുമായി സൗഹാർദ്ദത്തോടും രഞ്ജിപ്പോടുംകൂടി കഴിയുവാൻ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് തൽക്കാലം നിർത്തുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഇന്നത്തെ നമ്മുടെ സമയത്തിന്റെ വില ഞാൻ വേണ്ടവിധം മനസ്സിലാക്കുന്നു. ചർച്ചാവിഷയത്തിന്റെ ഗൗരവത്തെപ്പററി അറിയുന്നു. കാലഗതിയുടെ പരിണതഫലങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുന്നു.

എസ്സ്. ആർ. സി. റിപ്പോർട്ട് പരിഭ്രാന്തി നൽകുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ നടന്ന വാദമുഖങ്ങൾ എല്ലാംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. വിവിധ താല്പര്യങ്ങൾ പരിഗണിക്കുമ്പോൾ, പരിഭ്രാന്തികൾ എല്ലാം സ്ഥാനസ്ഥിതങ്ങളാണെന്നു കാണാം. റിപ്പോർട്ടിലെ സൂചനകളും നിർദ്ദേശങ്ങളും വിലമതിക്കാതിരിക്കാൻ നിവൃത്തിയില്ല. ഒരു വിദഗ്ദ്ധകമ്മിററിയുടെ അഭിപ്രായങ്ങളാണ് റിപ്പോർട്ടിന്റെ ഉള്ളടക്കം. ഈ റിപ്പോർട്ട് ഇന്ന് എല്ലാ നിയമസഭകളുടേയും ചർച്ചകൾക്ക് വിധേയമായിരിക്കുകയാണല്ലോ. ഖണ്ഡനമണ്ഡനവാദഗതികൾ സർവ്വത്ര കേട്ടുകൊണ്ടിരിക്കുകയുമാണല്ലോ. പ്രകൃതിപ്രാമാണ്യവും ചരിത്രപ്രാധാന്യവുമായ വസ്തുതകൾ മുൻനിറുത്തിക്കൊണ്ടുള്ള വാദപ്രതിവാദങ്ങൾ ധാരാളം കേൾക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ, പുരാണങ്ങൾ, കാവ്യങ്ങൾ, ഇതിഹാസങ്ങൾ, ശ്രുതികൾ, സ്മൃതികൾ മുതലായവ അനുസരിച്ച് ചിന്തിക്കുകയും, അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നത് അസ്ഥാനത്തിലായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

"പ്രതികാലം പ്രമാണാനി-
ഭിദ്യന്തേ കാലവൈഭവാൽ,
പ്രതിദേശം ച ഭിദ്യന്തേ
തത്ത്വശ്യേൽ ബഹുസമ്മതിം".

സർ, സന്ദർഭത്തിനു യോജിച്ച ഒരു സ്മൃതിഖണ്ഡികയാണിത്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഈ സ്മൃതിവചനം നൽകുന്ന അനുശാസനം ആദരണീയമല്ലേ? ഇത് പരാശരസ്മൃതിയിൽനിന്നും ഉദ്ധരിക്കുന്നതാണ്. പറച്ചിയിൽ പിറന്ന പരാശരമഹാമുനി നിർമ്മിച്ച സ്മൃതിയാണിത്. ഇതിന്റെ ഉള്ളിൽ കടന്ന് സൂക്ഷ്മവീക്ഷണം ചെയ്താൽ എസ്സ്. ആർ. സി. റിപ്പോർട്ടിന് ആധാരമായ സംഭവഗതികൾ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ടി. കേശവൻശാസ്ത്രി]

ഒന്നിനൊന്നിന് വന്നുചേരേണ്ടതു തന്നെയല്ലേ? ഉദാഹരണത്തിന് ഇങ്ങനെ എടുത്തുകാണിക്കുവാൻ സാധിക്കുന്ന നൂറുനൂറു സാക്ഷ്യരേഖകൾ വേണമെങ്കിലും ഉണ്ട്. അതിനൊന്നിനും ഇപ്പോൾ സമയമില്ലെന്ന് എനിക്കറിയാം.

സർ,

"നാലുപാടുമിതാ നവനവമായ് ഭൂലോകമെങ്ങും
കാലയന്ത്രമതല്ലി തിരിയുന്നു?

നിരയനിരയുടെ നിയതമാം സത്തായ് നമ്മൾക്ക് തോന്നിയ
ധരണിയിനിയൊരു പുതിയ സുരലോകം.

ഓളമാഞ്ഞുമറിച്ചു നീങ്ങുകയാൽ—ചുഴലിയിൽപ്പെട്ടവ-
താളമാർന്നു കടിച്ചുചാകുന്നു.

കാലഗതിയോടിണക്കിനിർത്തേണം കോലമെന്നിങ്ങനെ
കാലവേദികൾ കൃതികൾ പറയുന്നു.

ഇതൊരു പുലവൃത്ത ഗാനഖണ്ഡികയാണ്. ആലോചനാവഹമായ ഈ വരികൾ ഈ സഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റിപ്പോർട്ടിനെപ്പററി നടക്കുന്ന ചൂടുപിടിച്ച ചർച്ചകൾക്ക് ഇതു സഹായകമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ കേരളസംസ്ഥാനക്കാര്യം ഇന്ന് ആബാലവൃദ്ധം ജനസമൂഹത്തിന്റെയും ശ്രദ്ധയെ ആകർഷിച്ചിരിക്കുകയാണ്. കേരളം പുരാതനമാണ്. അതിൽ അഭിപ്രായഭിന്നതകളുണ്ടാകാമെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന ഒരു കേരളത്തെയല്ല കേരളീയർ ആഗ്രഹിക്കുന്നതു്. കന്യാകുമാരി മുതൽ കാസർകോട്ടു വരെയുള്ള ഒരു അഖണ്ഡകേരളമാണ് നമുക്കാവശ്യം. തെക്കൻതാലൂക്കുകൾ യാതൊരു വിധത്തിലും വിട്ടുവാൻ പാടുള്ളതല്ല. കേരളസംസ്കാരത്തിന്റെ പൂർവ്വികമഹത്വം കാണിച്ച് ശ്രീ. ബാലകൃഷ്ണൻ ചെയ്ത പ്രസംഗം എന്നെ കൂടുതൽ ആകർഷിച്ചു എന്ന സത്യം പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. കേരളത്തിന്റെ പൂർവ്വകഥാകഥനം ഇവിടെ സംഗതമാണെന്നാണ് എന്റെ അഭിപ്രായം. കേരളം പല ദ്രാവിഡ രാജാക്കന്മാരുടെയും അധീനതയിലും ഭരണത്തിലും ഇരുന്നിട്ടുള്ളതാണ്. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാരുടെ ഭരണകാര്യങ്ങളും മററ ഇതിഹാസങ്ങളും പരക്കെ പ്രസിദ്ധങ്ങളാണ്. പുലയനാർകോട്ടയും, ചരിത്രങ്ങളും നമുക്കറിവുള്ളതല്ലേ? തിരുവനന്തപുരത്തിന്റെ പൂർവ്വികകഥ രേഖാങ്കിതമല്ലേ? സ്ഥലകാലകഥകൾ പരിശോധിച്ചാൽ ചാത്തൻ ചാത്തന്നൂരിന്റെയും, കുട്ടൻ, കുട്ടനാട്ടിന്റെയും, കോത, കോതമംഗലത്തിന്റെയും, വള്ളുവൻ, വള്ളുവനാടിന്റെയും, ചടയൻ, ചടയമംഗലത്തിന്റെയും, പുലയൻ, പുലക്കുന്നിന്റെയും മററനേകം പ്രദേശങ്ങളുടെയും ആധിപത്യവും ഭരണവും നടത്തിയിരുന്നതായി തെളിവുകൾ ഉണ്ട്. ഇവരിൽ ഭൂരിപക്ഷവും പുലയരാജാക്കന്മാരും പുലയരാജ്ഞിമാരുമായിരുന്നു. നാഞ്ചിനാട് നാഞ്ചിക്കുറവന്റെ ഭരണത്തിലിരുന്നതായും, നന്തനാരും, പാക്കനാരും ഉൾപ്പെട്ട പറയപ്രധാനികൾ ഭരണം നടത്തിയിരുന്നതായും തെളിവുകളും രേഖകളുമുണ്ട്. രാജ്യത്തിന്റെ വിഭജനവാദഗതികൾ ഓർക്കുമ്പോൾ കേരളത്തിന്റെ പൂർവ്വാവകാശത്തെയും, ആധിപത്യസത്യത്തെയും ഓർക്കുകയും പറയുകയും ചെയ്യുന്നതു് ന്യായയുക്തമായിരിക്കുമെന്നാണ് ഞാൻ കരുതുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

"ആദികവി തിരുവള്ളുവർപ്പഴവൻ—തിരുവായ്മൊഴിപ്പൊരുൾ
നാദമെണ്ണമഖണ്ഡമുയരുകയാം

എന്തുകൊണ്ടുമടുത്തു സൌവർണ്യം—ഭാരതക്ഷോണിയി—
ലാതുരർക്കഥ ശാന്തിയെന്നോണം."

സർ, തിരുവള്ളുവർ പുലയനായിരുന്നു. അദ്ദേഹം എഴുതിയ തിരുക്കുറൾവേദം തമിഴിലാണല്ലോ. തമിഴ്ഭാഷ കേരളത്തിൽ പൊതുവെ നിലനിന്നിരുന്നു. തമിഴിന്റെ സഹായത്തോടുകൂടിയാണ് മലയാളം വളർന്നതു്. മലയാളത്തിന്റെയും തമിഴിന്റെയും ആധാരം സംസ്കൃതമാണ്. ഭാരതീയരുടെ മൂലഭാഷ സംസ്കൃതമാണ്. സംസ്കൃതത്തിന്റെ അഭയം കൂടാതെ യാതൊരു ഭാരതീയഭാഷയ്ക്കും വളരാനും വികസിക്കുവാനും സാധിച്ചിട്ടില്ല. പൂർവ്വചരിത്രങ്ങൾ അവിച്ഛിന്നമായി ഇതിനു സർവ്വത്ര സാക്ഷ്യം വഹിക്കുന്നുണ്ട്. എത്ര തെളിവുകളും ഉദാഹരണങ്ങളും വേണമെങ്കിൽ എടുത്തുകാണിക്കുവാനുണ്ട്.

'സംസ്കൃതഹിമഗിരിഗളിതാ ദ്രാവിഡഭാഷാ കളിന്ദജാമിളിതാ കേരളഭാഷാഗംഗാ വിഹരതി.......' സർ, പൂർവ്വകേരളത്തിന്റെ അതിരും പ്രകൃതിരാമണീയകതയും മറക്കാൻ സാധിക്കുന്നതല്ല. അതു് സ്ഥിരവും ഭൌമികവുമാണ്. കേരളം യാതൊരു വിധത്തിലും മുറിക്കപ്പെടുവാൻ പാടില്ല എന്നു് വീണ്ടും എടുത്തുപറയുവാൻ ഞാൻ ഈ സമയം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

"ആഴി നാലും മേഖലയർലെപ്പൊഴും വിളങ്ങു—
ന്നൂഴിദേവിക്കിട്ട സിന്ദൂരക്കുറിയെന്നോണം
വാഴുമിൻഡ്യാ കന്യതന്റെ കെട്ടുതാലിപോലെ
ച്ചൂഴമാഭപൂണ്ടുമേവും കേരളമാം നാട്ടിൽ,
വിവിധഭാവുക പരമസേവന നിരകളെ നിരുപിച്ചാൽ...."

സർ, കേരളത്തിന്റെ പൂർണ്ണതയാണ് മലയാളികളുടെ പ്രത്യാശ. അഖണ്ഡകേരളത്തിന്റെ പുനഃസംവിധാനം ഭാഷാപ്രവിശ്യകൊണ്ടു് സമ്പൂർണ്ണമായി സാധിച്ചേ തീരൂ. അതിനുവേണ്ടി നമ്മുടെ വാദഗതികൾ മുഖരിതമായിത്തീരണം. ഞാൻ അഖണ്ഡകേരളത്തിനുവേണ്ടി വാദിക്കുന്നു. ഭാഷാവാദഗതികളിൽ അയവു വരുത്തുന്നതിൽ എനിക്കു് എതിരഭിപ്രായമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ദേവികുളത്തിന്റെയും പീരുമേടിന്റെയും കാര്യം എന്തു പറയുന്നു?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ദേവികുളവും, പീരുമേടും കേരളത്തിൽനിന്നും വിട്ടുപോകാൻ പാടില്ല. പൂർവ്വകഥ പറഞ്ഞാൽ ദേവികുളവും പീരുമേടും പുലയരുടെ വകയായിരുന്നു. കണ്ണൻദേവൻകമ്പനി തന്നെ അതിനു തെളിവാണ്. കണ്ണന്റെയും, തേവന്റെയും വകയായിരുന്ന സ്ഥലത്താണ് ഇന്നു തോട്ടങ്ങളും കമ്പനികളും നടത്തുന്നതു്. വനവാസികളായ മലപ്പുലയർ, മലപ്പണ്ടാരം, മുതുവൻ തുടങ്ങിയ വിവിധ വിഭാഗക്കാരുടെ കാനനവാസവും അവകാശവും പരിശോധിച്ചാൽ തെളിവുകൾ വേറെ വേണ്ടിവരികയില്ല. മലയ്ക്കും ആഴിയ്ക്കും മദ്ധ്യേ ആയിരുന്നതിനാൽ മലയാഴമായിരുന്നു. മലയാഴം മലയാളീകരിച്ചപ്പോൾ മലയാളം ആയി പര്യവസാനിച്ചു. ദേവികുളവും, പീരുമേടും, തേവാള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ടി. കേശവൻശാസ്ത്രി]

യും, അഗസ്തീശ്വരവും, കൽക്കുളവും, വിളവങ്കോടും, കാസർകോടും എല്ലാം ഒന്നുചേരുന്നതായിരിക്കുമല്ലൊ അഖണ്ഡകേരളം. അഖണ്ഡകേരളം സുന്ദരകേരളമായിത്തന്നെ തീരട്ടെ.

"Neyyattinkara is a predominantly Malayalam speaking taluk. (86 percent)."

നെയ്യാററിൻകര താലൂക്കിനെപ്പററി എസ്സ്. ആർ. സി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വരികൾ ഇതാണ്. എന്നിട്ടും, ഈ താലൂക്കും തമിഴ് താലൂക്കിൽ ഉൾപ്പെടുത്തണമെന്നു പറയുന്നത് ന്യായീകരിക്കാവുന്നതല്ല. എൻെറ അഭിപ്രായം ഒരു താലൂക്കും തമിഴ്നാട്ടിനോടു ചേർക്കേണ്ടതില്ലെന്നാണ്. കേരളത്തിൻെറ വിസ്തൃതി കഴിയുന്നതും വികസിപ്പിക്കുന്നതിനല്ലാതെ, കുറവുചെയ്യാൻ ഇടവരരുത്. നമ്മുടെ പരമമായ ലക്ഷ്യം ഇൻഡ്യയുടെ ഏകയോഗക്ഷേമമാണല്ലൊ. ഇൻഡ്യ ഇന്ന് ഏകലോകക്ഷേമത്തിനും സമാധാനത്തിനും മാർഗ്ഗനിർദ്ദേശം നൽകുകയും നേതൃത്വം നൽകുകയുമാണല്ലൊ. ഇതെല്ലാം അവധാനപൂർവ്വം വിചിന്തനം ചെയ്യണം. സർ, ഞാൻ നിറുത്തുന്നു.

"ലോകാ സമസ്താ സുഖിനോ ഭവന്തു."

ശ്രീ. എൻ. നാരായണക്കുറുപ്പ്: സ്റ്റേററ് റീഓർഗനൈസേഷൻ കമ്മിഷൻറിപ്പോർട്ട് കേരളസംസ്ഥാനരൂപീകരണത്തെ സംബന്ധിച്ചിടത്തോളം ഏററവും നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വിശേഷിച്ച് തിരുവിതാംകൂറിലെ ഉന്നതനായ ഒരു വ്യക്തി ആ റിപ്പോർട്ടിൽ ഒപ്പു വച്ചതു
9 A. M.
പ്രത്യേകം ഓർക്കേണ്ടതാണെന്ന് എൻെറ ബഹുമാന്യസ്നേഹിതൻ ശ്രീ. കുഞ്ഞൻനാടാർ അഭിപ്രായപ്പെടുകയുണ്ടായി. അതുപോലെ തന്നെ അദ്ദേഹം നിഷ്പക്ഷത പാലിക്കാതെ അഭിപ്രായം രൂപീകരിച്ചതുകൊണ്ടാണു ദേവികുളവും പീരുമേടും മദ്രാസിനു നഷ്ടപ്പെട്ടുപോയതെന്നു ഒരു കെ. എസ്. പി. മെമ്പർ മദ്രാസ് നിയമസഭയിൽ വാദിക്കയുമുണ്ടായി.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: മദ്രാസിൽ കെ. എസ്. പി. ഇല്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: അങ്ങനെയാണ് ഇൻഡ്യൻ എക്സ്പ്രസ്സിൽ റിപ്പോർട്ടു ചെയ്തിരുന്നതു്. അതു കൂടാതെ ആ മെമ്പർ ഒരുദാഹരണം കൂടി പറഞ്ഞിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കമ്മിഷൻ ചെയർമാൻ ഫസൽ‌അലി ബീഹാറിനെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷത പാലിച്ചു. അതുപോലെ സർദാർ പണിക്കരും നിഷ്പക്ഷത പാലിച്ചിരുന്നുവെങ്കിൽ ദേവികുളവും പീരുമേടും മദ്രാസിനു ലഭിക്കുമായിരുന്നുവെന്നാണു പറഞ്ഞതു്. ഈ രാജ്യത്തെ ഒരാളെന്ന നില സർദാർ പണിക്കർ അവലംബിച്ചിരുന്നുവെങ്കിൽ തീർച്ചയായും തെക്കൻതിരുവിതാംകൂറിലുള്ള താലൂക്കുകൾ മദ്രാസിനോടു ചേർക്കേണ്ടതാണെന്നു രേഖപ്പെടുത്തുകയില്ലായിരുന്നു. ഏതായാലും ആ റിപ്പോർട്ട് നിർഭാഗ്യകരമായിപ്പോയി. സർദാർ പണിക്കർക്ക് ഇവിടെ സ്ഥാപിതതാല്പര്യമുണ്ടെന്നും മററും പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. ഒരു തിരുവിതാംകൂറുകാരനായ അദ്ദേഹം കൂടി ഇങ്ങനെ ഒരു വിഭജനത്തിന് ഒപ്പുവച്ചതു് ഏററവും നിർഭാഗ്യകരമായിപ്പോയിഎന്നാണു ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷന്റെ ആദർശം ഭാഷാപരമായ സ്റ്റേററുകൾ ഉണ്ടാക്കണമെന്നാണ്. ജനാധിപത്യഭരണം നിലവിൽ വന്നിട്ടുള്ള ഒരു രാജ്യത്തും ഇങ്ങനെ ഒരു വിഭജനം നടത്താതിരിക്കുന്ന കാലത്ത്, ഏകദേശം നൂറോളം ഭാഷകൾ സംസാരിക്കുന്ന ഭാരതത്തി ഇപ്രകാരം ഭാഷയുടെ അടിസ്ഥാനത്തിൽ വിഭജനം നടത്തുന്നതു് ഇന്നും ഭാവിയിലും കുഴപ്പമുണ്ടാക്കാൻ പര്യാപ്തമാണെന്നു ഞാൻ ദീർഘദർശനം ചെയ്യുന്നു. ഒരു ഭാഷ സംസാരിക്കുന്ന ആളുകളെ മറെറാരു സ്റ്റേററിൽ മേലാൽ പ്രവേശിപ്പിക്കാതിരിക്കാൻ പോകുന്നതുകൊണ്ടു് കർഷകരുടേയും തൊഴിലാളികളുടേയും ഗുണത്തിനുവേണ്ടി പ്രസംഗിച്ചുകൊണ്ടിരിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കാൻ പോകുന്നതേയുള്ളു.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇന്നു നിലവിലിരിക്കുന്ന ഭരണഘടന അനുസരിച്ചു് ഏതെങ്കിലും ഒരു സ്റ്റേററിന് സിററിസന്റെ free movement നിയന്ത്രിക്കാൻ കഴിയുമോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : മദ്രാസിലെ ഒരു മന്ത്രി ശ്രീ. സുബ്രഹ്മണ്യം മദ്രാസ് നിയമസഭയിൽ അങ്ങിനെ ഒരഭിപ്രായം പുറപ്പെടുവിച്ചു.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഒരു ഭ്രാന്തു് ഒരാൾ പറഞ്ഞതുകൊണ്ടു വേറൊരാൾ ഭ്രാന്തു പറയണമെന്നുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ശ്രീ. സുബ്രഹ്മണ്യം ഭ്രാന്തനാണെന്നു പറയുന്നുണ്ടെങ്കിൽ ഞാനൊരു ഭ്രാന്തനാണെന്നു സമ്മതിക്കാൻ തയ്യാറാണ്.

ഭാഷയുടെ അടിസ്ഥാനത്തിൽ സ്റ്റേററുകൾ രൂപീകരിക്കുന്നതിനെക്കാൾ അമേരിക്കയിലെപ്പോലെ തുല്യസ്റ്റേററുകളായി വിഭജിച്ചിരുന്നുവെങ്കിൽ ഈ മാതിരി പരാതികൾക്കോ കുഴപ്പങ്ങൾക്കോ ഒന്നും കാരണമാകുകയില്ല. ബാംബെയിൽ എന്തു നടന്നു? അവിടെ മലയാളികൾ തമിഴരെ വെടിവെച്ചതോ, അല്ലെങ്കിൽ തമിഴർ മലയാളികളെ വെടിവച്ചതോ ആണോ? വിന്ധ്യ പ്രദേശത്തു് എന്താണു നടന്നതു്? അവിടത്തെ ഒരു മന്ത്രിയുടെ തലയിൽ ഫയൽ വലിച്ചെറിയുകയും മറെറാരു മന്ത്രിയെ അടിക്കുകയും ചെയ്തു. ഭാഷാപരമായ അടിസ്ഥാനത്തിൽ വിഭജനം നടത്തുന്നതുകൊണ്ടാണ് ഈമാതിരി സംഭവങ്ങൾ ഉണ്ടാകുന്നതു്. അങ്ങനെ ഇൻഡ്യയിലെ ജനങ്ങളെ തമ്മിൽ തല്ലിക്കാനുള്ള ഒരു റിപ്പോർട്ടാണ് ഇതെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതുകൊണ്ടു് ഭാഷാപ്രവിശ്യ വേണ്ടെന്നുള്ള അഭിപ്രായമുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : തീർച്ചയായും ഭാഷാപ്രവിശ്യ എന്നുള്ള അഭിപ്രായം വളരെ തെററാണെന്നു ഞാൻ ശക്തിയായി പറയുന്നു. ഇൻഡ്യയുടെ ഏകീകരണത്തിനും ജനങ്ങളുടെ അഭിവൃദ്ധിക്കും ഈ ഭാഷാപരമായ വിഭജനം ഏററവും ആപൽക്കരമാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. ഈ റിപ്പോർട്ടു വന്നിട്ടു് ഇത്രനാളായിട്ടും ഇവിടത്തെ കാൺഗ്രസ്സ് ഗവണ്മെന്റ് ഇതിൽ മാററം വരുത്താൻ പ്രേരണ ചെലുത്തിയിട്ടില്ലെന്നുള്ള ഒരു അപരാധം പുറപ്പെടുവിക്കുന്നതു കേട്ടു. അതു തെററാണ്. കാൺഗ്രസ്സ് ഗവണ്മെന്റ് ശക്തിയായി വാദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. എസ്സ്. നടരാജപിള്ള</u> : കേരളത്തെ ഗവണ്മെന്റ് പൊതുവെ സ്വാഗതം ചെയ്യുകയല്ലായിരുന്നോ?

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്</u> : കേരളഗവണ്മെന്റ് എന്നുവച്ചാൽ മലയാളിഗവണ്മെന്റ് എന്ന് അർത്ഥമില്ല. പൌരാണികകാലം മുതൽ കേരളം എന്നു പറഞ്ഞുവരുന്നതു കന്യാകുമാരി മുതൽ ഗോകർണ്ണംവരെയുള്ള സ്ഥലത്തെ ആണ്.

<u>ശ്രീ. പി. എസ്സ്. നടരാജപിള്ള</u> : ഏതെങ്കിലും ഒരു കാലത്തു ഈ സ്ഥലങ്ങൾ മുഴുവൻ ഒരു ഭരണത്തിൻകീഴിൽ ഇരുന്നതായി കാണിക്കാമോ?

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്</u> : കന്യാകുമാരി മുതൽ ഗോകർണ്ണംവരെ ഒരു വശം സഹ്യാദ്രിയാലും മറ്റൊരു വശം അറേബ്യൻകടലിനാലും വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു് ആരും നിഷേധിക്കയില്ല.

<u>ശ്രീ. പി. എസ്സ്. നടരാജപിള്ള</u> : അതു കവികളുടെ ഭാവനാരൂപമായിരുന്നു.

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്</u> : അതു ഭരണാധികാരത്തിന്റെ ഭാവനാരൂപമാണ്.

<u>ശ്രീ. പി. എസ്സ്. നടരാജപിള്ള</u> : സഹ്യാദ്രി ഗോകർണ്ണം കഴിഞ്ഞു വടക്കോട്ടുമില്ലേ?

<u>മി. സ്പീക്കർ</u> : സമയം ചുരുക്കമായതുകൊണ്ടു് ചോദ്യങ്ങൾക്കു ഉത്തരം പറയാൻ തുനിയാതെ പ്രസംഗം തുടരണം.

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്</u> : ഇനി ആരെങ്കിലും എന്നോടു ചോദ്യം ചോദിച്ചാൽ ഞാൻ ഉത്തരം പറയുകയില്ല.

കമ്മീഷൻ റിപ്പോർട്ടു് അംഗീകരിക്കുന്നുവെന്നു പറയുന്ന തത്വങ്ങൾക്കു വിപരീതമായി ന്യായങ്ങളും യുക്തികളും ഉന്നയിച്ചിട്ടുണ്ടെന്നു ഞാൻ സധൈര്യം പറയുന്നു. ഒരു ഡമോക്രാററിക്കു് ഫെഡറേഷൻ ആഫ് സ്റ്റേററ്സിൽ ഘടകങ്ങൾ ഒരുപോലെ ആയിരിക്കണമെന്നു് അവർതന്നെ നിർദ്ദേശിക്കുന്നുണ്ടു്. എന്നാൽ അതിനു വിപരീതമായുള്ളതാണു കേരളം. വലിപ്പത്തിൽ ഏററവും ചെറുതും ജനസംഖ്യ കൂടുതലും ഉള്ളതു കേരളത്തിലാണ്. അവർ നിർദ്ദേശിച്ചിട്ടുള്ള 16 സ്റ്റേററുകളുടെ രൂപടം എടുത്തുനോക്കുകയാണെങ്കിൽ ബാംബെ, മദ്ധ്യപ്രദേശ്, യു. പി. എന്നീ മൂന്നു സംസ്ഥാനങ്ങൾ ഇൻഡ്യയുടെ പകുതിയോളം വിസ്തീർണ്ണവും പകുതിയോളം ജനസംഖ്യയും ഉള്ളതാണെന്നു കാണാൻ കഴിയും. ആ വിഭജനം കൊണ്ടു് വടക്കെഇൻഡ്യയും തെക്കേഇൻഡ്യയും തമ്മിൽ മത്സരിക്കുന്നതിനു വഴി തെളിഞ്ഞിട്ടുണ്ടു്. വടക്കേ ഇൻഡ്യയിലെ ആ മൂന്നു സ്റ്റേററുകളിലെ മെമ്പറന്മാർ വിചാരിച്ചാൽ തെക്കേഇൻഡ്യയ്ക്കു യാതൊന്നും കിട്ടുകയില്ലെന്നുള്ള ഒരവസ്ഥ ഉണ്ടാക്കിയിട്ടുണ്ടു്. ഈ നിലയിൽ കമ്മീഷൻ റിപ്പോർട്ടു് അതേപടി സ്വീകരിക്കുന്നതു ഇൻഡ്യയ്ക്കു ദോഷകരമാണെന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു.

സർ, എന്തു കേരളമാണ് നാം ആവശ്യപ്പെട്ടതു്? കന്യാകുമാരി മുതൽ കാസർകോട്ടുവരെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു കേരളമാണ്. മഹാത്മജി അഭിപ്രായപ്പെട്ടതും കന്യാകുമാരി മുതൽ ഗോകർണ്ണം

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ള പ്രദേശമാണ്. കിഴക്കുഭാഗം ശത്രുക്കളാൽ ആക്രമിക്കപ്പെടാത്തിരിക്കത്തക്ക വിധത്തിൽ സുന്ദരമായ ഒരു പർവ്വതനിരയാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. പടിഞ്ഞാറുവശം അറേബ്യൻ കടലിനാലും.

"മലയാഴികളിടയായൊരു മലയാളമിതുഭകം
മലർകൊണ്ടിഹ കുടികൊണ്ടൊരു ധരണീസുരരുളാൽ
മണിസംസ്കൃതമണിയും തളിർതമിഴും പരിമിളിതം
മലയാളമിതൊരുവാണിയുമുളവായിതു സരസം".

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിന്റെ അർത്ഥംകൂടി ഒന്നു പറയണം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഞാൻ മറപടി പറയുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവനുസരിച്ചു പറയാത്തതാണ്.

ശ്രീ. കെ. സി. ജാർജ്ജ്: സ്പീക്കർ ഒരാൾ ഈൽഡ് ചെയ്യുന്നതെന്നു പറയുന്നതു് ശരിയാണോ? ആ അതാറിട്ടിയുടെ പേരിൽ ഈൽഡു് ചെയ്യുന്നില്ലെന്നു പറയുന്നതും ശരിയാണോ?

മി. സ്പീക്കർ: അദ്ദേഹത്തിനു് അനുവദിച്ചിട്ടുള്ള സമയം വേണമെങ്കിൽ ചോദ്യോത്തരങ്ങൾക്കായി ഉപയോഗിക്കാം. അതല്ല, പ്രസംഗിക്കാനാണു് ഉദ്ദേശിക്കുന്നതെങ്കിൽ പ്രസംഗിക്കണം.

ശ്രീ. എ. ചിദംബരനാഥനാടാർ: ബഹുമാനപ്പെട്ട മെമ്പർക്ക് സർദാർ പണിക്കരുമായി വല്ല വിരോധവുമുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: അദ്ദേഹം എനിക്ക വളരെ ബഹുമാനമുള്ള ഒരു സ്നേഹിതനാണ് അദ്ദേഹത്തോട് മദ്രാസിലെ കെ.എസ്സ്. പി. മെമ്പർക്കും വളരെ ബഹുമാനമാണുള്ളതെന്നു് എനിക്കറിയാം.

നാം വിഭാവന ചെയ്യുന്ന കേരളം സംസ്കൃതം, തമിഴ്, മലയാളം ഈ ഭാഷകളിൽ കൂടുതൽ പ്രാവീണ്യമുള്ള മലയാളികൾ നിവസിച്ചിരുന്ന സ്ഥലമാണ്. ഈ ഭാഷകളിൽ നിന്നാണു് കേരളം ഉത്ഭവിച്ചതു്. അതുകൊണ്ടാണു് ശ്രീ.കേശവൻശാസ്ത്രി പറഞ്ഞതുപോലെ മലയാഴിക്കര എന്നും,മലയാളക്കര എന്നും, പേരു വരാൻ കാരണം. ഭാഷാപരമായി തമിഴിനും മലയാളത്തിനും വലിയ വ്യത്യാസമൊന്നുമില്ല. രണ്ടുകൂട്ടർക്കും രണ്ടും സാമാന്യം മനസ്സിലാകുന്ന ഭാഷകളാണ്. ഇനി പിരിഞ്ഞുപോകണമെന്നു ആഗ്രഹിക്കുന്ന ആ സ്ഥലത്തെപ്പററി രണ്ടു വാക്കു പറയേണ്ടതുണ്ട്. തിരുവിതാംകൂറിനെ ഭരിച്ചുവന്ന ധർമ്മരാജാക്കന്മാരുടെ മൂലകുടുംബമാണു ആ സ്ഥലം. രാജ്യത്തിനുവേണ്ടിയും ജനങ്ങൾക്കു വേണ്ടിയും, മററു നാട്ടുരാജാക്കന്മാർ യാതൊന്നും ചെയ്യാതിരുന്ന കാലത്തു് ഇവിടത്തെ ജനങ്ങൾക്കു സകല അവകാശങ്ങളും അനുവദിച്ചിരുന്ന തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ മൂലകുടുംബത്തെ അവരുൾക്കൊള്ളുന്ന സ്ഥലത്തുനിന്നും വേർപെടുത്തി വേറൊരു ഭരണത്തിൻ കീഴിൽ ആക്കണമെന്നാണു് കാണുന്നതു്.

സർ, ചരിത്രത്തെ വിസ്മരിക്കാൻ പാടില്ല. ഒരു കാലത്തു് വളരെ ആവേശപൂർവ്വം വമ്പിച്ച ഒരു സൈന്യസന്നാഹവുമായി തിരുവിതാംകൂറിനെ എതിർത്ത ഡച്ചുസേനാനായകനായ ഡിലനായിയെ തോൽപ്പിച്ച ചരിത്രപ്രസിദ്ധമായ കുളച്ചൽ എന്ന സ്ഥലവും മദ്രാസിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

വിട്ടുകൊടുക്കണമെന്നാണ് വരുന്നത്. മഹാത്മാഗാന്ധി ഇൻഡ്യയിൽ വിദേശീയഭരണം അവസാനിപ്പിക്കുന്നതിനുവേണ്ടി സമരപരിപാടികളും മററും കൈക്കൊള്ളുന്നതിന് വളരെക്കാലം മുൻപുതന്നെ അദ്ദേഹം അക്കാര്യം സ്വപ്നത്തിൽപോലും വിചാരിക്കാതിരുന്ന കാലത്തിനു മുൻപുതന്നെ, തിരുവിതാംകൂർ രാജ്യത്തിൽനിന്നു വിദേശമേധാവിത്വം അവസാനിപ്പിക്കണമെന്ന് ധൈര്യസമേതം പ്രഖ്യാപനം ചെയ്ത്, കുണ്ടറ വിളംബരം പ്രസിദ്ധീകരിച്ച ശ്രീ. വേലുത്തമ്പിയുടെ മൂലകുടുംബവും ഈ രാജ്യത്തിൽ നിന്നും വേർപെടുത്തി മദ്രാസിലേക്ക് വിട്ടുകൊടുക്കണമെന്നാണ് ഇവർ പറയുന്നത്. സർ, തെക്കൻതിരുവിതാംകൂറിലെ ഉപ്പളങ്ങളെ സംബന്ധിച്ചിടത്തോളം ആക്ഷേപം ഇല്ല എന്ന് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ അഭിപ്രായം പ്രകടിപ്പിച്ച മെമ്പർക്ക് ഉപ്പ് വേണ്ടേ? നാട്ടിലെ ജനങ്ങൾക്ക് ഉപ്പ് വേണ്ടേ? കൃഷിക്കാർക്ക് ഉപ്പ് വേണ്ടേ? ആർക്കാണ് ഉപ്പ് വേണ്ടാത്തത്? ഉപ്പിൻെറ സ്വാദ് അറിഞ്ഞിട്ടുണ്ടെങ്കിൽ ഇതു പറയുകയില്ലായിരുന്നു. ഉപ്പിനോടുള്ള കൂറ് ഉണ്ടായിരുന്നെങ്കിൽ ഇപ്രകാരം പറയുകയില്ലായിരുന്നു. മദ്രാസിലെപ്പോലെ അവിടവിടെയായി ഒരു കൂട്ടം ജനങ്ങൾ കൂട്ടംകൂടി താമസിക്കുന്ന കുറെ സ്ഥലങ്ങളും അങ്ങിനെ ജനവാസമില്ലാത്ത ഊഷരപ്രദേശങ്ങളും ആണോ ഈ തെക്കൻതിരുവിതാംകൂറിലുള്ളത് എന്ന് നാം ആലോചിക്കണം. ധാരാളം നെല്ലുവിളയുന്ന നിലങ്ങൾ ഉൾക്കൊള്ളുന്ന തിരുവിതാംകൂറിലെ ഒരു ഭാഗം; അതായത് എഴുപത്തിഏഴായിരം ഏക്കറോളം വരുന്ന നിലങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഭാഗം, ശ്രീ. ചിദംബരനാഥനാടാർ പറഞ്ഞതുപോലെ, അല്ലെങ്കിലും എനിക്കും അങ്ങേക്കും നമ്മുടെ പൂർവ്വികന്മാർക്കും അവകാശപ്പെട്ടിട്ടുള്ള ഒരു ഭാഗം മദ്രാസിൽ ചേർക്കണമെന്നാണ് പറയുന്നത്. രണ്ടുകോടിയിൽ ചില്വാനം രൂപ തിരുവിതാംകൂറിൽ മുതലെടുപ്പുണ്ടായിരുന്ന കാലത്ത് അതിൻെറ ഭൂരിഭാഗവും കരമായി കൊടുത്തിരുന്ന ഈ തെക്കൻ താലൂക്കുകൾ ഉൾപ്പെട്ട ദേശത്തുള്ള നിലങ്ങൾ പ്രകൃതി തോൽപ്പിച്ചാലും കൃഷിപ്പിഴ വരാത്തവിധം ഇരുപ്പൂ നിലങ്ങളാക്കി മാററിയിട്ടുണ്ടെന്നുള്ളതും, ദേശപ്രകൃതിയിലും പ്രാദേശികമായ സ്ഥിതിഗതികൾകൊണ്ടും സംപൂർണ്ണമായ ഈ താലൂക്കുകൾ മദ്രാസിനെയോ, ഇൻഡ്യയിലെ മററ് ഏതെങ്കിലും ഭാഗത്തേയോപോലെയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഹിന്ദുക്കളുടെ ആരാധനാകേന്ദ്രങ്ങളായ കന്യാകുമാരി, ശുചീന്ദ്രം, കുമാരകോവിൽ മുതലായ പുണ്യക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത് ഈ തെക്കൻതാലൂക്കുകളിലാണെന്നുള്ള കാര്യവും നാം ആലോചിക്കണം. മത്സ്യം ഉണക്കാനായി ഈ പരിപാവനമായ ക്ഷേത്രപരിസരങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി സ്ഥലം കിട്ടണമെന്നു വാദിച്ച് പ്രക്ഷോഭണം നടത്തിയ ഒരു വിഭാഗത്തിൻെറ കൈവശമാണ് ഈ സ്ഥലങ്ങൾ വിട്ടുകൊടുക്കാൻ പോകുന്നത് എന്നും, അതിനുശേഷം ഭരണപരമായും മതപരമായും ഈ ക്ഷേത്രങ്ങളേയും മററും സംബന്ധിച്ച് ഈശ്വരഭക്തിയും മനുഷ്യത്വവുമുള്ള പല ആളുകൾക്കും പല വികാരങ്ങളും ഉണ്ടായി അവിടെ ഇനിമേൽ എന്തെല്ലാം വിപ്ലവങ്ങളാണ് ഉണ്ടാകാനിടയുള്ളതെന്നും നാം ആലോചിക്കണം.

ശ്രീ. എ. ചിദംബരനാഥനാടാർ: മത്സ്യത്തെ സൃഷ്ടിച്ചതും ഈശ്വരനല്ലേ?

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്:</u> മീനിനെ സൃഷ്ടിച്ചതും മെംബറെ സൃഷ്ടിച്ചതും എല്ലാപേരെയും സൃഷ്ടിച്ചതും ഈശ്വരൻ തന്നെ. ഞാൻ ചോദ്യങ്ങൾക്ക് ഉത്തരം പറയണമെന്ന് വിചാരിക്കുന്നില്ല.

<u>ശ്രീ. എസ്. ശേഷാദ്രിനാഥശർമ്മ:</u> മെംബർ പറയുന്നു തമിഴ് പ്രദേശങ്ങളിൽ ഹിന്ദുക്കൾ ഇല്ലേ?

<u>ശ്രീ. എൻ. നാരായണക്കുറുപ്പ്:</u> ഉണ്ട്. തമിഴ് പ്രദേശങ്ങളിൽ ധാരാളം ഹിന്ദുക്കൾ ഉണ്ട്. മെംബറെപ്പോലെയുള്ള ആളുകൾ ആണെങ്കിൽ ഇങ്ങനെയെല്ലാം സംഭവിക്കുകയും ചെയ്യും.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് ഇവിടെയുള്ള ദേവസ്വങ്ങളുടെ ഭരണം നടത്തുന്നതിലേക്കുവേണ്ടി ഒരു ദേവസ്വം ബോർഡു രൂപീകരിക്കുകയും ആ ദേവസ്വംബോർഡ് ഇപ്പോൾ തെക്കൻതിരുവിതാംകൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ദേവസ്വങ്ങളുടെ ഭരണം നടത്തിവരികയുമാണ്. തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ വിദ്യാരംഭം നടത്തിവരുന്ന പൂജവയ്പ്പു സംബന്ധിച്ച്, പത്മനാഭപുരം കൊട്ടാരത്തിൽ നിന്ന് രാജകുടുംബത്തിന്റെ പരദേവതയായ സരസ്വതിയെ വലിയ ആഡംബരത്തോടുകൂടി ആനപ്പുറത്ത് എഴുന്നെള്ളിച്ച് കുമാരസ്വാമിയുടെ അകമ്പടിയോടുകൂടി പൂജവയ്പ് ഉത്സവം നടത്തിവരുന്ന ഒരു ആചാരം വളരെ കാലമായി നടന്നുവരുന്നത് ഇനിയും ആവർത്തിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിലായിത്തീരുന്നതു വളരെ ഹൃദയവേദനയുണ്ടാക്കുന്ന ഒരു കാര്യമാണ്.

ഇനി ഒരു സംഗതി പറയുവാനുള്ളത് നാഗർകോവിലിലെ ക്ഷയരോഗാശുപത്രിയുംകൂടി വിട്ടുപോകുന്നതിനെപറ്റിയാണ്. വളരെ പണം മൂലധനം മുടക്കിയിട്ടുള്ളതും ഇപ്പോഴും വളരെയധികം പണം ചെലവുചെയ്തിട്ടുള്ളതുമായ നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ഇപ്പോൾ വളരെയധികം രോഗികൾ ചികിത്സയിലിരിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ തന്നെ വളരെപ്പേർ ക്ഷയരോഗബാധിതരായിട്ടുണ്ട്. ഇതു് ഇപ്പോൾ തെക്കെഇൻഡ്യയിലുള്ള ക്ഷയരോഗാശുപത്രികളിൽവച്ച് ഒന്നാംതരമായ ഒരു ആശുപത്രിയാണ്. തെക്കൻതിരുവിതാംകൂറിലെ മേൽപറയപ്പെട്ട താലൂക്കുകൾ മദ്രാസിൽ ചേർന്നാൽ അവിടെയുള്ള ക്ഷയരോഗികൾക്കു മുഴുവനും സീറ്റുകൾ ലഭിച്ചതിനുശേഷം നമ്മുടെ സംസ്ഥാനത്തുള്ള ക്ഷയരോഗികൾക്ക് എത്ര സീറ്റാണു ലഭിക്കാൻ ഇടയുള്ളതു് എന്നു ഞാൻ ചോദിക്കുന്നു. ഇക്കാര്യവും നാം ആലോചിക്കേണ്ട ഒന്നാണ്.

സർ, ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. എന്റെ തമിഴ്നാട്ടു സ്നേഹിതന്മാർ ദേവികുളവും പീരുമേടും താലൂക്കുകൾകൂടി വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ദേവികുളം, പീരുമേട്, ചിറ്റൂർ, നെയ്യാറ്റിൻകര ഈ താലൂക്കുകൾ എല്ലാംകൂടി ചേർത്ത് രണ്ടായിരം ചതുരശ്രമൈൽ വിസ്താരമുള്ള സ്ഥലംകൂടി, രൂപീകരിക്കുവാൻപോകുന്ന കേരളസംസ്ഥാനത്തിൽ നിന്നും വേർപെടുത്തി മദ്രാസ് സംസ്ഥാനത്തിലേക്ക് ചേർക്കണമെന്നുള്ളതാണ് അവരുടെ അഭിപ്രായം. ഇപ്പോൾ തന്നെ ഏറ്റവും ചെറുതായ ഈ സംസ്ഥാനത്തിൽ നാലും, അതായത് വെറും 14900 ചതുരശ്രമൈൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

മാത്രം ഉള്ള ഈ സംസ്ഥാനത്തിൽ നിന്നും, രണ്ടായിരം ചതുരശ്രമൈൽ സ്ഥലം കൂടി വേർപെടുത്തുമ്പോൾ, ഇന്നത്തേതിൽ നിന്നും വളരെ ചെറുതായിട്ടുള്ള അതായത്, ഏകദേശം പന്തീരായിരം ചതുരശ്രമൈൽ മാത്രം വിസ്താരമുള്ള ഒരു സംസ്ഥാനമായിത്തീരും. ഇവിടെ നിന്നും അപ്രകാരം കുറെ സ്ഥലം വേർപെടുത്തിക്കൊണ്ടുപോകുന്നതിനു പകരം, മററു വടക്കൻ പ്രദേശങ്ങളിൽ നിന്നോ മറേറാ, അതായത് മദ്രാസിൽ നിന്നോ, നീലഗിരി ഡിസ്ട്രിക്ടിൽ നിന്നൊ, ഇത്ര ഏരിയാ സ്ഥലം വിട്ടുകിട്ടണമെന്നു ഇവിടെ ആരും തന്നെ വാദിച്ചതായി കണ്ടില്ല എന്നുള്ള കാര്യത്തിൽ ഞാൻ ഖേദിക്കുകയാണ്. കേരളസംസ്ഥാനത്തുനിന്നും കൊണ്ടുപോകുന്ന രണ്ടായിരത്തോളം ചതുരശ്രമൈൽ സ്ഥലത്തിനു പകരം വടക്കൻ ദിക്കുകളിൽ നിന്നും നാലായിരമൊ അയ്യായിരമൊ ചതുരശ്രമൈൽ സ്ഥലം നമുക്കു വിട്ടുകിട്ടുന്നത് ....

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പകരം സ്ഥലം കിട്ടുകയാണെങ്കിൽ ഈ താലൂക്കുകൾ വിട്ടുകൊടുക്കുന്നതു സമ്മതമാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: വെറുതെ കണ്ണുക്ഷോഭം ചെയ്യേണ്ട കാര്യമില്ല. ഞാൻ ചോദ്യങ്ങൾക്കൊന്നിനും ഉത്തരം പറയുന്നില്ല. അതിനാൽ തെക്കൻതിരുവിതാംകൂറിലെ ഈ താലൂക്കുകൾ വേർപെടുത്തിയിട്ടു ഒരു തുമ്പില്ലാത്ത കേരളസംസ്ഥാനം സൃഷ്ടിക്കുന്ന കാര്യത്തിൽ എസ്. ആർ. സി. റിപ്പോർട്ടിൽ ചെയ്തിട്ടുള്ള ശുപാർശ ഈ നിയമസഭയിൽ ഉള്ള ഒരു പാർട്ടിയിലും പെട്ട അംഗങ്ങൾ സ്വീകരിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളത്. തലസ്ഥാനം മാററിക്കിട്ടാനായി വടക്കൻ ദിക്കുകളിലുള്ള ചില ആളുകൾ റിപ്പോർട്ടനുസരിച്ചുള്ള കേരളസംസ്ഥാനം കിട്ടാനായി വാദിച്ചെന്നു വരാം. ചില പാർട്ടികൾ, തെക്കൻതിരുവിതാംകൂർ വിട്ടുപോയാൽ അവരുടെ പാർട്ടിക്കു ഭരണം നടത്താമെന്നുള്ള വ്യാമോഹത്തോടുകൂടി ഈ റിപ്പോർട്ടിനെ അനുകൂലിക്കുകയായിരിക്കാം. ഞാൻ പറയുന്നത് ആ വക വിചാരങ്ങളും മററും ഉപേക്ഷിച്ച്, ചരിത്രപരമായി നോക്കിയാലും ഭൂമിശാസ്ത്രപരമായി നോക്കിയാലും പ്രാദേശിക സ്ഥിതികൾ നോക്കിയാലും, സാമ്പത്തികമായോ ഭരണപരമായോ നോക്കിയാലും, തിരുവിതാംകൂർ–കൊച്ചിയിലെ ഏററവും വികസിതപ്രദേശമായ റോഡുകളും, ആശുപത്രികളും, കൃഷിസ്ഥലങ്ങളും, ഉപ്പളങ്ങളും, ഉൾക്കൊള്ളുന്ന സ്ഥലങ്ങളാണെന്നുള്ള പരിഗണനവച്ചു നോക്കിയാലും, വിദ്യാഭ്യാസത്തിൽ പുരോഗമിച്ചിട്ടുള്ളതു നോക്കിയാലും കേരളസംസ്ഥാനത്തിൽ തന്നെ നിൽക്കേണ്ടതായ ഈ തെക്കൻ താലൂക്കുകൾ വിട്ടുകൊടുക്കാതെയിരിക്കുന്ന കാര്യത്തിൽ എല്ലാവരും ഒത്തൊരുമിച്ചു നിൽക്കണമെന്നാണ്. കന്യാകുമാരിമുതൽ ഗോകർണ്ണം വരെയുള്ള ഒരു കേരളസംസ്ഥാനത്തിനുവേണ്ടി ശക്തിയായി കേന്ദ്രഗവണ്മെൻറിനെ അറിയിക്കണമെന്നും, ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, സംസ്ഥാനപുനഃസംഘടനാകമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് കഴിഞ്ഞ മൂന്നു ദിവസങ്ങളായി ഈ സഭയിൽ ചർച്ച നടക്കുകയാണ്. ഞങ്ങളുടെ പാർട്ടിയുടെ നിലപാടിനെ സംബന്ധിച്ചു ടത്തോളം പറയുകയാണെങ്കിൽ പൊതുവേ ഈ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിനെ സ്വാഗതം ചെയ്യുകയാണ്. എനിക്കു മുമ്പ് പ്രസംഗിച്ച രണ്ടു മെംബറന്മാർ അതു് ഇവിടെ സൂചിപ്പിച്ചിട്ടുമുണ്ടു്. ഇപ്പോൾ കമ്മിഷൻ റിപ്പോർട്ടു ചെയ്തിട്ടുള്ളതു കൂടാതെ മലബാറിന്റെ അവിഭാജ്യഘടകമായ ഗൂഡല്ലൂരും, ലക്ഷദ്വീപും, മാലദ്വീപും കേരളസംസ്ഥാനത്തിൽ ഉൾപ്പെടുത്തണമെന്നുള്ള അഭിപ്രായവും ഉണ്ടു്. അങ്ങിനെ ആ ദ്വീപുകൾ കൂട് കേരളസംസ്ഥാനത്തിൽ ഉൾപ്പെടുത്തിയാൽ, അതിന്റെ സംരക്ഷണത്തിലേക്കും മററുമായി ഒരു ഗ്രാൻറ് സെൻട്രൽ ഗവണ്മെൻറിൽ നിന്നും നമുക്കു ലഭിക്കേണ്ടതും അതു നമ്മുടെ ഗവണ്മെൻറ് ആവശ്യപ്പെട്ടു വാങ്ങിക്കേണ്ടതുമാണ്.

കേരളസംസ്ഥാനത്തിൽ നിന്നും വിടുത്താനുദ്ദേശിക്കുന്ന താലൂക്കുകളിൽ, ചെങ്കോട്ട താലൂക്കിനെ സംബന്ധിച്ചിടത്തോളം, കമ്മീഷൻ ആ സ്ഥലത്തു പോയി നോക്കാതെയാണ് ഇങ്ങനെ റിപ്പോർട്ടു ചെയ്തിട്ടുള്ളതെന്നു തോന്നുന്നു. ചെങ്കോട്ടതാലൂക്കിനെപ്പററി കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:—

"Shencotta is partly an enclave and the percentage of the Tamil-speaking population in this Taluk is about 93. Physically and geographically it belongs to the Tinnevelly District."

വാസ്തവത്തിൽ കമ്മിഷൻ ആ സ്ഥലത്തു പോയി അവിടം സന്ദർശിച്ചിരുന്നെങ്കിൽ, ഇപ്രകാരം ഒരു നിഗമനത്തിൽ എത്തിച്ചേരുകയില്ലായിരുന്നു. ചെങ്കോട്ട താലൂക്കിലെ അഞ്ചു് പകുതികൾ മദ്രാസ്സംസ്ഥാനത്തിലേയ്ക്കു് കയറിക്കിടക്കുകയാണ്. ബാക്കി പകുതികൾ കേരളസംസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ പ്രദേശങ്ങൾ ഇതിനുമുമ്പ് പത്തനാപുരം താലൂക്കിൽ ഉൾപ്പെടുത്തിയിരിക്കുകയായിരുന്നു. ഭരണസൗകര്യത്തിനുവേണ്ടി ചെങ്കോട്ട താലൂക്കിൽ കുറെ നാളുകൾക്കു് മുമ്പ് ചേർത്തതാണ്. അവിടെ മൂന്നു സ്കൂളുകൾ ഉള്ളതുതന്നെ മലയാളം സ്കൂളുകളാണ്. ഇവയെല്ലാംതന്നെ അവിടെ മലയാളികളാണ് കൂടുതൽ താമസിക്കുന്നതെന്നുള്ളതിനു് തെളിവാണ്. അവിടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ യോഗം കൂടി ആ സ്ഥലം മദ്രാസ്സംസ്ഥാനത്തിൽ ലയിപ്പിക്കരുതെന്നും കേരളസംസ്ഥാനത്തിൽതന്നെ ഉൾപ്പെടുത്തണമെന്നും അഭിപ്രായങ്ങൾ രേഖപ്പെടുത്തി അയച്ചിരിക്കുകയാണ്. തെക്കൻതിരുവിതാംകൂറിലെ, വിട്ടുകൊടുക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുന്ന താലൂക്കുകളെപ്പററി സംസാരിക്കുമ്പോൾ തമിഴ്നാട്ടുമെംബറന്മാരും, കാൺഗ്രസ് മെംബറന്മാരിൽ ശ്രീ. നാരായണക്കുറുപ്പു മുതലായവരും വളരെ ആവേശം കൊള്ളുന്നതായി നാം കണ്ടതാണ്. തമിഴ്നാട്ട് കാൺഗ്രസിന്റെ ഡിക്ടേറർ ആയിരുന്ന ശ്രീമാൻ കുഞ്ഞൻ നാടാരുടെ വാദഗതികളൊന്നുംതന്നെ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം യുക്തമായിട്ടുള്ളതല്ല. 1948 മുതൽ ഇവിടെ അധികാരത്തിൽ ഇരുന്ന കക്ഷികൾ, ദിവാൻഭരണമായാലും, പട്ടത്തിന്റെ ഭരണമായാലും, കാൺഗ്രസിന്റെ ഭരണമായാലും ശരി തെക്കൻതിരുവിതാംകൂറിൽ നടത്തിയിട്ടുള്ള ചില വെടിവയ്പുകളെയും അതിന്റെ കാരണങ്ങളേയും സംബന്ധിച്ചാണ് പ്രസംഗിച്ചതു്. അവർക്കു പിരിഞ്ഞുപോകാനുള്ള ഒരു പ്രധാന കാരണം ഈ വെടിവയ്പ്പാണെന്നു പറഞ്ഞു. ഈ നാട്ടിൽ നടന്നിട്ടുള്ള പോലീസ് മർദ്ദനങ്ങളേയും വെടിവയ്പുക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി.]

ളേയും സംബന്ധിച്ച് ശ്രീ. കുഞ്ഞൻനാടാരും, അദ്ദേഹത്തിന്റെ പാർട്ടിയും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് സഖാവ് ബാലകൃഷ്ണൻ സഭയിൽ പറയുകയുണ്ടായി.

ശ്രീ. എ. കുഞ്ഞൻനാടാർ: തമിഴ്നാട്ടി പോലീസുമർദ്ദനവും വെടിവയ്പും നടത്തിയ പി. എസ്. പി. ഗവണ്മെന്റിനു്, മെംബറും, മെംബറുടെ പാർട്ടിയും കൂട്ടുനിന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. പ്രാക്കുളം ഭാസി: ഇത്രവളരെ വിസ്തീത്തരം ബഹുമാനപ്പെട്ട മെംബറിൽനിന്നും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. പി. എസ്സ്. പി–ക്കു വേണ്ടി വക്കാലത്തു പിടിക്കുകയൊ, അവരെ പിൻതുണ നൽകി സഹായിക്കുകയൊ ചെയ്യേണ്ട ആവശ്യം ഞങ്ങളുടെ പാർട്ടിക്കു നേരിട്ടിട്ടില്ല. ശ്രീ. കുഞ്ഞൻനാടാർ ഈ കാര്യങ്ങൾ പറയുമ്പോൾ വളരെയേറെ വികാരാവേശം കാണിക്കാറുണ്ടെങ്കിലും അദ്ദേഹത്തിനു അത്രമാത്രം ആത്മാർത്ഥതയുണ്ടോ എന്നു എനിക്കു സംശയമാണു്. കാൺഗ്രസ്സ് പ്രക്ഷോഭണകാലത്തു, കരുനാഗപ്പള്ളിയിൽ, ഒരു യോഗത്തിൽ സംബന്ധിക്കുന്നതിനു് ശ്രീ. കുഞ്ഞൻനാടാർ വരികയുണ്ടായിട്ടുണ്ടു്. അന്നു് അദ്ദേഹം ഒരു തനി കാൺഗ്രസ്സുമെംബറായിരുന്നു. അക്കാലത്തു് അദ്ദേഹം സ്വപ്നത്തിൽ പോലും വിചാരിച്ചിരിക്കാനിടയില്ല ഒരു തമിഴ്നാടുകാൺഗ്രസ്സ് നേതാവാകുമെന്നു്. സർ. സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്തു, തൃശ്ശൂർവച്ചു കൊച്ചി മഹാരാജാവിന്റെ അനുഗ്രഹാശിലാഷങ്ങളോടുകൂടി ഐക്യകേരളപ്രസ്ഥാനത്തിന്റെ പ്രക്ഷോഭണം നടന്ന കാലത്തു, അതിനൊരു പ്രതിവിധിയായി സർ. സി. പി. രാമസ്വാമി അയ്യർ കണ്ടുപിടിച്ചതാണു് തമിഴ്നാടുവാദം എന്നതു ഒരു ചരിത്രസത്യം മാത്രമാണു്. ജനങ്ങളെ സംബന്ധിച്ചിടത്തോളം, ഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമുക്കു തെക്കൻ തിരുവിതാംകൂറിലെ ഇന്നത്തെ സ്ഥിതി ന്യായീകരിക്കാവുന്നതാണെങ്കിലും സർ. സി. പി–യുടെ കാലത്തു ഐക്യകേരളപ്രക്ഷോഭണത്തെ എതിർക്കാൻവേണ്ടി, കൊച്ചി മഹാരാജാവിന്റെ ആ സംരംഭത്തെ പ്രോത്സാഹിപ്പിക്കാതിരിക്കാൻവേണ്ടി തെക്കൻ തിരുവിതാംകൂറിലെ ഒന്നുരണ്ടു പ്രമാണികളെ വിളിച്ചു തമിഴ്നാടുവാദത്തിന്റെ ഒരു വിത്തുപാകിയതാണെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ല. അതാണു ക്രമേണ വളർച്ച പ്രാപിച്ചു ഈ നിലയിലായിരിക്കുന്നതു്. അതുകൂടാതെ, ശ്രീ പട്ടം താണുപിള്ള ആദ്യമായി ഭരണഭാരം ഏൽക്കുന്നതിനു് മുമ്പുള്ള തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പാർട്ടിയോടു് തമിഴ്നാടു പ്രതിനിധികൾക്കു കേവലം നാലോ, അഞ്ചോ സീററുകൾ നൽകണമെന്നു ആവശ്യപ്പെടുകയുണ്ടായി. ശ്രീ. പട്ടം അതു അനുവദിച്ചുകൊടുത്തില്ല. അങ്ങനെ ആ നാട്ടിലെ ജനതയുടെ വികാരങ്ങൾ ആവേശംകൊള്ളുമാറു അവർക്കുണ്ടായ സംഘടന കൂടുതൽ ശക്തി പ്രാപിക്കുകയും അവിടത്തെ ഭൂരിപക്ഷം ഉൾക്കൊള്ളുന്ന തമിഴ് സംസാരിക്കുന്നവരുടെ പിൻബലത്തോടുകൂടി ശ്രീ. നേശമണിയും, ശ്രീ. കുഞ്ഞൻനാടാരും മററും നേതാക്കന്മാരായിത്തീരുകയും ചെയ്യുകയുണ്ടായി. അങ്ങനെയൊരു പരിതഃസ്ഥിതിയിൽ ഭൂരിപക്ഷം ജനതയുടെ നേതൃത്വം കരസ്ഥമാക്കാൻ സാധിച്ചെങ്കിലും അവിടത്തെ സാമാന്യജനങ്ങളുടെ വളർച്ച ഇന്നും പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും, ഒരുപക്ഷെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുണ്ടായിരുന്ന നേതൃത്വം തെക്കൻ തിരുവിതാംകൂറിന്, തമിഴ്നാട്ടുകളിൽ ശ്രീ. നേശമണിക്കും, ശ്രീ. കുഞ്ഞൻനാടാർക്കും തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത ഒരു നില അവിടെയുണ്ടാകുമെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു. അവരുടെ നേതൃത്വം തള്ളിനീക്കിക്കൊണ്ട് അവിടത്തെ ജനത ഉയർന്നുവരികയാണെന്നും പലതരത്തിലും ആ നേതൃത്വം ഇനിയും തുടർന്നുപോകാൻ സാധിക്കുന്നതല്ലെന്നും ഞങ്ങൾക്ക് അഭിപ്രായമുണ്ട്.

സർ, തെക്കൻ താലൂക്കുകളെ സംബന്ധിച്ചിടത്തോളം, അവ മദ്രാസിലേയ്ക്കു വിട്ടുകൊടുക്കാതിരിക്കാനുള്ള കാരണങ്ങളിൽ പ്രധാനമായി ശ്രീ. എൻ. നാരായണക്കുറുപ്പ് ഉന്നയിച്ചതു്, അവിടെ കന്യാകുമാരി, ശുചീന്ദ്രം, കുമാരകോവിൽ തുടങ്ങിയ പുണ്യക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നുവെന്നും, വേലുത്തമ്പിയുടെ മൂലകുടുംബം അവിടെയാണെന്നും മററുമാണ്. ഈ വക കാര്യങ്ങളൊന്നും അതിനു മതിയായ കാരണങ്ങളായി ഉന്നയിക്കുന്നതു ശരിയല്ല. ശ്രീ. പട്ടം താണുപിള്ള സാമുദായികമായ ചില കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ തെക്കൻതാലൂക്കുകളെപ്പററി പറയുന്നു. അദ്ദേഹം തെക്കൻ താലൂക്കുകൾ മദ്രാസിൽ ചേർക്കരുതെന്നും, കേരളത്തിൽ തന്നെ ഉൾപ്പെടുത്തണമെന്നും പറയുന്ന കാരണം കൊണ്ടുതന്നെ ഒരുപക്ഷെ, അവിടത്തെ ആളുകൾ കേരളത്തിൽ ചേർന്നിരിക്കാൻ ആഗ്രഹിക്കുന്നവർപോലും മദ്രാസിനോടുചേരണമെന്നു പറഞ്ഞേയ്ക്കും. ഞാൻ ശ്രീ. താണുപിള്ളയെ കുററപ്പെടുത്തി പറയുകയല്ല. അങ്ങനെയുള്ള ഒരു സാഹചര്യമാണ് തെക്കൻ തിരുവിതാംകൂറിലെ ആളുകളെ സംബന്ധിച്ചിടത്തോളം ഇന്നു നിലവിലുള്ളതെന്ന കാര്യം അദ്ദേഹം മനസ്സിലാക്കണം. അവരുടെ വാദഗതിയിൽ, എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയായിരിക്കും ശ്രീ. പട്ടം ഇങ്ങനെയൊരു അഭിപ്രായംകൊണ്ടുവന്നാൽ ഉണ്ടാകുക.

സർ, കേവലം വികാരപരമായ കാരണങ്ങളാൽ ആളുകളുടെ പ്രത്യേക താല്പര്യങ്ങൾമൂലം സംസ്ഥാനപുനഃസംഘടനാപ്രശ്നത്തെ തുടർന്നു ഈയിടെ ബാംബെയിലും മററുമുണ്ടായതുപോലെയുള്ള അനിഷ്ടസംഭവങ്ങൾ ഒന്നുംതന്നെ ഇവിടെ ഉണ്ടാകാതിരിക്കാൻ നാം ഈവക കാര്യങ്ങൾ വളരെ ചിന്തിച്ചും, ബോധപൂർവ്വവും കൈകാര്യം ചെയ്യണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട ഈ സഭയെ അറിയിക്കാനുള്ളതു്. ഭാഷാപര പ്രവിശ്യകളെപ്പററി കാൺഗ്രസ്സുകാർക്കും അഭിപ്രായൈക്യമുണ്ടായിരുന്നതായി നമുക്കറിയാം. 1920 മുതൽ 1947 വരെ കാൺഗ്രസ്സുകാർ ഈ അഭിപ്രായക്കാരായിരുന്നു. 1947 മുതലാണ് കാൺഗ്രസ്സിനു ഈ കാര്യത്തിലുള്ള അഭിപ്രായം മാറിയതു്. അതിനുമുൻപു കാൺഗ്രസ്സുകാരും ഭാഷാപരപ്രവിശ്യാവാദത്തെ അനുകൂലിച്ചിരുന്നുവെന്നു കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. 1947-നുശേഷം കാൺഗ്രസ്സു ഭരണാധികാരത്തിൽ വന്നപ്പോഴാണു അവർ അഭിപ്രായം മാററിയിരിക്കുന്നതു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും ആ അഭിപ്രായം മാററിയില്ല. തെക്കൻ തിരുവിതാംകൂറിലെ താലൂക്കുകളെ സംബന്ധിച്ചിടത്തോളം, വളരെയധികം ആലോചനയോടുകൂടി, വളരെയധികം ഉത്തരവാദിത്വബോധത്തോടുകൂടിയ ഒരു നിലപാട് സ്വീകരിക്കേണ്ടതായ ബാദ്ധ്യത ഈ സഭയ്ക്കുണ്ടെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു. മറെറാരു പ്രധാന സംഗതി ദേവികുളം പീരുമേടിനെ സംബന്ധിച്ചുള്ളതാണ്. ദേവികുളം പീരുമേട് താലൂക്കുകളെ സംബന്ധിച്ചിടത്തോളം തമിഴ്നാട്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

സ്നേഹിതന്മാരെക്കാൾ കൂടുതൽ ആവേശത്തോടും അവകാശബോധത്തോടും സംസാരിക്കാനുള്ള അർഹതയുണ്ടെന്നുള്ള ബോധത്തോടുകൂടിയാണ് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. പീരുമേടു താലൂക്കിലെ തേയില ത്തോട്ടം തൊഴിലാളികളുടെ സംഘടനയായ, ഹൈലാൻറ് പ്ലാന്റേഷൻ യൂണിയന്റെ പ്രസിഡന്റ എന്നുള്ള നിലയിൽ അവിടത്തെ കാര്യങ്ങൾ കൂടുതൽ സംസാരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദേവികുളം പീരുമേടു താലൂക്കുകൾ മദ്രാസ് സംസ്ഥാനത്തോടു ലയിപ്പിക്കണമെന്നു പറയുന്നതു അവിടെ തമിഴ സംസാരിക്കുന്നവർ കൂടുതലുണ്ടെന്നുള്ള ഒരു വാദഗതിയെ ആസ്പദമാക്കിയാണ്. ആ അഭിപ്രായം ഇവിടെ തമിഴനാടു സ്നേഹിത ന്മാക്കും മദ്രാസ്‌സംസ്ഥാനമന്ത്രിമാക്കും ഉള്ളതായി കാണുന്നു. സർ, കഴിഞ്ഞ അക്ടോബർ 21-ാംതീയതി മദ്രാസ് പോലീസുവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, ദേവികുളത്തു കണ്ണൻദേവൻ കമ്പനിയുദ്യോഗസ്ഥനായ മിസ്റ്റർ മാക്കിന്റെ അതിഥിയായി താമസിച്ചതും, എന്തെല്ലാമോ ചില അന്വേഷണങ്ങൾ നടത്തി സ്ഥിതിവിവരങ്ങൾ ശേഖരിച്ചതും മററും ഞാൻ പത്രപ്രസ്താവനമൂലം വെളിപ്പെടുത്തിയിരുന്നു. സംസ്ഥാനത്തെ ആഭ്യന്തരമന്ത്രി ആ വിവരം ശരിയാണെന്നും സമ്മതിച്ചിട്ടുണ്ട്.

ശ്രീ. എ. ജെ. ജാൺ: പത്രത്തിൽ ഇങ്ങനെയൊരു വാത്ത കണ്ടു എന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. പ്രാക്കുളം ഭാസി: പോലീസു റിപ്പോർട്ടു അയച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു ലഭിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: അതിനെപ്പററി അന്വേഷിക്കാതിരിക്കുന്നതു ഗവണ്മെന്റിന്റെ അനാസ്ഥയായിട്ടാണോ കരുതേണ്ടതു്? കമ്മിഷൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ടു്, ദേവികുളം പീരുമേടു് കേരള സംസ്ഥാനത്തോടു ഉൾപ്പെട്ടു നിൽക്കേണ്ടതാണെന്നു്. ജനങ്ങൾക്കും അതൊരഭിലാഷമായിരിക്കുമ്പോൾ, മദ്രാസ് ഗവണ്മെന്റ് ഗൂഢമായി ഇങ്ങനെ ഒരു ഉദ്യോഗസ്ഥനെ അയച്ചു രഹസ്യമായ അന്വേഷണം നടത്തുന്ന ചാരവൃത്തിയെപ്പററി ഗവണ്മെന്റ അന്വേഷണം നടത്താതിരിക്കുന്നതു ശരിയാണോ?

ശ്രീ. കെ. കരുണാകരൻ: മദ്രാസ് സംസ്ഥാനത്തുനിന്നും ഒരു ഉദ്യോഗസ്ഥൻ ഈ സംസ്ഥാനത്തു പ്രവേശിക്കുന്നതു ചാരവൃത്തിയാകുമോ?

ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെ വരണമെന്നുണ്ടെങ്കിൽ ആ വിവരം ഈ സംസ്ഥാനത്തെ ഗവണ്മെന്റിനെ അറിയിച്ചിട്ടുവേണമെന്നുണ്ടു്. കാര്യം വേണ്ടപോലെ മനസ്സിലാക്കാതെ, വസ്തുതകൾ പറയുമ്പോൾ വികാരം കൊള്ളാനും ചോദ്യം ചോദിക്കാനും പുറപ്പെടരുതു്. ആവശ്യമില്ലാതെ വികാരം കൊള്ളാതിരിക്കണം. നിസ്സാരമായി തള്ളിക്കളയേണ്ട ഒരു കാര്യമല്ലിതു്.

ശ്രീ. പി. കെ. കുഞ്ഞു്: കമ്മിഷൻ റിപ്പോർട്ടിന്റെ ശുപാർശയ്ക്കു വിപരീതമായി, ഈ ഗവണ്മെന്റിന്റെ അറിവുകൂടാതെ ഇങ്ങനെ ചില ഗൂഢപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെപ്പററി ഈ ഗവണ്മെന്റ ശരിയായ അന്വേഷണം നടത്തേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി: തീർച്ചയായും ഗവൺമെൻറിൻെറ ചുമതലയാണതു്. തിരുവിതാംകൂർ-കൊച്ചിയിലെ ഒരു പ്രമുഖ തോട്ടംഉടമയായ ശ്രീ. എ. വി. തോമസ്സിൻെറ മകളുടെ ഭർത്താവായാലും, ഈമാതിരി ചാരവൃത്തികൾ ഒരു സംസ്ഥാനത്തിനെതിരായി ചെയ്ത ഉദ്യോഗസ്ഥനെക്കുറിച്ചു് അന്വേഷണം നടത്തി കർശനമായ നടപടി നടത്തേണ്ടതായിരുന്നു. ഇവിടെ കണ്ടസ്സാംകടവിലും മററും ഉണ്ടാകുന്ന തൊഴിലാളിപ്രശ്നങ്ങൾ സംബന്ധിച്ചു ലാത്തിച്ചാർജ്ജും മർദ്ദനങ്ങളും ഉണ്ടാകുമ്പോൾ, അതിനെപ്പററി ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രി പറയാറുണ്ടു്, ഇവിടെ ഒരു ഗവൺമെൻറുണ്ടു്, ഞാൻ ഇവിടത്തെ ആഭ്യന്തരവകുപ്പുമന്ത്രിയാണു്, കാര്യങ്ങളെല്ലാം വഴിപോലെ നടക്കുമെന്നു്. തൊഴിലാളികളുടെ കാര്യത്തിൽ ഇത്ര ചുമതലകൾ നിർവ്വഹിക്കുന്ന മന്ത്രി എന്തുകൊണ്ടു ഏററവും ഗൗരവതരമായി കരുതേണ്ട ഈമാതിരി ചാരവൃത്തികൾ ഉണ്ടായാൽ അന്വേഷണം നടത്താതിരിക്കുന്നുവെന്നാണു മനസ്സിലാകാത്തതു്.

ദേവികുളം പീരുമേടു താലൂക്കുകളെപ്പററി പറയുമ്പോൾ ചില സ്ഥിതിവിവരങ്ങൾ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. 1951-ലെ സെൻസസ്സുപ്രകാരം, ഹൈറേഞ്ചു് എന്നു പറയുന്ന ദേവികുളം പീരുമേടു പ്രദേശങ്ങളിലെ ജനസംഖ്യയും വിസ്തീർണ്ണവും ഇപ്രകാരമാണു്. ദേവികുളത്തു 668 ചതുരശ്രമൈൽ വിസ്തീർണ്ണവും, 86,185 ആളുകളും, പീരുമേടിൽ 451 ചതുരശ്രമൈൽ വിസ്തീർണ്ണവും, 96,289 ജനസംഖ്യയും. ഈ കണക്കുകൊണ്ടുതന്നെ മനസ്സിലാക്കാവുന്നതാണു് അവിടെ അധികം പ്രദേശവും റിസർവ്വു് ഫാറസ്റ്റു് ആണെന്നു്. ദേവികുളം പീരുമേടു താലൂക്കുകളിൽ തേയിലത്തോട്ടങ്ങളിലും, ഏലത്തോട്ടങ്ങളിലും, റബ്ബർതോട്ടങ്ങളിലും മററും പണിയെടുക്കുന്ന തൊഴിലാളികളുടെ ഭൂരിപക്ഷം നോക്കിയാണു് ആ ഭാഗം മദ്രാസിൽ ലയിപ്പിക്കണമെന്നു എൻെറ തമിഴ് സ്നേഹിതന്മാർ വാദിക്കുന്നതു്. സർ, ഒരു ഐക്യ തമിഴകവാദത്തിൻെറ അടിസ്ഥാനത്തിലായിരുന്നില്ല കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു മലയാളികളായ എല്ലാ തോട്ടംഉടമകളും മററും തമിഴ്നാടു് സ്ഥാനാർത്ഥികളെ സഹായിച്ചിട്ടുള്ളതെന്നു് ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. കോട്ടയത്തു ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള (സ്വരാജ് കമ്പനി മാനേജിംഗ് ഡയറക്ടർ), പാർക്കിൻസ് കമ്പനി ലിമിററഡ് മാനേജർ ശ്രീ. ശ്രീനിവാസയ്യർ തുടങ്ങി പലരും അന്നു ഈ അടിസ്ഥാനത്തിൽ ആയിരുന്നില്ല തിരഞ്ഞെടുപ്പുപ്രചരണവും ശ്രമങ്ങളും നടത്തിയിട്ടുള്ളതു്. ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പുകാലത്തും തമിഴ്നാടു പ്രതിനിധികൾക്കു അനുകൂലമായ ഒരു നിലയാണു് അവർ സ്വീകരിച്ചിരുന്നതു്. മിസ്റ്റർ ശർമ്മ തന്നെ തമിഴ്നാടുസ്ഥാനാർത്ഥിയായിട്ടാണു് നിന്നതെങ്കിലും ഈ കൂട്ടുകെട്ടിൻെറ ഫലമായിട്ടാണു ജയിച്ചതെന്നു് അദ്ദേഹംതന്നെ സമ്മതിക്കുമെന്നാണെൻെറ വിശ്വാസം. തിരഞ്ഞെടുപ്പിൽ ഉണ്ടായ വിജയത്തിൻെറ മാനദണ്ഡത്തിൽ മലയാളികളെയും തമിഴരെയും കണക്കുകൂട്ടുന്നതു ശരിയായിരിക്കുകയില്ലെന്നു ഈ വക കാര്യങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതാണു്. തിരഞ്ഞെടുപ്പിലെ വിജയങ്ങൾ മിക്കവാറും സ്വാധീനശക്തി, പണസ്വാധീനം, മററു കൂട്ടുകെട്ടുകളുടെ ആനുകൂല്യം എന്നീ കാര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

ങ്ങളാൽ ഉണ്ടാകുന്നതാണ്. പീരുമേടുതാലൂക്കിൽ പഞ്ചായത്തുകൾ രൂപീകരിച്ചതിൽ ഏലപ്പാറ പഞ്ചായത്തിനു മാത്രമെ ഒരു തമിഴ്നാടു കാൺഗ്രസ്സ് പ്രസിഡൻറ് ലഭിച്ചിട്ടുള്ളു. ആ തമിഴ്നാടു മെംബർ തന്നെ പാലക്കാട്ടുകാരനായ ഒരു മലയാളിയായ ശ്രീ. നാരായണ സ്വാമിയാണ്. പഞ്ചായത്തു തിരഞ്ഞെടുപ്പിൽ തൊഴിലാളികളെ കൂടുതൽ സ്വാധീനം ചെയ്തു വിജയിക്കുന്നതിനു ചില തോട്ടം ഉടമകൾ വളരെ കിണഞ്ഞു പരിശ്രമിച്ചിരുന്നു. തൊഴിലാളികളുടെ ഇടയിൽ തമിഴ്. മലയാളി വൈരം വളർത്തി തമ്മിൽ തല്ലിച്ചു ഒരു പരസ്പരവിദ്വേഷം വളർത്തിയിരുന്നതുകൊണ്ടാണു കഴിഞ്ഞ കാലങ്ങളിൽ തോട്ടം ഉടമകൾ അവിടെ വിചാരിക്കുന്നതുപോലെ കാര്യങ്ങൾ നേടിയിരുന്നതു്. പത്തുമല സംഭവത്തിനുശേഷമാണ് കിഴക്കൻ മലകളിലേയ്ക്കു തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു ഇടതുപക്ഷപാർട്ടികൾ കടന്നുകൂടിയതു്. എന്നാൽ ഇപ്പോൾ അവിടെ ഇടതുപക്ഷ പാർട്ടികൾക്കു, പ്രത്യേകിച്ച്, ആർ. എസ്സ്. പി.-ക്ക് റബ്ബർ, തേയില, ഏലം മുതലായ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ മലയാളിയെന്നും തമിഴനെന്നുമുള്ള ഭേദം കൂടാതെ വർഗ്ഗബോധത്തോടുകൂടി സംഘടിപ്പിക്കുന്നതിനും യൂനിയനിൽ ഉറച്ചുനിൽക്കുന്നതിനും കഴിവുള്ള ഒരു നില സംജാതമായിട്ടുണ്ട്. തമിഴരെയും മലയാളികളെയും വർഗ്ഗബോധത്തോടുകൂടി യൂനിയനിൽ അണിനിരത്താനുള്ള ശ്രമത്തെ തോട്ടം ഉടമകൾ എതിർത്തെങ്കിലും അതു വിലപ്പോയിട്ടില്ല. എന്നെ, അവിടെ ഒരു തമിഴനായിട്ടാണു ചിത്രീകരിക്കപ്പെടുന്നതു്. തൊഴിലാളി ആരായാലും, മലയാളിയായാലും, തമിഴനായാലും ജോലി ചെയ്താൽ ന്യായമായ കൂലി കിട്ടണമെന്നു പറയുന്നതു നീതീകരിക്കത്തക്കതാണല്ലൊ. തൊഴിലാളികളുടെ ഇടയിൽ യൂനിയൻ സംഘടിപ്പിക്കുന്ന എന്നെ, കാമരാജനാടാരെപ്പോലെ ഒരു തമിഴനായി ചിത്രീകരിച്ചുകൊണ്ട് ചില മലയാളികളായ തോട്ടം ഉടമകൾ അവരുടെ പത്രങ്ങളിൽ എഴുതിയിട്ടുമുണ്ട്. സർ, സർ സി. പി. രാമസ്വാമി അയ്യർ ഭരിച്ചിരുന്ന കാലത്തു ദേവികുളം പീരുമേടു താലൂക്കുകളിൽ പണിയെടുത്തിരുന്ന തൊഴിലാളികളെ, മലയാളികളായ തൊഴിലാളികളെ മനഃപൂർവ്വം പിരിച്ചുവിടുന്ന ഒരു നയം സ്വീകരിച്ചിരുന്നു.

ശ്രീ. ശർമ്മ പറഞ്ഞ പലതിനും എനിക്കു സമാധാനം പറയാനുണ്ട്. അദ്ദേഹം പറഞ്ഞു വളരെക്കാലമായി അവിടെ ഒരു നല്ല റോഡുപോലും ഇല്ലായിരുന്നു എന്ന്. കോട്ടയം-കുമിളിറോഡ് ഗതാഗതസൗകര്യം ഇല്ലേ? സാമാന്യമായുണ്ടായിരുന്ന റോഡുകൾ അവിടെ 1855 മുതൽ ഉണ്ടായിരുന്നതായി 1951 സെൻസസ് റിപ്പോർട്ടിൽ കാണുന്നു. 1935-ൽ കൊച്ചി-മൂന്നാർ റോഡു പണി ചെയ്തു. എന്നാൽ അതിനുമുൻപു തന്നെ നടപ്പാതകൾ ഉണ്ടായിരുന്നു.

തിരുനൽവേലി ഡിസ്ട്രിക്ടിലുള്ള തമിഴ് തൊഴിലാളികൾ മാത്രമല്ല അവിടെയുള്ളതു് കർണ്ണാടകഡിസ്ട്രിക്ടിലുള്ള തൊഴിലാളികളും തെക്കൻ തിരുവിതാംകൂറിലെ നാഗർകോവിൽ, തക്കല, വിളവംകോട്, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിൽനിന്നു വന്നിട്ടുള്ള തമിഴ് തൊഴിലാളികളും അവിടത്തെ തേയിലത്തോട്ടങ്ങളിൽ പണിയെടുക്കുന്നുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ മലയാളിത്തൊഴിലാളികളും അവിടെ ധാരാളമുണ്ട്. സർ സി. പി. യുടെ ഭരണകാലത്തു ഐക്യകേരളപ്രസ്ഥാനം ഇവിടെ തുടങ്ങാൻ പോകുന്നുവെന്നു കേട്ടപ്പോൾ അവിടെയുള്ള എസ്റ്റേററ മാനേജുമെൻറിനോടു മലയാളി തൊഴിലാളികളെ പിരിച്ചുവിടുവാൻ ആവശ്യപ്പെടുകയും, അതനുസരിച്ചു കുറെയധികം മലയാളി തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അന്നത്തെ എസ്റ്റേററുവക കണക്കുകൾ കൊണ്ടുതന്നെ ഈ വസ്തുത അറിയാവുന്നതാണ്. ഇന്നും പിരിച്ചുവിടലിനെതിരായി ഞങ്ങൾ ശക്തിയായ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെവരെ തമിഴ് തൊഴിലാളികളോടു അനുകൂലിച്ചുകൊണ്ടിരുന്ന ആളുകൾ ഇന്നു അവരെ ആട്ടിപ്പായിക്കുന്നതിനുള്ള ശക്തിയായ സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിനെതിരായി സംഘടിതമായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ് ഞങ്ങൾ ഇപ്പോൾ. ഇന്നലെവരെ അസംഘടിതരും മൃഗതുല്യം ജീവിച്ചുപോന്നിരുന്നവരുമായ തമിഴ് തൊഴിലാളികളെ, തോട്ടം ഉടമകൾ പരമാവധി ചൂഷണം ചെയ്തു. എന്നാൽ ഇന്നാകട്ടെ, ഇടതുപക്ഷപാർട്ടികൾ അവരെ വഴിയാംവണ്ണം സംഘടിപ്പിച്ചു, അവരുടെ ശക്തി അവക്കു ബോദ്ധ്യപ്പെടുത്തിക്കൊടുത്തതിൻെറ ഫലമായി മുമ്പു അവരോടു പെരുമാറിയിരുന്നതുപോലെ, ഇപ്പോൾ അവരോടു പെരുമാറുവാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ട്. ഇന്നു ആയിരക്കണക്കിനുള്ള തമിഴ് തൊഴിലാളികൾക്കു സംഘടനയുടെ ഫലമായി വർഗ്ഗബോധം ഉണ്ടായതോടുകൂടി, അവരെല്ലാം അധികപ്രസംഗികളാണെന്നു തോട്ടം ഉടമകൾ പറഞ്ഞുതുടങ്ങി. നാട്ടിൽനിന്നും ഗുണ്ടാകളെവരുത്തി അവരെ വേണ്ടത്ര ഉപദ്രവിച്ചു, അവിടെനിന്നും ആട്ടിപ്പായിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ശക്തിയായി എടുത്തുവരുന്നു. ഇതിനെപ്പററി ഗവണ്മെൻറ് ലേബർ ഡിപ്പാർട്ടുമെൻറു മുഖാന്തിരം ഒരന്വേഷണം നടത്തിയാൽ ഈ വസ്തുത ബോദ്ധ്യമാകുന്നതാണ്. അങ്ങനെ മലയാളി തൊഴിലാളികളും തമിഴ് തൊഴിലാളികളും ഐക്യം പുലർത്തിക്കൊണ്ടിരിക്കുമ്പോൾ, അവരെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനു പ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾ, ഇന്നു തമിഴകത്തിനുവേണ്ടി അവിടെ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്ഷോഭണം ഉടനടി ഐക്യകേരളത്തിനുവേണ്ടി മാറുന്നതിലും അതിശയിക്കാനില്ല. തോട്ടംഉടമകളുടെ രാഷ്ട്രീയം തൊഴിലാളികളെ തമ്മിൽ തല്ലിക്കാൻ ഉള്ള അടവായിട്ടാണ് കണ്ടുവരുന്നതു്.

ദേവികുളത്തെ കാര്യങ്ങളെപ്പററി, എനിക്കു വളരെയധികം പ്രവർത്തനം ആ താലൂക്കിൽ ഇല്ലെങ്കിലും, ചിലതൊക്കെ അറിയാം. ഇവിടത്തെ തമിഴ്നാട് കാൺഗ്രസ്സിനെ പ്രേരിപ്പിച്ച് ദേവികുളം താലൂക്കു മദ്രാസിലേക്കു പോകണമെന്നുള്ള അഭിപ്രായഗതി തൊഴിലാളികളുടെ ഇടയിലുണ്ടാക്കുവാൻ പ്രചരണം ഇന്ന് ശക്തിയായി നടത്തുന്നുണ്ട്. തമിഴ്നാട്ടിലുള്ള വളരെയധികം നേതാക്കന്മാരും, കാമരാജനാടാരുടെ സ്വന്തമെന്നറിയപ്പെടുന്ന ശ്രീ. ആദിത്യനാടാർ എന്ന ആളുപോലും, അവിടെവന്നു തൊഴിലാളികളുടെ ഇടയിൽ പ്രചരണം നടത്തുന്നുണ്ടെന്ന് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ആ വിവരം ഗവണ്മെൻറിനറിയാമോ എന്നെനിക്കു നിശ്ചയമില്ല. നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട ആറുകളായ മണിമലയാറ്, മീനച്ചലാറ്, മൂവ്വാററുപുഴയാറ്, പെരിയാറ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

എന്നീ നാലു് നദികളും ഉത്ഭവിക്കുന്നതു് ദേവികുളം പീരുമേട്ടിൽനിന്നാണു്. തിരുവിതാംകൂർ-കൊച്ചിയെ ഫലഭൂയിഷ്ഠമാക്കിത്തീക്കുന്നതിനുപകരിക്കുന്ന ഈ നദികളിലെ ജലം കടലിലേയ്ക്കു് ഒഴുകിപ്പോകുന്നു എന്നു പറയുന്നവരുണ്ടു്. ഈ ജലം കടലിലേയ്ക്കൊഴുകിയിട്ടുപോലും ആലുവായിലെ വെള്ളത്തിനു ഓരുണ്ടാകുന്നു എന്ന വസ്തുത ഞാൻ സഭയെ അറിയിക്കുകയാണു്. മദ്രാസു് ഗവണ്മെൻറിനു നമ്മുടെ സംസ്ഥാനത്തുനിന്നും വെള്ളം കിട്ടുന്നില്ല എന്നു പറയുന്നതുതന്നെ തെററാണു്. മധുര ഡിസ്ട്രിക്ടിലെ ഒരു ലക്ഷത്തിത്തൊണ്ണൂറായിരം ഏക്കർ സ്ഥലം ജലസേചനം ചെയ്യുന്നതിനാവശ്യമായ വെള്ളം പെരിയാററിൽനിന്നും എടുക്കുന്നുണ്ടു്. 1896-ൽ ആണു്, ഈ സംസ്ഥാനഗവണ്മെൻറും, ആ സംസ്ഥാനഗവണ്മെൻറും തമ്മിൽ അതിലേയ്ക്കൊരു ഉടമ്പടി ഉണ്ടാക്കിയതു്. അതിനുശേഷം ആ വെള്ളത്തിൽനിന്നും വിദ്യുച്ഛക്തി ഉണ്ടാക്കുന്നതിനായി മദ്രാസ് ഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുമായി കേസുകൾ ഉണ്ടാകുകയും, സർ സി. പി. യുടെ കാലത്തുതന്നെ കൽക്കട്ടാ ഹൈക്കോടതി സംസ്ഥാനഗവണ്മെൻറിനു് അനുകൂലമായ ഒരു തീരുമാനം എടുക്കുകയുംചെയ്തു. അടുത്ത കാലത്തു ഇവിടെനിന്നും വിദ്യുച്ഛക്തി എടുക്കുന്നതിനുള്ള അനുവാദം സംസ്ഥാനഗവണ്മെൻറു് കൊടുത്തിട്ടുണ്ടു്. അതിനുള്ള ജോലി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്. പെരിയാററിൽ നമ്മുടെ ആവശ്യം കഴിഞ്ഞിട്ടുള്ള വെള്ളം തമിഴ്നാട്ടിലേയ്ക്കു് വിട്ടുകൊടുക്കുന്നില്ല എന്നു നമ്മെ സംബന്ധിച്ചിടത്തോളം കുററകരമായ ഒരു ചാർജ്ജു് മദ്രാസ് ഗവണ്മെൻറിനു് പറയാൻ നിവൃത്തിയില്ല. ഇപ്പോൾ മദ്രാസു് ഗവണ്മെൻറു് പെരിയാർ ഹൈഡ്രോ എലക്ട്രിക്ക് സ്കീം എന്ന പേരിൽ ഒരു സ്കീംതന്നെ ആരംഭിച്ചിരിക്കുകയാണു്. അതു സംബന്ധിച്ചുള്ള പണികളുടെ പുരോഗതി ഇവിടത്തെ പണികളുടേതുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ തൃപ്തികരമായവിധം ഉണ്ടായിക്കൊണ്ടിരിക്കുകയുമാണു്. ശ്രീ. കാമരാജ നാടാർതന്നെ വന്നു ആ പദ്ധതി ഉൽഘാടനം ചെയ്യുകയുണ്ടായി. ആ സമ്മേളനത്തിൽ എനിക്കും പങ്കെടുക്കാൻ സാധിച്ചു. അങ്ങനെ പെരിയാററിൽനിന്നും തമിഴ്നാട്ടിലെ ഒരുലക്ഷത്തിതൊണ്ണൂറായിരം ഏക്കർ സ്ഥലം ജലസേചനം ചെയ്യുന്നതിനാവശ്യമായ വെള്ളം ഇപ്പോൾത്തന്നെ മദ്രാസ് ഗവണ്മെൻറു് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണു്. മീനച്ചിലാറും, മൂവ്വാററുപുഴ ആറും, പെരിയാറും കൂടാതെ, അവിടത്തെ മലകളിൽനിന്നു കിഴക്കൻ പ്രദേശങ്ങളിലേയ്ക്കു് ധാരാളം ചെറിയ പുഴകൾ ഒഴുകുന്നുണ്ടു്. അവിടെനിന്നും വെള്ളം എടുക്കുന്നതിനു യാതൊരു വിരോധവുമില്ല. ആ മാതിരി കാര്യങ്ങളിൽവിട്ടുവീഴ്ചയോടുകൂടിയും, സൗജന്യമനോഭാവത്തോടുകൂടിയും ഇരു ഗവണ്മെൻറുകളും കൂടിയാലോചനകൾ നടത്തി ഒരു തീരുമാനം ഉണ്ടാക്കാവുന്നതാണു്. അതിനു പകരം, ഇവിടത്തെ മലയാളികളേയും തമിഴരേയും തമ്മിൽ ഭാഷയുടെ പേരിൽ വഴക്കടിപ്പിക്കുന്നതിനുള്ള സംരംഭങ്ങളാണു ഇപ്പോൾ ഇരു ഗവണ്മെൻറുകളും നടത്തിത്തുടങ്ങിയിരിക്കുന്നതു്. മദ്രാസ് ഗവണ്മെൻറു വളരെ പ്രകടമായിത്തന്നെ അതിനുവേണ്ടി ശ്രമിക്കുന്നുണ്ടു്. അതിൽ ഈ നാട്ടിലെ ജനങ്ങൾക്കു് പ്രതിഷേധവും ഉണ്ടു്. ഈ ഗവണ്മെൻറിൻെറ ചില ചെയ്തികളും ഇക്കാര്യത്തിനു സഹായകമാണെന്നുള്ള വസ്തുതകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. പറമ്പിക്കുളം പദ്ധതി മദ്രാസ് സംസ്ഥാനത്തെ സംബന്ധി

ച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ്. ഷോളയാർ പദ്ധതിയെന്ന പേരിൽ ഈ ഗവണ്മെന്റ ഒരു പദ്ധതിയാലോചിച്ചിട്ടുണ്ട്. ഷോളയാർ നദീജലമാണു രണ്ടിലേയ്ക്കും ആവശ്യമുള്ളതു്. പറമ്പിക്കുളം പദ്ധതിയുടെ ഹെഡ്‌വർക്സ് പണിയേണ്ടതു് നമ്മുടെ സംസ്ഥാനത്താണ്. ഷോളയാർ പദ്ധതിയുടെ ആവശ്യം കഴിഞ്ഞു മിച്ചം വെള്ളമുണ്ടെങ്കിൽ മദ്രാസ് ഗവണ്മെന്റിനു കൊടുക്കുന്നതിൽ വിരോധമില്ല. എന്നാൽ ഇതുവരെ ഈ ഗവണ്മെന്റ് അനുവാദം കൊടുത്തിട്ടില്ലെന്നും അതുകൊണ്ടു് അതിനെപ്പററി ഇൻഡ്യാഗവണ്മെന്റുമായി എഴുത്തുകുത്തുകൾ നടത്തുവാൻ ആലോചിച്ചുവരുന്നു എന്നും മദ്രാസിലെ മന്ത്രി ശ്രീ. സുബ്രഹ്മണ്യം അടുത്തദിവസം അവിടത്തെ നിയമസഭയിൽ പ്രസ്താവിച്ചതായി പത്രങ്ങളിൽ കണ്ടു. മാത്രമല്ല പറമ്പിക്കുളം പദ്ധതിയുടെ നടത്തിപ്പിനാവശ്യമുള്ള സകല ഒരുക്കങ്ങളും സാമഗ്രികളും മദ്രാസ് ഗവണ്മെന്റ് ശേഖരിച്ചുവരുന്നതായും അറിഞ്ഞു. നമ്മുടെ ഗവണ്മെന്റിന്റെ നിലയെന്താണെന്നു ഇനിയും വ്യക്തമാക്കിയിട്ടില്ല.

എസ്സ്. ആർ. സി. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിനുശേഷം അതു സംബന്ധിച്ചു നമ്മുടെ ഗവണ്മെന്റിന്റെ നിലയെന്താണെന്നു ഇതുവരെ വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. എസ്സ്. ആർ. സി. റിപ്പോർട്ടിനെക്കുറിച്ചു് ഒരഭിപ്രായം പറയുന്നതിനുള്ള ഭൂതോദയം നമ്മുടെ മുഖ്യമന്ത്രിക്കുണ്ടാകുന്നതിനു, കോട്ടയത്തു പാഴൂർവരെ അദ്ദേഹത്തിനു പോകേണ്ടിവന്നു. തിരുവനന്തപുരത്തുവച്ചു് അതിനെപ്പററി ഒരഭിപ്രായം പറയുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇങ്ങനെയുള്ള ഗവണ്മെന്റിന്റെ ചെയ്തികൾ ഈ നാട്ടിലെ ജനങ്ങൾക്കു വളരെയധികം ചിന്താക്കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നു ഗവണ്മെന്റ മനസ്സിലാക്കേണ്ടതാണ്. അതുണ്ടാവാതിരിക്കുന്നതിനുവേണ്ടിയെങ്കിലും ഈ സംസ്ഥാനം എന്തു നടപടികളാണ് സ്വീകരിക്കുന്നതു് എന്നുള്ളതിനെപ്പററി ജനങ്ങളെ അറിയിക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ടു്. അതു ശരിയാംവണ്ണം നിർവഹിക്കുവാൻ പല വിഷമതകളും ഉണ്ടെന്നെനിക്കറിയാം. തമിഴ്നാടു കാൺഗ്രസ്സുകാരുടെ സഹായംകൊണ്ടുമാത്രം ഇന്നു ഭരണാധികാരത്തിലിരിക്കുവാൻ കഴിഞ്ഞ ഇവിടത്തെ കാൺഗ്രസ്സ് മന്ത്രിമാർക്ക് തമിഴ്നാടു കാൺഗ്രസ്സുകാരെ പിണക്കിയാൽ പിന്നെ തങ്ങൾക്കു രാജ്യം ഭരിക്കുവാൻ ഒക്കുകയില്ലെന്നു അവക്കറിയാം. അവർ ആവശ്യപ്പെടുന്ന വയിൽ അഞ്ചു താലൂക്കുകളെ സംബന്ധിച്ചിടത്തോളം, മദ്രാസിലേയ്ക്കു വിട്ടുകൊടുക്കുന്നതിനോടു ഞങ്ങളുടെ പാർട്ടി യോജിക്കുന്നു. കെ. എസ്സ്. പി-യും കമ്മ്യൂണിസ്റ്റപാർട്ടിയും അതിനോടു യോജിക്കുന്നുണ്ടു്. എന്റെ ബഹുമാന്യ തമിഴ്നാടു സ്നേഹിതനായ ശ്രീ. ഡാനിയൽ ആർ. എസ്സ്. പി., കെ. എസ്സ്. പി., കമ്മ്യൂണിസ്റ്റ എന്നീ പാർട്ടികൾ തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം തങ്ങളോടു് അനുകൂലിക്കുന്നുണ്ടെന്നും എന്നാൽ കാൺഗ്രസ്പാർട്ടിയും, പി. എസ്സ്. പി-യും ആണ് അതിനെ എതിർക്കുന്നതു് എന്നും പ്രസ്താവിക്കുകയുണ്ടായി. അതു ശരിയാണ് പക്ഷെ, അതോടൊപ്പം ചിററൂരും, നെയ്യാററിൻകരയും ദേവികുളം, പീരുമേട് എന്നീ താലൂക്കുകളുംകൂടി മദ്രാസിലേയ്ക്കു വിട്ടുകൊടുക്കണമെന്നുള്ള നിങ്ങളുടെ വാദം ഉപേക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

സർ, ചരിത്രത്തെപ്പററിയും ചരിത്രാതീതകാലങ്ങളിൽ നടന്നിട്ടുള്ള ഗവേഷണങ്ങളെപ്പററിയും പറഞ്ഞിട്ടു കാര്യമില്ല. ഭാഷയുടെ ഗതി നോക്കിയാൽ, മലയാളം തെക്കോട്ടു പോകുമ്പോൾ തമിഴും വടക്കോട്ടു പോകുമ്പോൾ കന്നടവുമായി മാറിയിട്ടുണ്ടെന്നു കാണാം. അന്തർരാഷ്ട്രീയാവകാശവാദങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതു അതർഹിക്കുന്ന ഗൗരവത്തിൽ നാം മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് എന്റെ തമിഴ്നാട്ടു സ്നേഹിതന്മാർ മദ്രാസിലേക്കു പോകുന്നതു എനിക്കു വിരോധമില്ല. പക്ഷെ, അവർ അവരുടെ മററവാദങ്ങൾ ഉപേക്ഷിക്കണം. അതോടുകൂടി ഇന്നലെവരെ നമ്മൾ ഒന്നിച്ചു നിന്നു എന്നും, നാളെയും ഒന്നിച്ചുനിൽക്കേണ്ടവരാണെന്നും നാം വിചാരിക്കണം. കന്യാകുമാരി വിട്ടുപോയതുകൊണ്ട് നാം ഖേദിക്കേണ്ട കാര്യമില്ല. അവരുടെ ഭാഷ സംസാരിക്കുന്ന ആളുകളോടു അവർ ചേരുന്നതിൽ പ്രതിഷേധിക്കേണ്ട കാര്യവുമില്ല. പക്ഷെ, ഭാഷയുടെ അടിസ്ഥാനത്തിൽ വേർപെട്ടാൽ തന്നെയും, ഇന്നത്തെപ്പോലെതന്നെ നാളെയും നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഒരു വാദഗതി തമിഴ്നാട്ട് സ്നേഹിതന്മാർ സ്വീകരിച്ചു ഇക്കാര്യത്തിൽ നമുക്കു ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി എടുക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

<u>ஸ்ரீ. டி. எஸ். ராமஸ்வாமி</u>: சபாநாயகர் அவர்களே! இன்று நம் முன் இருக்கும் பிரச்னை, இப்பொழுது முளைத்தது அல்ல. இந்தப் பிரச்னையை அணுகும் விதமும் இப்பொழுது எழுந்ததல்ல. இப்பிரச்னையைப் பற்றி எனது நண்பர்கள் சம சிந்தையுடன் விவாதம் நடத்தியதற்காக நிச்சயமாக நான் அவர்களைப் பாராட்ட கடமைப்பட்டுள்ளேன். நம்முடைய சட்டசபையிலும், வேறுள்ள சட்டசபைகளைப் போலன்றி குரோதமின்றி, துவேஷம் இன்றி அங்கத்தினர்கள் இந்தப் பிரச்னையை நிதானமாக அணுகுகிறார்கள், ஒரு சிலரைத் தவிர என்பதைப் பற்றி நான் மிகவும் சந்தோஷப்படுகிறேன். ஸார், நாம் இப்பிரச்னையைப்பற்றி ஆலோசிக்கும்போது, இந்தியா தேசம் ஒரே தேசமென்றும், நாம் எல்லோரும் ஒரே தேசத்தினர் என்பதையும் நாம் மறந்துவிடக் கூடாது. நம்முடைய நாடு ஒரே நாடு தான். நமது தேசம், ஒரே தேசம் தான். நமது தேசத்தை பல மாகாணங்களாகப் பிரித்து அவைகளை எவ்வாறு நாம் நிர்வகிக்க வேண்டுமென்பதை மாத்திரம் தான் அடிப்படையாகக் கொண்டு இந்த கமிட்டி ரிப்போர்ட் செய்திருக்கிறது, என்று நான் கருதுகிறேன். நமது தேசம் ஒன்றுதான் என்ற மனப்பான்மையோடு நாம் இந்தப் பிரச்னையை அணுகினால் நம்மிடையே துவேஷமும், குரோதமும், இந்தப் பிரதேசம் அங்கு போய்விட்டதே, அந்தப் பிரதேசம் அங்கு போய் விட்டதே என்றெல்லாம் தோன்றுவதற்கு இடமில்லை. ஒரு சில பிரதேசங்கள் வேறு பிரதேசத்தோடு போகிறது என்றால், அவை ஒரு ராஜ்யத்தில் இருந்து இன்னொரு ராஜ்யத்திற்குப் போகப்போகிறதில்லை, எல்லாம் நமது இந்தியா தேசத்தில் தான் இருக்கப்போகி

10 A. M.

LIBRARY ARCHIVES Kerala Legislative Assembly

றது. ஆகவேதான் நான் அதுகுறித்து ஒரு திருத்தப் பிரேரணை கொண்டுவந்துள்ளேன். நம்மிடையே ஒரு சில அங்கத்தினர்கள் பேசும்போது இங்குள்ள ஒரு சில பாகங்களைவேறொரு பிரதேசத்திற்கு விட்டுக் கொடுக்கமாட்டோம் என்று சொல்கிற மனப்பான்மை நமது ராஜ்யம் வேறு ஒரு பிரத்தியேக ராஜ்யமாகும் என்று கருதுகிற மனப்பான்மையானது தவறு. நமது ராஜ்யம் ஒரே ராஜ்யம் தான். நமது தேசம் இந்தியா தேசமாகும். நமது பிரஜா உரிமைகள், இந்திய பிரஜா உரிமைகளை தவிர வேறு ஒன்றும் அல்லை. நாம் இந்தியாவிலுள்ள எந்தப் பாகத்திற்குச் சென்றாலும் நமக்கு ஒரே உரிமைதான் உண்டு. கேரள ராஜ்யம் ஒரு குறுகிய ராஜ்யமாய் போனாலும் சரி இங்கிருந்து சென்னை மாகாணத்திற்குச் சென்றாலோ அல்லது பம்பாய் மாகாணத்திற்குச் சென்றாலோ, அங்குள்ளவர்களுக்கு என்னென்ன உரிமைகள் உண்டோ அதே உரிமைகள் கேரள ராஜ்யத்தில் உள்ளவர்களுக்கும் உண்டு, தமிழர்களுக்கும் உண்டு. கேரளம் வாழ்ந்தால் தான் தமிழ்நாடும் வாழ முடியும், இந்தியா தேசமும் வாழ முடியும். அதேபோல் தமிழ்நாடு வாழ்ந்தால் தான் கேரளமும் வாழ முடியும்; இந்தியா தேசமும் வாழ முடியும். இத்தகைய சூழ்நிலையில் தான் இன்று நான் பேச ஆசைப்படுகிறேன். அதோடுகூட நான் சொல்வது என்னவென்றால் இந்தப் பிரச்னையைப் பொறுத்தளவிலே இது இன்று முளைத்ததல்ல. இது பல வருஷங்களுக்கு முன்னால், சுமார் 35-வருஷங்களுக்கு முன்னால் முளைத்த பிரச்னையாகும். இங்குள்ள பல நண்பர்கள் பிறப்பதற்கு முன்னமேயே இந்திய அரசியல் வாதிகளும், உத்தம தலைவர்களும் இதைப்பற்றி சிந்தித்தாய்விட்டது. அதைக்குறித்து செயலாற்றத் தொடங்கியுமாய்விட்டது. இதைப்பற்றி நமது கமிஷன் ரிப்போர்ட்டிலும் சொல்லியிருக்கிறார்கள். 1920-ல் அகில இந்திய தேசீய காங்கிரஸ் மொழிவாரி மாகாணம் வேண்டும், பாஷாவாரி மாகாணம் அமைக்கப்பட வேண்டும் என்று நாக்பூரில் கூடிய செஷனில் தீர்மானித்தார்கள். அதன் பின்னால் நடந்த காரியக்கமிட்டி கூட்டங்களிலும் எல்லாம் இதுபற்றி தீர்மானம் நிறைவேற்றியிருக்கிறார்கள். நாகர்கோவிலில் வைத்து நடந்த மகாநாட்டிலும் இதே தீர்மானம் நிறைவேற்றப்பட்டது. அன்றையதினம், அத்தீர்மானம் நிறைவேற்றப்படும்போது இன்றுள்ள கம்யூனிஸ்ட் கட்சியில் பட்ட தோழர்களும் பிரஜா சோஷியலிஸ்ட் பார்ட்டியில் பட்ட தோழர்களும் அன்று காங்கிரஸில் அங்கத்தினர்களாய் இருந்தார்கள். இந்தச் சந்தர்ப்பத்தில் நான் இங்கு ஒரு காரியத்தைப் பற்றிகூற விரும்புகிறேன். என்னுடைய நெய்யாற்றிங்கரை நண்பர் அவர்கள், தோவாளையில் நடந்த தேர்தல்களைப் பற்றிக் கூறினார்கள். அதோடு, சென்ற தேர்தல்களில், தென்-திருவிதாங்கூரிலுள்ள மூன்று தொகுதிகளில் தமிழ்நாடு காங்கிரஸ்காரர்கள் தோற்றார்கள் என்றும் சொன்னார்கள். அது உண்மையாய் இருக்கலாம். ஆனால் ஒரு விஷயத்தை நாம் மறக்கலாகாது. அங்கு கம்யூனிஸ்ட் கட்சியினர் தேர்தலுக்கு நின்றபோதும், முதல் தேர்தலில் சோஷியலிஸ்ட் கட்சி

2/3952|V

[ஸ்ரீ. டி. எஸ். ராமசுவாமி]

போட்டி போட்டபோதும், பிரஜா சோஷியலிஸ்ட் கட்சி போட்டியிட்டபோதும் அவர்களின் எலக்ஷன் மானிபெஸ்டோவில், எல்லா கட்சிகளின் எலக்ஷன் மானிபெஸ்டோக்களிலும், நாங்கள் பாஷாவாரி மாகாண அமைப்பை ஆதரிக்கிறோமென்று திட்டவட்டமாக கூறப்பட்டிருந்ததென்பதை நாம் மறந்துவிடக் கூடாது ஒன்றில் நாம் பாஷாவாரி மாகாணம் வேண்டாமென்று வைத்துக்கொள்வோம். வேறு அடிப்படையில் நாம் முடிவு செய்வோம். ஆனால், பாஷாவாரி மாகாணம் வேண்டுமென்று நாம் எடுத்துக்கொண்டதின் பிற்பாடு இப்பகுதி அங்கு போகக்கூடாது, அப்பகுதி அங்கு போகக்கூடாதென்றெல்லாம் சொல்வது சரியல்ல என்பதோடு மாத்திரமல்ல, அது நீதியாகவும், நேர்மையாகவும், தர்மமுமாக எனக்குப் படவில்லை

"All parties had emphasised that point"

எல்லா பார்ட்டிகளும், கம்யூனிஸ்ட்பார்ட்டி, தமிழ்நாடு காங்கிரஸ் பார்ட்டி, ஆல் இந்தியா காங்கிரஸ் போன்ற எல்லாக் கட்சிகளும் மொழிவாரி மாகாணத்திற்கு நாங்கள் உடன்படுவோம் என்று முடிவு செய்திருக்கிறது. அதற்குப் பின்னால் அந்தப் பிரதேசம் அங்கு போகக் கூடாது, இந்தப் பிரதேசம் அங்கு போகக்கூடாது என்றெல்லாம் சொல்வது நியாயமல்ல. கம்யூனிஸ்ட் கட்சியினரும், ஆர். எஸ். பி. கட்சியினரும், கே. எஸ். பி. கட்சியினரும், அந்த ஐந்து தாலுகாக்களில் தமிழர்கள் தான் மிகவும் கூடுதலாக இருக்கிறார்கள்; ஆகவே அப்பிரதேசங்கள் தாய் தமிழகத்தோடு போக வேண்டுமென்று ஆத்மார்த்தத்தையோடும், பெருந்தன்மையோடும், தர்மநியாயத்தோடும் கூறுவதை நான் பாராட்டுகிறேன். ஆனால் அதே சமயத்தில் காங்கிரஸும், பி. எஸ். பி. அங்கத்தினர்களும், அவர்களது தேர்தல் பிரகடனங்களில் மொழிவாரி மாகாணங்கள் வேண்டுமென்று கூறியிருந்தபோதிலும், இப்பொழுது அதை ஆதரிப்பதில்லை. நானும் பி. எஸ். பி. கட்சியில் இருந்தவன் தான், அவர்களுக்கு ஞாபகமில்லையென்றால் நான் அதை ஞாபகமூட்டுகிறேன்.

"We were for socialism"

என்று தேர்தல் பிரகடனத்தில் சொல்லியிருந்தார்கள். "பாஷாவாரி மாகாணம் வேண்டுமென்று அவர்கள் சொல்லியிருக்கிறார்கள். அதே போல், சென்ற தேர்தலின்போது நாகர்கோவில் பப்ளிக் மைதானத்தில் வைத்துப் பேசும்போது நேருஜி அவர்களே குறிப்பிட்டார்கள். "பாஷாவாரி மாகாணத்தை நாங்கள் ஆதரிக்கிறோம்; ரீ-ஆர்கனைசேஷன் கமிஷன் ஒன்றை ஏற்படுத்தியிருக்கிறோம்; நீங்கள் அதைப்பற்றி சந்தேகப்பட வேண்டியதில்லை" என்று கூறினார்கள். வேறுயாருமல்ல அப்படிச் சொன்னது. நமது இந்திய பிரதமர் அவர்களே அப்படிக் கூறியிருக்கிறார்கள். ஆகவே நான் சொல்வது என்னவென்றால், நம்முடைய இந்தியா தேசத்திலுள்ள ஒரு சில பகுதிகள் நமது தேசத்திலுள்ள இன்னொரு மாகாணத்தோடு சேருகிறதால் அவைகள் நம்முடைய இந்தியா தேசத்தை விட்டு வேறு தேசத்தோடு போகப்போவதில்லை என்ற மனப்பான்மையோடு நாம் இந்தப் பிரச்

LIBRARY ARCHIVES Kerala Legislative Assembly

னையை அனுகினால் குரோதமும், துவேஷமும் வளருவதற்கு இடமிருக்க முடியாது. நமது தேசம் ஒன்றுதான். திருவிதாங்கூர் ராஜ்யம் ஒன்றாக இருந்தது. ஆனால் சரித்திரம் மாறி மாறிக்கொண்டு வரும்போது, இந்திய ஜனங்களின் அபிலாஷைகளுக்குத் தக்கபடி நாம் விடாப்பிடியாக தமிழ் தாலுகாக்கள் இங்குதான் இருக்கவேண்டுமென்று கூறுவது தவறு. வேலுத்தம்பி தளவாய் பிறந்த இடம் இங்குதான் இருக்க வேண்டுமென்று கூறுவது தவறு. வேலுத்தம்பி அவர்கள் கேரளத்திற்கு மாத்திரமல்ல சொந்தம். வேலுத்தம்பி அவர்கள் ஒரு "நாஷனல் ஹீரோ" ஆவர். பிரிட்டிஷ் ஏகாதிபத்தியத்தை எதிர்த்துக் குரல் எழுப்பிய வேலுத்தம்பி அவர்கள் கேரளத்திற்கு மாத்திரமல்ல சொந்தம். என்னைப் பொறுத்தளவிலே, நான் தமிழ் பிரதேசத்தில் இருந்தாலும் சரி, நான் அதைப்பற்றி ஆலோசித்தபோது எதனாலோ தெரியவில்லை, இதில் அவ்வளவு தூரம் முக்கியத்துவம் இல்லையென்றே நான் கருதுகிறேன். நாம் எங்கிருந்தாலும் சரி, கேரளத்தில் இருந்தாலும் சரி, தமிழ்நாட்டில் இருந்தாலும் சரி, பம்பாயிலிருந்தாலும் சரி, எங்கிருந்தாலும் சரி, அங்கிருக்கிறவர்களுக்குள்ள உரிமைகள் நமக்கும் உண்டு. நாம் நமது தேசத்திலுள்ள எந்த பாகத்திற்குப் போனாலும் நம்மை யாரும் வரக்கூடாதென்று சொல்ல முடியாது. நமக்கு அங்கு செல்வதற்குள்ள உரிமையை மறுப்பதற்கு யாருக்கும் உரிமை கிடையாது. இந்த நிலைமையில் இந்தப் பிரதேசம் அங்கு போகக் கூடாது; அந்தப் பிரதேசம் அங்கு போகக் கூடாது என்றெல்லாம் சொல்வதில் ஒரு அர்த்தமில்லை. கேரளா பிரதேசத்தைப் பொறுத்தளவிலே, பாஷையை அடிப்படையாகக் கொண்டு வகுக்கும்போது அது நிலையாக இருக்க முடியுமா என்பதைப் பற்றிய அவர்களுடைய வாதத்தை என்னால் புரிந்துகொள்ள முடியவில்லை. ஒரே வாதத்தைச் சொல்லிக்கொண்டு அதே வாதத்தை வைத்துக்கொண்டு தமிழ் பிரதேசங்கள் இங்குதான் இருக்க வேண்டுமென்று சொல்வது "இல்லாஜிக்கல்" என்றுதான் நான் கருதுகிறேன். நம்முடைய மதிப்பிற்குரிய மெம்பர் பி. எஸ். நடராஜ பிள்ளையவர்களின் தந்தை, தமிழிலும் சரித்திரத்திலும் பெரும் பாண்டித்யம் பெற்றிருந்த சுந்தரனார் அவர்கள் பாடிய பாட்டை இந்த சந்தர்ப்பத்தில் கூற விரும்புகிறேன்.

"கன்னடமும் களிதெலுங்கும் கவின் மலையாளமும் துளுவும்
உன் உதிரத்தே உதித்தெழுந்தே ஒன்றுபல
ஆயிடினும் ஆரியம்போல் உலக வழக்கு
அழிந்து ஒழிந்து சிதையா உன்
சீரிளமை திறன் வியந்து செயல் மறந்து வாழ்த்துதுமே"

தமிழின் குழந்தைகளாக மலையாளமும், கன்னடமும், துளுவும், தெலுங்கும் இருக்கும்போது, ஒரே குடும்பத்தின் அங்கத்தினர்களான இந்த பாஷைகள் எல்லாம் ஒன்றாக இருக்கவேண்டுமென்ற அடிப்படையில் அவர்கள் பாடிய பாட்டுதான் இது. நான் கூற விரும்புவது என்னவென்றால், நமது தேசத்தின் Distinguished guest களாக ரஷ்யப் பிரதமர் புல்கானின் அவர்களும், அங்குள்ள

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. டி. எஸ். ராமசுவாமி.]

கம்யூனிஸ்ட் கட்சிக் காரியதரிசி தோழர் குருஷேவ் அவர்களும் இங்கு விஜயம் செய்திருக்கும்போது இன்று பம்பாயிலும், அதே போல் மைசூரிலும், ஹைதராபாத்திலும், விந்தியபிரதேசத்திலும் நடக்கிற இத்தகைய முறையிலுள்ள வரவேற்பு அவர்களுக்குக் கொடுப்பது என்றால் நிச்சயமாக அது நமது பிரஜா உரிமைக்கும் நமது தேசத்தின் பெருந்தன்மைக்கும் உகந்ததல்ல. நம்மிடயே என்ன அபிப்பிராய வித்தியாசம் இருந்தாலும் சரி, அதை சம சிந்தையோடு நாம் சிந்திக்க வேண்டுமென்று கூறிக் கொள்கிறேன். பாஷாவாரி மாகாணம் என்று சொல்லும்போது பாஷாவாரி மாகாணத்தில் லாஜிக்கலாக நிற்போம். அடுத்தபடியாக நான் கூற விரும்புவது; தேவிகுளம்–பீரிமேடு Disputed territory என்று சொல்லப்படுகிறது. 1931, 1941, 1951 சென்ஸஸ் கணக்குகள் பிரகாரம் அங்கு தமிழர்கள் மெஜாரிட்டி என்று புள்ளி விவரக் கணக்குகள் கூறுகிறது. அதனுடைய சரித்திரத்தைப் பற்றிக் கூறுகிறார்கள். அதொன்றும் எனக்கு மனதிலாகவில்லை. கிருஷ்ணபுரம் அங்கத்தினர் அவர்கள், வருமான வரியில் 70% இங்கிருந்து வருகிறதென்று கூறினார்கள். அது லாஜிக்கலாய் இருக்கும். ஆனால் அங்குள்ளவர்களில் பெரும்பான்மையோர் தமிழர்களல்ல என்று சொன்னார்கள். 1931, 1941, 1951 சென்ஸஸ் கணக்குகளின்படி தமிழர்கள்தான் அங்கு கூடுதலாக இருக்கிறார்கள் என்றும் சொல்கிறார்கள். தென்–திருவிதாங்கூரில் உள்ளதைப்போன்று அங்குள்ளவர்களும் அப்பிரதேசங்கள் தாய் தமிழகத்தோடு சேரவேண்டுமென்ற லட்சியத்தை ஆதரித்திருக்கிறார்கள். ஆகவே, நான் முடிவாகக் கூறுவது என்னவென்றால், பாஷாவாரி மாகாணம் என்றால் பாஷாவாரி மாகாணத்தில் மாத்திரம் நிற்போம். அதல்லாமல் வேறு பிரச்னைகளைக் கொண்டுவந்து இங்கே குழப்பவேண்டாமென்றும், நாம் பெருந்தன்மையோடு நடக்க வேண்டுமென்றும் கூறிக்கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. ഏ. ജെ. ജാൻ: സർ, എസ്സ്. ആർ. സി. റിപ്പോർട്ടുപ്രകാരമുള്ള കേരള സംസ്ഥാനത്തുനിന്നും ഏതാനും താലൂക്കുകൾ വിട്ടുകൊടുക്കണമെന്നും, മറേറതാനും താലൂക്കുകൾ കൂട്ടിച്ചേർക്കണമെന്നും മററുമാണ് ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ. തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം തെക്കൻതിരുവിതാംകൂറിലുള്ള നാലു താലൂക്കുകൾ മദ്രാസിനു വിട്ടുകൊടുക്കണമെന്നുള്ള വാദഗതിയിൽ പ്രധാനമായി ഉന്നയിച്ചിട്ടുള്ള ആരോപണം, ആ ഭാഗത്തിൽ ഈ സംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളെപ്പോലെ ദേശീയവികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്നുള്ളതാണ്. ഇതു് വെറും അടിസ്ഥാനരഹിതമായ വാദമുഖമാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ആദ്യമായി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിലെ മററുഭാഗങ്ങളിലുള്ളതുപോലെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ തെക്കൻതിരുവിതാംകൂറിലെ ഈ നാലു താലൂക്കുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നുള്ളതു കാണാം. ഒന്നുകൂടി വിശദീകരിക്കാം. തിരുവിതാംകൂർ-കൊച്ചിയിൽ ആകെ 4000-ൽ പരം പ്രൈമറിസ്കൂളുകളുണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: പള്ളിക്കൂടങ്ങളുടെ കാര്യം ഇരിക്കട്ടെ. അവിടെ വ്യവസായത്തിനെ സംബന്ധിച്ചിടത്തോളം, കാർഷികവായ്പയെ സംബന്ധിച്ചിടത്തോളം, വ്യവസായ വായ്പയെ സംബന്ധിച്ചിടത്തോളം, റയിൽവെയെ സംബന്ധിച്ചിടത്തോളം, മണിയോർഡർ സംബന്ധിച്ചിടത്തോളം, ഹാർബർ സംബന്ധിച്ചിടത്തോളം, എന്താണു ചെയ്യുന്നത്? മാത്രമല്ല, അവിടെ ഒരു ഡി: ഹോസ്പിറ്റൽ ഉണ്ടായിരുന്നതുകൂടി കുറയ്ക്കുകയല്ലേ ചെയ്തത്? അതുപോലെ വെൽഫയർ സംബന്ധിച്ചും വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ ഓരോ കാര്യങ്ങളായി പറഞ്ഞു തുടങ്ങുന്നതേയുള്ളു. അതിനിടയിൽ ഇത്രത്തോളം ക്ഷമകേടുവന്നതിൽ ഖേദിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയിലുള്ള 4000-ൽ പരം പ്രൈമറിസ്കൂളുകളിൽ 495 എണ്ണം തോവാള, അഗസ്തീശ്വരം, വിളവങ്കോടു, കൽക്കുളം എന്നീ താലൂക്കുകളിലാണ്. ഇതിൽ 326 എണ്ണം തമിഴ്സ്കൂളുകളാണ്. ഇതു ഗവണ്മെൻറുസ്കൂളുകളും ഗവണ്മെൻറിൽനിന്നും ഗ്രാൻറു കൊടുത്തസ്കൂളുകളും ഉൾപ്പെടെയുള്ള കണക്കാണ്. ഇതിനും പുറമെ മലയാളവും തമിഴുംകൂടിയുള്ള 124 സ്കൂളുകളും മലയാളം മാത്രമുള്ള 48 സ്കൂളുകളും ഉണ്ട്. ഈ സ്ഥിതിക്ക് ആകെ ജനസംഖ്യയുടെ 9 ശതമാനത്തിൽ താഴെയുള്ള ഈ നാലു താലൂക്കുകളിൽ ജനസംഖ്യാനുപാതികമായി ധാരാളം പള്ളിക്കൂടങ്ങൾ ഉണ്ടെന്നു കാണാം.

ശ്രീ. എ. കുഞ്ഞൻനാടാർ: നെയ്യാററിൻകര താലൂക്കിൽ എത്ര പ്രൈമറിസ്കൂളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: നെയ്യാററിൻകരതാലൂക്കിൽ എത്ര പള്ളിക്കൂടങ്ങൾ ഉണ്ടെന്നു പറയേണ്ട ആവശ്യം ഈ സന്ദർഭത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇനിയും മിഡിൽ സ്കൂളുകളെ സംബന്ധിച്ചാണെങ്കിൽ പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് 67 എണ്ണമുണ്ട്. ഹൈസ്കൂളുകളാണെങ്കിൽ 29 എണ്ണം ഉണ്ട്. ഇങ്ങനെ വിദ്യാഭ്യാസ സൗകര്യത്തെപ്പററി നോക്കുകയാണെങ്കിൽ ഈ നാലു താലൂക്കുകളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ-കൊച്ചിയുടെ ഇതരവിഭാഗങ്ങളെക്കാൾ വളരെ കൂടുതലായി ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നു കാണാം. ശ്രീ. രാമസ്വാമി ആശുപത്രിയുടെ കാര്യം പറയുകയുണ്ടായി. തെക്കൻ തിരുവിതാംകൂറിൽ വളരെ പണച്ചെലവുചെയ്തു നിർമ്മിച്ചിട്ടുള്ള ഒരു ടി. ബി. ആശുപത്രി ഉണ്ട്. അതുകൂടാതെ വേറെ 12 ഹോസ്പിററലുകളും ഡിസ്പെൻസറികളും ഉണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: എന്തുകൊണ്ടാണു നാഗർകോവിലിലുള്ള ഒരു ഡി: ആശുപത്രിയെ തരംതാഴ്ത്തിയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: തരംതാഴ്ത്തിയതല്ല. ഓരോ ഡിസ്ട്രിക്ററിലും ഓരോ ഡിസ്ട്രിക്ററു ആശുപത്രി എന്നനിലയിൽ പ്രവർത്തിച്ചിട്ടുള്ളതാണ്. കൂടുതലായി ഉള്ളതു ആവശ്യമില്ലെന്നു കണ്ടതുകൊണ്ടാണ്. അതുപോലെ ആലപ്പുഴ, മൂവാററുപുഴ ഈ സ്ഥലങ്ങളിലുള്ള ഡി: ആശുപത്രികളും തരംതാഴ്ത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു്: നാഗർകോവിലിലുള്ള ആശുപത്രിയിൽ സകലവിധ സജ്ജീകരണങ്ങളും ഉള്ളതുകൊണ്ടല്ലേ അവിടെ ഒരു കൂടുതൽ ആശുപത്രി വേണ്ടെന്നു വച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

SHRI T. T DANIEL: May I inform the hon. Minister that the spread of education was achieved by the Missionaries and not through Governmental agencies. Most of the advancement in education there is due to the missionaries.

ശ്രീ. എ. ജെ. ജാൺ: മിഷ്യനറിസ് ആയിരിക്കാം. എന്നിരുന്നാലും ആ സ്കൂളുകൾക്കു് ഗവൺമെന്റിൽനിന്നും ശരിയായ ഗ്രാന്റു് കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു് തെക്കൻ തിരുവിതാംകൂറിലെ വാട്ടർ സപ്ലൈയെപ്പറ്റിയാണു്. തിരുവിതാംകൂർ-കൊച്ചിയിൽ വാട്ടർ സപ്ലൈ തിരുവനന്തപുരത്തു് ആരംഭിച്ചതിനുശേഷം അടുത്തതായി ആരംഭിച്ചിട്ടുള്ളതു് നാഗർകോവിലിലാണു്.

[MR. Deputy Speaker in the Chair.]

നാഗർകോവിലിലെ വാട്ടർവർക്സിനു് ഒരു വലിയ തുകയാണു ചെലവാക്കിയതു്. കന്യാകുമാരിവരെയുള്ള സ്ഥലത്തു് വാട്ടർസപ്ലൈ ചെയ്യുന്നതിനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുന്നു. അതു് മിക്കവാറും പൂർത്തിയായിട്ടുണ്ടു്. സാമഗ്രികൾ മുഴുവനും വന്നുചേരാത്തതുകൊണ്ടു് പണിതീർന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: പിന്നീടും പന്ത്രണ്ടു് മൈൽ അകലെയുള്ള സ്ഥലങ്ങളിൽക്കൂടി ജലവിതരണം വ്യാപിപ്പിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. എ. ചിദംബരനാഥനാടാർ: സർ, തെക്കൻ തിരുവിതാംകൂറിലെ.........

MR. DEPUTY SPEAKER: There is no point in Mr. Nadar asking such questions when the member is not yielding.

ശ്രീ. എ. ജെ. ജാൺ: അതിനും പുറമെ വെള്ളക്ഷാമമുള്ള പ്രദേശങ്ങളിലെല്ലാംതന്നെ ലാറിയിൽ വെള്ളം കൊണ്ടുപോയി സപ്ലൈ ചെയ്യുവാൻ വളരെ രൂപ ചിലവാക്കി ഒരു പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടു്. ഞാൻ ഇതൊന്നും പറയണമെന്നു് ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ ആ സ്ഥലങ്ങളിൽ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലെന്നു് അവിടെ നിന്നും വന്നിട്ടുള്ള ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതുകൊണ്ടു് ഞാൻ ഇതൊക്കെ പറയുന്നതാണു്. തിരുവിതാംകൂറിൽ ആദ്യമായി ഒരു കാൺക്രീറ്റുറോഡു് ഉണ്ടായതു് ആ ഭാഗത്താണു്. തിരുവിതാംകൂറിന്റെ മററു് യാതൊരു പ്രദേശത്തിലും ഇതുപോലുള്ള കാൺക്രീറ്റു് റോഡു് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ചിദംബരനാഥനാടാർ: സർ, എനിക്കു് ഒരു ചോദ്യം ചോദിക്കുവാനുണ്ടു്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ അതിനു് വഴങ്ങിക്കൊടുക്കുന്നില്ലെങ്കിൽ ചോദിക്കാൻ പാടില്ല.

ശ്രീ. എ. ചിദംബരനാഥനാടാർ: കള്ളം പറഞ്ഞാൽ അതു വിശ്വസിക്കുമോ, സർ?

ശ്രീ. എ. ജെ. ജാൺ: അവിടെ ഒരു കാൺക്രീററുറോഡു് ഉണ്ടെന്നു് പറയുന്നതു് കള്ളമാണോ?

ശ്രീ. എ. ചിദംബരനാഥനാടാർ: അതു് ആരുടെ കാലത്താണു്.

ശ്രീ. എ. ജെ. ജാൺ: ആരുടെ കാലത്തായാലും അവിടെ ഒരു കാൺക്രീററു് റോഡു് ഉണ്ടായിരുന്നു എന്നതു് വാസ്തവമാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: எல்லாம் ஆண்டவனுக்குத் தான் தெரியும். உயரே அவன் இருக்கான். கவனித்துப் பேசணும்.

Shri T. T. Daniel: When the S. R. C. Report is being discussed, I wish to know whether it is proper for the Minister to say that he is not yielding and refuse to answer?

Mr Deputy Speaker: This is a particular kind of discussion. He is speaking as one of the members of the House. He is not speaking in his capacity as the Minister.

ശ്രീ. എ. ജെ. ജാൺ: ഞാൻ പറയുന്നതു് ഗതാഗതം സംബന്ധിച്ചു് തിരുവിതാംകൂർ-കൊച്ചിയിലെ മററു് ഏതൊരു ഭാഗത്തേക്കാളും കൂടുതൽ അഭിവൃദ്ധി ആ ഭാഗത്തിൽ വരുത്തിയിട്ടുണ്ടെന്നാണു്. അടുത്തു് പറയാനുള്ളതു് ഇറിഗേഷനെ സംബന്ധിച്ചാണു്. ആദ്യമായി ഒരു ഡാം ഉണ്ടാക്കിയതു് കോതയാർ അണയാണു്. ഇതിനെ നോക്കുകയാണെങ്കിൽ ആ ഭാഗത്തേക്കു് ഗവൺമെൻറു് വളരെ അധികം പണം ചെലവാക്കിയിട്ടുണ്ടെന്നു് കാണാവുന്നതാണു്.

Shri A Chidambaranatha Nadar: Sir, I want a ruling as to whether the member is speaking as a member of the House or in his capacity as the Minister.

Mr Deputy Speaker: He is speaking as Shri A. J. John a member of this House.

ശ്രീ. എ. ജെ. ജാൺ: കോതയാർ അണക്കു് 88 ലക്ഷം രൂപയാണു് ചെലവാക്കിയതു്. ചില ബഹുമാനപ്പെട്ട മെംബറന്മാർ പറയുക ഉണ്ടായി സെസ്സു് കളക്ഷനിൽ നിന്നും ആ തുകയുമേൽ ഈടാക്കിയിട്ടുണ്ടെന്നു്. അതു ശരിയല്ല. .77 ലക്ഷം രൂപയാണു് ഇതുവരെ ഗവൺമെൻറിനു ലഭിച്ചിട്ടുള്ളതു്. മാത്രമല്ല ഓരോ കൊല്ലത്തിലും ഇതിൻെറ മെയിൻറനൻസു് ചിലവ ലേക്കു് രണ്ടു ലക്ഷം രൂപ ചെലവാകുന്നുണ്ടു്. എന്നാൽ അതിൽനിന്നു് ഒന്നരലക്ഷം രൂപയാണു് ആണ്ടുതോറും കിട്ടുന്നതു്. അടുത്ത കാലത്തുതന്നെ അതിനുവേണ്ടി പതിമൂന്നു ലക്ഷം രൂപ ചെലവാക്കിയി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഏ. ജെ. ജാൺ]

ട്ടുണ്ട്. ആ പ്രദേശത്തുള്ള പെരിഞ്ചാണി പദ്ധതിക്ക 68 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 82 ലക്ഷം രൂപയോളം ചെലവാക്കി നെയ്യാററിന്റെ ഇടത്തുവശമുള്ള കനാൽ തീർക്കുന്നതിന് പണിയാരംഭിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി നോക്കിയാൽ വികസനപദ്ധതികൾക്കവേണ്ടി തെക്കൻ തിരുവിതാംകൂറിൽ ചിലവാക്കിയിട്ടുള്ളതുപോലെ തിരുവിതാംകൂർ-കൊച്ചിയുടെ മററ് ഏതൊരു സ്ഥലങ്ങളിലും ചെലവാക്കിയിട്ടില്ലെന്ന് കാണാവുന്നതാണ്. അതുകൂടി ആലോചിക്കണം. ഞാൻ ഇതൊക്കെ പറയുമ്പോൾ അങ്ങനെയൊന്നും ഇല്ല എന്ന് പറയുന്നതുകൊണ്ട്, വിശേഷമില്ല. മൈനർ ഇറിഗേഷനെ സംബന്ധിച്ച് പറകയാണെങ്കിൽ തെക്കൻ തിരുവിതാംകൂറിൽ ആണ്ടുതോറും 8 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയ്ക്കുള്ള തുക ചെലവാക്കി അവിടെയുള്ള കുളങ്ങളെല്ലാം നന്നാക്കിയിട്ടുണ്ട്. 1949-50-ൽ 9,80,250 രൂപയും, 1950-51-ൽ 3,87,000 രൂപയും, 1952-53-ൽ 10,80,000 രൂപയും, 1953-54-ൽ 5,59,000 രൂപയും, ചെലവാക്കി മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. ഏ. കുഞ്ഞൻനാടാർ: നെയ്യാററിൻകരത്താലൂക്കിൽ വികസനപദ്ധതി ഉണ്ടായി എന്നും നെയ്യാർ അണയ്ക്കു വളരെ രൂപ ചെലവായി എന്നും പറഞ്ഞാൽ നെയ്യാററിൻകരതാലൂക്ക് തെക്കൻതിരുവിതാംകൂറിലാണ്.

ശ്രീ. ഏ. ജെ. ജാൺ: അതാണ് ഞാൻ പറഞ്ഞത് ഇടതുവശത്തെ കനാലിൽ എന്ന്. അതുകൊണ്ട് ഗുണം കിട്ടുന്നതും വിളവംകോട്ടിനാണ്. ഇനി കമ്മ്യൂണിററി പ്രാജക്ററിനെപ്പററി പറയാം. സ്റ്റേററിൽ രണ്ടു പ്രാജക്ററ് ആരംഭിച്ചതിൽ ഒന്ന് നെയ്യാററിൻകര-വിളവംകോട്ടാണ്.

ശ്രീ. ഏ. ചിദംബരനാഥനാടാർ: കമ്മ്യൂണിററിപ്രാജക്ററ സ്കീം അനുസരിച്ചു വിളവംകോട്ടുതാലൂക്കിൽ നാലുകാശുപോലും ചിലവാക്കിയില്ലെന്ന് അറിയാമോ?

ശ്രീ. ടി. വി. തോമസ്: സർ, കഴിഞ്ഞ മൂന്നു ദിവസങ്ങളായി നമ്മുടെ രാജ്യത്തിന്റെയും അതിൽ അധിവസിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെയും ഭാവിയെ സാരമായി സ്പർശിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. വെറും സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണെന്നും യാതൊരു പ്രായോഗികബുദ്ധിയും കാണിക്കുന്നില്ലെന്നും പരാതിപ്പെട്ടുകൊണ്ട് ശ്രീ. പട്ടം താണുപിള്ള നൽകിയ ഉപദേശങ്ങൾ മനസ്സിൽ വച്ചുകൊണ്ടുതന്നെയാണ് ഞാൻ ഈ പ്രശ്നത്തെ സമീപിക്കുന്നതു്. നമ്മളൊക്കെ ചിരകാലമായി അഭിലഷിച്ചുകൊണ്ടിരുന്ന ഐക്യകേരളം സ്ഥാപിതമാകാൻ പോകുകയാണ്. അതിന്റെ വളർച്ചയ്ക്കും വികാസത്തിനും വളരെയേറെ സംഭാവന ചെയ്യാൻ കഴിവുള്ള ഒരു വ്യക്തി എന്ന നിലയിൽ എനിക്കു ശ്രീ. താണുപിള്ളയോട് അഭ്യർത്ഥിക്കാനുള്ളതു് അദ്ദേഹം കുറച്ചു് പ്രായോഗികബുദ്ധി ഇക്കാര്യത്തിൽ കാണിക്കണമെന്നാണ്. സർ, ഇന്നു നിലവിലിരിക്കുന്ന സംസ്ഥാനങ്ങൾ നമ്മുടെ ജനതയുടെ ജനാധിപത്യാവകാശങ്ങളെ നിഷേധിക്കുന്നുണ്ട്. നമ്മുടെ ജനതയുടെ വളർച്ചയെ അതു തടസ്സപ്പെടുത്തുന്നുണ്ട്. ഒരു വിദേശക്കോയ്മയുടെ ഭരണത്തെ നിലനിർത്തുന്നതിനു സഹായകരമായാണ് സംസ്ഥാനങ്ങളെ സംഘടിപ്പിച്ചിരിക്കുന്നതു്. അതിനൊരു പരിഹാരം കാണണമെന്നുള്ള ആഗ്രഹം ഒരു തലമുറയ്ക്കു മുമ്പുതന്നെ നമ്മുടെ ജനതയ്ക്കു ഉണ്ടായിട്ടുള്ളതാണ്. ആ പരാതിക്കു് ഒരു പരിഹാരം നമ്മുടെ ഭരണഘടന വാർത്തെടുത്ത അവസരത്തിൽ ഉണ്ടാകുമെന്നും ഉണ്ടാക്കണമെന്നും നാമെല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതിനൊരു പരിഹാരം കാണാൻ സാധിച്ചില്ലെന്നു മാത്രമല്ല, നമുക്കോരോരുത്തർക്കും കൂടുതൽ അപമാനം വലിച്ചുവയ്ക്കുന്ന ചില വ്യവസ്ഥകൾ അംഗീകരിക്കാൻ നാം നിർബന്ധിതരാകുകയും ചെയ്തു. എ. ബി. സി. സ്റ്റേററുകളും, രാജവാഴ്ചയെ എതിർത്ത ജനങ്ങളുടെ മേൽ രാജപ്രമുഖസ്ഥാനവും വന്നുചേർന്നു. രാജപ്രമുഖസ്ഥാനം അലങ്കരിച്ചിരുന്ന വ്യക്തികളുടെ കാര്യത്തെപ്പററി ഈ അവസരത്തിൽ ചർച്ച ചെയ്യേണ്ടതില്ലെങ്കിലും, ആ സ്ഥാനം വളരുന്ന ജനതയ്ക്കു് അഭിമാനകരമല്ലെന്നുള്ളതിനു് സംശയമില്ല. എന്തായാലും സ്റ്റേററ് റീ ആർഗനൈസേഷൻ കമ്മീഷൻ ആ അപമാനത്തിനു് ഒരറുതി വരുത്തിയിട്ടുണ്ടെന്നു കാണുന്നതു് ചാരിതാർത്ഥ്യജനകമാണ്. ഭിന്നപദവികളിലുള്ള സ്റ്റേററുകൾ ഉണ്ടാകയില്ലെന്നും രാജപ്രമുഖന്മാർ ഉണ്ടാകുകയില്ലെന്നും നാം കാണുന്നുണ്ട്. അതിൽ നാമെല്ലാവരും സന്തോഷിക്കണം. സംസ്ഥാനപുനഃസംഘടനയ്ക്കു് മാനദണ്ഡമായി അംഗീകരിച്ചിരിക്കുന്ന തത്വം ഈ സഭയിൽ പലരും, പ്രത്യേകിച്ച് ശ്രീ. പട്ടം താണുപിള്ളയും രൂക്ഷമായി എതിർക്കുകയുണ്ടായി. സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കണമെന്നും അതു് ജനതയുടെ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമാണെന്നും നാം അംഗീകരിക്കുന്നുണ്ടെങ്കിൽ അതിനു പൊതുവേ അംഗീകരിക്കാവുന്ന ഒരു തത്വം അംഗീകരിക്കേണ്ടതല്ലേ എന്നു നാം ആലോചിക്കണം. സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കണമെന്നുള്ളതു് ആവശ്യമാണെങ്കിൽ, നമ്മുടെ വളർച്ചയ്ക്കും വികാസത്തിനും അതു് അത്യന്താപേക്ഷിതമാണെങ്കിൽ അതിനൊരു തത്വം നാം അംഗീകരിക്കേണ്ടതുണ്ട്. അല്ലാതെ കേരളസംസ്ഥാനത്തെപ്പററി സംസാരിക്കുമ്പോൾ നമ്മുടെ കയ്യിലുണ്ടായിരുന്ന സ്ഥലവും പിടിച്ചെടുക്കാൻ സാധിക്കുന്ന സ്ഥലവും നമുക്കിരിക്കട്ടെ എന്നും മററു സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം മററുചില തത്വം ഇരിക്കട്ടെ

എന്നും പറഞ്ഞാൽ അപഹാസ്യമായിരിക്കും. ഭാരതത്തിൽ ജീവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് പൊതുവേ അംഗീകരിക്കത്തക്ക ഒരു തത്വം നാം അംഗീകരിക്കണം. ആ തത്വം അത്രയും വാക്കുകളിൽ സമ്മതിച്ചിട്ടില്ലെങ്കിലും ഏറെക്കുറെ സമ്മതിച്ചിട്ടുള്ളത് സന്തോഷാവഹമാണ്. ഭാഷയുടെ അടിസ്ഥാനത്തിൽ പുനഃസംഘടന അംഗീകരിക്കുന്നില്ലെന്നു പലപ്പോഴും പറയുന്നുണ്ടെങ്കിലും ഭാഷയുടെ അടിസ്ഥാനത്തിൽതന്നെ പുനർവിഭജനം വേണമെന്നു പ്രയോഗത്തിൽ സമ്മതിച്ചിരിക്കയാണ്. ഇതല്ലാതെ മറ്റെന്തു തത്വമാണ് അംഗീകരിക്കേണ്ടതെന്ന് വളരെ വിനയപുരസ്സരം ഞങ്ങൾ ശ്രീ. പട്ടം താണുപിള്ളയോടു ചോദിച്ചുകൊള്ളുന്നു. സിദ്ധാന്തമില്ലാതെ വെറും പ്രായോഗിക ബുദ്ധി മാത്രം കൈക്കൊണ്ടതുകൊണ്ടു വരുന്ന ഭവിഷ്യത്തുകൾ അദ്ദേഹം മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തിന്റെ പാർട്ടിയിലുള്ള 5 പേർ സംസാരിച്ചതു 6 തരത്തിലാണെന്ന് അദ്ദേഹം മനസ്സിലാക്കണം. എന്തുകൊണ്ടാണ് അങ്ങനെ വന്നത്? ആ കാര്യത്തിൽ ഒരു പൊതുതത്വം അംഗീകരിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. ശാസ്ത്രീയമായ ഒരു വീക്ഷണം ആ കാര്യത്തിലെടുക്കാൻ സാധിക്കാത്തതാണ് കാരണം. ഈ തത്വത്തെ നിഷേധിച്ച കോൺഗ്രസ്സുകാരോട് എനിക്കു പരാതിയില്ല. അവർ അതറിഞ്ഞുകൊണ്ടു തന്നെയാണ് നിഷേധിക്കുന്നതു. ഗാന്ധിജിയുടെ ലഗസിയെപ്പറ്റി ചൂണ്ടിക്കാണിച്ച മുഖ്യമന്ത്രി അതേ ശ്വാസത്തിൽ തന്നെ അതിനെതിരായി വാദിക്കുകയുണ്ടായി. മഹാനായ ഗാന്ധിജി, അദ്ദേഹം മരിക്കുന്നതിനു മുമ്പ് ഒരു ലഗസി തന്നിട്ടുണ്ടെന്നു പറഞ്ഞു. നമ്മുടെ സ്വാതന്ത്ര്യം വികസിക്കുന്നതിനും ജനതയുടെ വളർച്ചയ്ക്കും ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന നടത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചുവെന്നു പറയുന്നതോടുകൂടിത്തന്നെ കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള കേരളം വേണമെന്ന് വാദിക്കാൻ തുടങ്ങി. ഗാന്ധിജിയുടെ പേരു പറഞ്ഞ് ഗാന്ധിജിയുടെ സിദ്ധാന്തങ്ങളെ എതിർക്കുന്ന കാൺഗ്രസ്സ് പാർട്ടിയിൽനിന്നും അങ്ങിനെ ഒരു വാദഗതി വന്നതിൽ എനിക്കു ദുഃഖമില്ല. നേരെമറിച്ച് പി. എസ്. പി. യിൽനിന്നും ...., ...

ശ്രീ. കെ. കരുണാകരൻ: ആ ഗാന്ധിജിയുടെ കാലത്തുതന്നെ സംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനത്തിൽ ഈ പ്രദേശങ്ങളെല്ലാം പെടുമെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ടി. വി. തോമസ്: തീർച്ചയായും ഞാനതു മനസ്സിലാക്കുന്നു. അതുപോലും എനിക്കറിഞ്ഞുകൂടെന്നു വിധിക്കുന്നതു കുറച്ചു ഖേദകരമാണ്.

ഒരു ഭരണകൂടത്തെ എതിർക്കുന്നതിനുവേണ്ടി ഒരു രാഷ്ട്രീയസംഘടന ഒരു പ്രത്യേക തത്വം നടപ്പിലാക്കുന്നതും ഭരണം കയ്യിൽ കിട്ടിയശേഷം ആ തത്വം നടപ്പിലാക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടായിരിക്കുമെന്ന് എന്റെ സ്നേഹിതൻ മനസ്സിലാക്കണം. സംസ്ഥാന പുനർവിഭജനം ആവശ്യമില്ലെങ്കിൽ അതു വേണ്ടെന്നു പറയണം. ആവശ്യമാണെങ്കിൽ അതിന് ശാസ്ത്രീയമായ ഒരു സിദ്ധാന്തം അംഗീകരിച്ചേ തീരൂ. അതു ഭാഷയല്ലാതെ മറ്റൊന്നും ആയിരിക്കാൻ സാദ്ധ്യമല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങൾക്കു മാത്രമല്ല, ആധുനികലോകം അതംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഡാക്ടർ മേനോൻ ചോദിക്കുകയുണ്ടായി, ലോകത്തിൽ എവിടെയെങ്കിലും

[ശ്രീ. ടി. വി. തോമസ്]

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം കെട്ടിപ്പടുത്തിട്ടുണ്ടോ എന്നു്. ഭാഷയുടെ അടിസ്ഥാനത്തിൽ സ്വയം നിർണ്ണയാവകാശം അനുവദിച്ചിട്ടുള്ള ജനത ഉൾക്കൊള്ളുന്ന രാഷ്ട്രങ്ങൾക്കു മാത്രമേ നിണ്ടുനിൽക്കാൻ സാധിച്ചിട്ടുള്ളുവെന്നു് ചരിത്രം നമ്മെ പഠിപ്പിച്ചു. തമിഴരുടേയും മലയാളികളുടേയും ജന്മാവകാശത്തെപ്പററി ചർച്ചചെയ്യുന്ന സന്ദർഭത്തിൽ ചരിത്രത്തെ തേടിനടക്കുന്ന ഒരു കൂട്ടരെ കാണുന്നു. എന്തിനാണു് ഈ ചരിത്രത്തെ തേടിപ്പോകുന്നതു്? മററുള്ളവരുടെ അവകാശത്തെ നിഷേധിക്കാൻ. സ്വന്തനിലയിൽ അവകാശപ്പെടുന്ന അവകാശം മററുള്ളവർക്കു കൊടുക്കാതിരിക്കാൻ ചരിത്രം തേടിനടക്കുന്നു. ചരിത്രം എത്ര മോഹനമാണെങ്കിലും, യാഥാർത്ഥ്യങ്ങളെ നേരിടാൻ നമ്മെ സഹായിക്കാത്ത ചരിത്രം പഴംകഥകളായി തള്ളപ്പെടുകയേയുള്ളു. ചരിത്രത്തെ അന്വേഷിക്കുന്നവർ മറെറാരു ചരിത്രം മറന്നു പോയതാണു് പരിതാപകരം. ഭാഷയുടെ അടിസ്ഥാനത്തിൽ പരിപൂർണ്ണമായ സ്വയം നിർണ്ണയാവകാശം അനുവദിച്ചിട്ടുള്ള രാഷ്ട്രങ്ങൾക്കു മാത്രമേ നിലനിൽക്കാൻ സാധിച്ചിട്ടുള്ളു എന്നുള്ള ചരിത്രം ഇക്കൂട്ടർ മറന്നു പോകുന്നു. അതു് മറക്കരുതെന്നാണു് എനിക്കു പറയാനുള്ളതു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് പ്രസംഗിച്ച അവസരത്തിൽ ഒന്നരക്കോടി മലയാളികളുടെ ചിരകാലസ്വപ്നം യാഥാർത്ഥ്യമായി രൂപം കൊള്ളുന്നു, ഐക്യകേരളം വരാൻ പോകുന്നു, അതിൽ അദ്ദേഹം ഉന്മേഷം കൊള്ളുന്നു എന്നെല്ലാം പ്രസ്താവിക്കയുണ്ടായി. ആ ഉന്മേഷത്തിൽ ഞങ്ങളും പങ്കുകൊള്ളുന്നു. ഐക്യകേരളം ഒന്നരക്കോടി മലയാളികളുടെ ചിരകാലാഭിലാഷമാണു്. അതു സാധിക്കുന്ന, രൂപംകൊള്ളുന്ന ആ സുദിനം നമുക്കു് പുളകം ചാർത്തുന്ന ദേശീയ ഉത്സവമായിരിക്കുമെന്നുള്ളതിനു് സംശയമില്ല. എന്തെന്നാൽ ഒന്നരക്കോടി മലയാളികളുടെ ജന്മാവകാശം സാധിച്ചുകിട്ടുകയാണു്. ആ സ്ഥിതിക്കു് മൂന്നുകോടി തമിഴരുടെ ജന്മാവകാശം അതോടുകൂടി അനുവദിച്ചുകൊടുക്കാൻ നമുക്കു് ഒരു മനോഭാവമില്ലെങ്കിൽ ഐക്യകേരളം സാധിച്ചുകിട്ടിയതിലുള്ള സന്തോഷത്തിൽ എന്താത്മാർത്ഥതയാണുള്ളതെന്നാണു് ഞാൻ ചോദിക്കുന്നതു്? മലയാളികളുടെ ജന്മാവകാശമാണു് ഐക്യകേരളമെങ്കിൽ, അതു സിദ്ധിച്ചുകിട്ടിയാൽ അവരുടെ ചാരിതാർത്ഥ്യം മലയാളികൾക്കു് ഉണ്ടാകുമെങ്കിൽ ഐക്യതമിഴകം രൂപീകരിക്കാനുള്ള തമിഴരുടെ അവകാശം നിഷേധിച്ചാൽ അവർക്കു് എത്രമാത്രം ഹൃദയവേദന ഉണ്ടാകുമെന്നു് നാം ആലോചിക്കേണ്ടതാണു്.

അതാണു്, ശ്രീ. എ. താണുപിള്ളയോടു് അദ്ദേഹം ഉന്നയിച്ച വാദമുഖങ്ങളെപ്പററി ഒന്നുകൂടി പര്യാലോചിക്കണമെന്നു ഞാൻ പറയുന്നതു്. നമ്മോടുകൂടി നില്ക്കുവാൻ തയാറല്ലാത്ത നമ്മുടെ തമിഴ് സഹോദരന്മാരെ ഇനിയും പിടിച്ചുനിറുത്തിയിരിക്കാമെന്നും, അങ്ങനെയുള്ള ഒരു നില നമ്മുടെ സംസ്ഥാനത്തിനു മേന്മയുണ്ടാക്കുന്നതായിരിക്കുമെന്നും കരുതുന്നതു് പ്രായോഗികബുദ്ധിയില്ലായ്മകൊണ്ടു മാത്രമാണു്. തറവാടു് വികസിച്ചുവരുമ്പോൾ അനന്തിരവന്മാർ ഭാഗത്തിനുവേണ്ടി വാദിക്കും. പഴയ കാരണവന്മാർ അതിനെ എതിർക്കുന്നതായി നാം കണ്ടിട്ടുണ്ടു്. അതിലേക്കു് എന്തെല്ലാം ന്യായങ്ങൾ പറയുമെന്നറിയാമോ? പിരിഞ്ഞു പോകാനാഗ്രഹിക്കുന്ന അനന്തിരവന്മാരുടെ ഗുണത്തിനുവേണ്ടി പിരി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞുപോകരുതെന്നു അവർ പറയും. തെക്കൻതിരുവിതാംകൂറിലെ തമിഴർ മദ്രാസിലേക്കു പോയാൽ, കൂടുതൽ നികുതി കൊടുക്കണംപോലും. അതറിഞ്ഞുകൊണ്ടു് അവർ പോകാൻ തയ്യാറായാൽ, നാം അതിൽ എന്തിനു പരിഭവിക്കണം? അവകാശവുംപേറിക്കൊണ്ടു പോകുന്ന തമിഴർ അവരുടെ തായ്നാട്ടിൽ ചെന്നാൽ, അവിടെ അവരുടെ സഹോദരന്മാർക്കുകൂടി ആ അവകാശം ലഭിക്കുകയില്ലെന്നു് ആരുകണ്ടു? അവർ അവിടെ ചെല്ലുന്നതുകൊണ്ടു്, അങ്ങനെ, മററ തമിഴ്സഹോദരന്മാർക്കും ഉണ്ടാകുമെങ്കിൽ, അവർ പോകേണ്ടതല്ലേ?

നമ്മൾ ഒരു പുതിയ ചരിത്രം സൃഷ്ടിക്കുകയാണു്. മഹത്തായ ഒരു ചരിത്രം ഇൻഡ്യൻ ജനത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു്. വിവിധങ്ങളായ അവകാശങ്ങൾ ജനങ്ങൾതമ്മിൽ കൈമാറിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ അവകാശങ്ങൾ കൈ മാറിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, പറയേണ്ട കാര്യങ്ങൾ മാത്രമേ പറയാവൂ. ഉപ്പു നഷ്ടപ്പെട്ടുപോകും, കരുപ്പട്ടി കിട്ടുകയില്ല, ടാർ ഇട്ട റോഡുകൾ ഉണ്ടു്, എന്നൊക്കെ പറയുന്നതു് എത്രമാത്രം ബാലിശമാണെന്നോർക്കണം. രാഷ്ട്രീയ പ്രബുദ്ധതയുള്ളവരാണെന്നും, മററ രാഷ്ട്രങ്ങൾക്കു മാതൃകാരാജ്യമാണു് നമ്മുടെ രാജ്യമെന്നും പറയുന്ന തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ ഇങ്ങനെ പറയുന്നതു് കുറച്ചിലല്ലയോ? ഐക്യകേരളം ജന്മാവകാശമാണെന്നു പറയുന്ന അതേസമയത്തിൽ തമിഴരോടു നിങ്ങൾക്കതിനു അവകാശമില്ലെന്നു പറയുക; അതും ചില ബാലിശവാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു്. അതു് രാജ്യത്തിനൊട്ടാകെതന്നെ അപമാനകരമാണു്. ഞാൻ ഉൾക്കൊള്ളുന്ന മലയാള ജനതയ്ക്കു അതു ഒരിക്കലും അഭിമാനകരമല്ല. ഏതവകാശ കൈമാററത്തിലും ഏതു തർക്കം തീരുമാനിക്കുന്ന അവസരത്തിലും വ്യവസ്ഥകൾ ഉണ്ടായിരിക്കണം. സ്റ്റേററുകൾ തമ്മിൽ വേർതിരിയുന്ന അവസരത്തിൽ, അല്ലെങ്കിൽ ഏതെങ്കിലും ഒരു സ്റ്റേററിൽനിന്നും പ്രദേശങ്ങൾ പിരിയുന്ന സന്ദർഭത്തിൽ, പറയേണ്ട ചില വ്യവസ്ഥകൾ ഉണ്ടു്. എന്താണു് ആ വ്യവസ്ഥകൾ? ഓരോ സ്റ്റേററിന്റെയും നിലനിൽപ്പിനും സാമ്പത്തി ഭദ്രതയ്ക്കും ആവശ്യമായ വ്യവസ്ഥകൾ അപ്പോൾ പറയേണ്ടതാണു്. ആ വ്യവസ്ഥകൾക്കുവേണ്ടി ഞങ്ങൾ നിലകൊള്ളുന്നു.

സർ, നേരത്തെ ഞാനിവിടെ പ്രസ്താവിച്ചതുപോലെ, സംസ്ഥാന പുനർവിഭജനം ആവശ്യമെന്നു കണ്ടപ്പോൾ, അതിനടിസ്ഥാനമാക്കേണ്ടുന്ന ഒരു സിദ്ധാന്തത്തെപ്പററി നാം ആലോചിക്കുകയും, ഏറെക്കുറെ ഒരു പൊതുതീരുമാനത്തിൽ നാം ചെന്നു എത്തുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയിലെ വിവിധ രാഷ്ട്രീയപാർട്ടികൾ, ഗൗരവമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും, ആ സിദ്ധാന്തം അംഗീകരിച്ചിട്ടുമുണ്ടു്. ഭാഷയുടെ അടിസ്ഥാനത്തിൽ വേണം സംസ്ഥാനപുനർവിഭജനം നടത്തുവാൻ എന്നു്. ആ തത്വം ഏറെക്കുറെ കമ്മീഷൻ അംഗീകരിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ ആ തത്വം അംഗീകരിച്ചു നടപ്പിൽ വരുത്തിയപ്പോൾ, ചില തകരാറുകൾ വന്നിട്ടുണ്ടു്. ആ തകരാറുകൾ തിരുത്തുകയെന്നുള്ളതാണാവശ്യം. അതു് തിരുത്തുന്ന അവസരത്തിൽ എന്റെ തമിഴ് സ്നേഹിതന്മാരോടു എനിക്കു ചോദിക്കുവാനുള്ളതു്, നമുക്കു തമ്മിൽ സ്നേഹപൂർണ്ണമായ ഒരു മനോഭാവത്തോടുകൂടി അതു ചെയ്യുവാൻ സാധിക്കുകയില്ലേ എന്നാണു്. ഒമ്പതു താലൂക്കുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള നിങ്ങളുടെ ആ ഒരു നില

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

പാട്, അതിനു സഹായകമല്ലെന്നു നിങ്ങൾ മനസ്സിലാക്കണം. സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും ഭാഷയല്ലാതെ, ഇതുപോലെയുള്ള സന്ദർഭത്തിൽ, സ്വാർത്ഥത്തിന്റെയും പ്രതികാരത്തിന്റെയും ഭാഷ ഉപയോഗിക്കരുത്. തമിഴകത്തേക്കു പിരിഞ്ഞുപോകണമെന്നുള്ള വാദഗതിയെ ഉന്നയിച്ചുകൊണ്ട് ശ്രീ. കുഞ്ഞൻനാടാർ പ്രസംഗിച്ചപ്പോൾ തെക്കൻ തിരുവിതാംകൂറിലെ തമിഴരെ മലയാളി ഗവണ്മെന്റിന്റെ പോലീസുകാർ മർദ്ദിച്ച കാര്യങ്ങൾ പറയുകയുണ്ടായി. ഈ അവസരത്തിൽ അതു വേണ്ടമായിരുന്നോ? അതു വേണ്ടായിരുന്നു എന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ആരോപണങ്ങൾക്ക് ആത്മാർത്ഥതയില്ലാതിരിക്കുന്നതുകൊണ്ട്. തമിഴ്ജനതയ്ക്കെതിരായി മലയാളി ഗവണ്മെന്റിന്റെ പോലീസ് അക്രമങ്ങൾ അഴിച്ചുവിട്ടു എന്നദ്ദേഹം പറഞ്ഞു. മലയാളിഗവണ്മെന്റിന്റെ പോലീസ് മലയാളികളുടെ നേരെ മർദ്ദനം തുടങ്ങിയപ്പോൾ അദ്ദേഹം സ്വീകരിച്ച നില എന്തായിരുന്നു? തമിഴരുടെ നേരെ, മലയാള പോലീസ് അക്രമങ്ങൾ നടത്തരുതെന്നേ അദ്ദേഹത്തിനഭിപ്രായമുള്ളു. ഏതായാലും ഈ അവസരത്തിൽ യുക്തിയുടെ ഭാഷയാണ് ഉപയോഗിക്കേണ്ടതു്.

കമ്മീഷന്റെ ശുപാർശകളിൽ എന്തെങ്കിലും തെററുണ്ടെങ്കിൽ, അതു തിരുത്തണം. തെററുകൾ സംഭവിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: മലയാളികളും തമിഴരുമായി യോജിച്ച് ഒരു തീരുമാനം ഉണ്ടാക്കണമെന്നു പറഞ്ഞല്ലോ, എന്തടിസ്ഥാനത്തിലാണ് അതുണ്ടാക്കേണ്ടതു്?

ശ്രീ. ടി. വി. തോമസ്: അതാണ് എന്റെ പ്രസംഗത്തിന്റെ പ്രത്യേക ഉദ്ദേശം. ഭാഷയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനങ്ങൾ പുനർവിഭജിക്കണം എന്നു പറഞ്ഞിട്ട് അതിന്റെ അടിസ്ഥാനഘടകമായി താലൂക്കു എന്നുള്ളതംഗീകരിച്ചതുകൊണ്ടാണ് ചില കുഴപ്പങ്ങൾ ഉണ്ടായതു് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. നേരെമറിച്ച് അടിസ്ഥാനഘടകങ്ങളായി സ്വീകരിക്കുന്നതു് വില്ലേജസ് ആയിരുന്നു എങ്കിൽ ഇത്രയും തർക്കം ജനങ്ങൾ തമ്മിൽ അതിർത്തിക്കാര്യത്തിൽ വരികയില്ലായിരുന്നു. അടിസ്ഥാനഘടകമായി താലൂക്കെടുത്തതുകൊണ്ട് സംസ്ഥാന പുനർവിഭജനത്തിന്റെ ഉദ്ദേശംതന്നെ തോൽപ്പിക്കപ്പെട്ടുപോയി എന്നാണ് എനിക്കു പറയുവാനുള്ളതു്. കമ്മീഷനംഗങ്ങൾ ഇക്കാര്യങ്ങൾ മനസ്സിലാക്കാത്തതിൽ, അങ്ങനെ മനസ്സിലാക്കി പ്രവർത്തിക്കാതിരുന്നതിൽ കൂടുതൽ കുഴപ്പങ്ങൾക്കിടയായിട്ടുണ്ട്. താലൂക്കടിസ്ഥാനഘടകങ്ങളായിട്ടെടുത്താൽ, ആ താലൂക്കിലുള്ള പ്രബലകക്ഷികളും ന്യൂനപക്ഷകക്ഷികളും തമ്മിൽ അവകാശത്തർക്കങ്ങളും, മത്സരങ്ങളും, വടംവലികളും ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് അടിസ്ഥാനഘടകമായി ഗ്രാമങ്ങളെ അംഗീകരിച്ചുകൊണ്ട് സംസ്ഥാനപുനർവിഭജനം നടത്തേണ്ടതാണ്.

അടിസ്ഥാനഘടകം വില്ലേജു് എന്നു പറയുമ്പോൾ എന്താണ് വില്ലേജു് എന്നും ആരൊക്കെയാണ് വില്ലേജേഴ്സ് എന്നും, നിർവചിച്ചിരിക്കേണ്ടതാണ്. സ്ഥിരമായി താമസിക്കുന്നവർ, എന്നുവച്ചാൽ ഭൂമിയുമായി ബന്ധമുള്ളവരായിരിക്കണം. അവർ മാത്രമാണ് വില്ലേജിൽ ഉൾപ്പെടുന്നതു്. ഭൂമിയുമായി ബന്ധമുള്ളവർ മാത്രമേ സ്ഥിരമായി താമസി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ഒക്കുകയുള്ളു. ഇല്ലെങ്കിൽ ജോലികഴിഞ്ഞാൽ വഴിക്കൊത്തും വാങ്ങി അവർ പോകും. ഒരു വില്ലേജിലുള്ളവർ ഏതുഭാഷയിലാണു കൂടുതലായി സംസാരിക്കുന്നതു് എന്നു നോക്കി ആ വില്ലേജ് അതാതു സംസ്ഥാനത്തു ചേർക്കണം. എങ്കിൽത്തന്നെയും അതിർത്തിത്തർക്കങ്ങൾ ഉണ്ടാകും. ആ തർക്കങ്ങൾ തീർക്കുന്നതിനായി പരിഗണിക്കേണ്ട വ്യവസ്ഥകളും തീരുമാനിച്ചിരിക്കണം. ആന്ധ്രാസ്റ്റേറ്റ് രൂപീകരിച്ചതിനുശേഷം മദ്രാസ് സ്റ്റേറ്റും ആന്ധ്രാസ്റ്റേറ്റും തമ്മിൽ അതിർത്തികൾ നിർണ്ണയിക്കുന്നതിനു ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായി. ആ കാൺഫറൻസിൽ വെച്ചു് അവർ അംഗീകരിച്ച തത്വങ്ങൾ, എന്റെ ബഹുമാന്യ തമിഴ് സ്നേഹിതന്മാർ അവക്കുണ്ടായിരിക്കണമെന്നു പറയുന്ന പ്രദേശങ്ങളെ സംബന്ധിച്ചും സ്വീകരിക്കുമോ എന്നാണു് എനിക്കവരോടു ചോദിക്കുവാനുള്ളതു്. സർ, അങ്ങു് അനുവദിക്കുമെങ്കിൽ, ആ കാൺഫറൻസിൽ വച്ചു് അവർ സ്വീകരിച്ച പരിഗണനകൾ എന്തെല്ലാമാണെന്നു് ഞാൻ വായിക്കാം.

Fixing of border-Adoption of entries within the Andhra State

ആന്ധ്രാസ്റ്റേറ്റിലെ മന്ത്രിമാരും മദ്രാസ് സ്റ്റേറ്റിലെ മന്ത്രിമാരും കൂടി ചെയ്തിട്ടുള്ള ഈ പ്രസ്താവനയിൽ അതിർത്തിത്തർക്കങ്ങൾ തീർക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള ക്രൈറ്റീരിയൻ എന്താണെന്നു പറയുകയാണു്.

"Criteria (1) That the boundary-line should be a continuous one and isolated pockets should be avoided;

(2) The village should be the unit for consideration and partition of villages should be avoided;

(3) Villages with over 50 percent of Telugus should be incorporated in the Andhra State to the extent possible and *vice versa* ; and

(4) Due consideration should be given to geographical features such as hills, forests and rivers etc; constituting natural boundaries between the two States, and economic features such as irrigation sources and their Ayacuts being in the same State."

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസ്സംഘടിപ്പിക്കണമെന്നുള്ള തത്വം അംഗീകരിച്ചു. അതിന്റെ അടിസ്ഥാനഘടകം വില്ലേജായിരിക്കണമെന്നും അംഗീകരിച്ചു. ഇനിയും ശേഷിക്കുന്ന സംഗതികൾ തീരുമാനം ചെയ്യുന്നതിനു സ്വീകരിക്കേണ്ട പരിഗണനകളാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. ഈ പരിഗണനകൾ നിങ്ങളും അംഗീകരിക്കുവാൻ തയാറാകണം. ആന്ധ്രായും മദ്രാസും തമ്മിൽ അതിർത്തികൾ നിർണ്ണയിക്കുന്നതിനു് ഇങ്ങനെ ഒരു പരിഗണന അംഗീകരിക്കാമെങ്കിൽ കേരളവും തമിഴ്നാടും തമ്മിലുള്ള അതിർത്തിത്തർക്കങ്ങൾ തീർക്കുന്നതിനും അതേ പരിഗണനകൾ അംഗീകരിക്കുവാൻ തയാറാകുമോയെന്നാണു് ഞാൻ ചോദിക്കുന്നതു്. അംഗീകരിക്കുവാൻ തയാറാകുമെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

ഞങ്ങളും നിങ്ങളും തമ്മിൽ സ്നേഹത്തോടും സൗഹാർദ്ദത്തോടുംകൂടി കൈകോർത്തു പിടിച്ചുകൊണ്ടു് മുമ്പോട്ടു പോകാം. അതുകൊണ്ടു് അതിനായി ഞാൻ ഒരു നിർദ്ദേശം ഇവിടെ വയ്ക്കാൻ, സർ, ഞാൻ അങ്ങയുടെ അനുവാദം ചോദിക്കുകയാണു്. ഈ അതിർത്തിയുടെയും പ്രദേശങ്ങളുടെയും തർക്കം തീർക്കാൻവേണ്ടി താഴെ പറയുന്ന പരിഗണനകൾ അംഗീകരിക്കുവാൻ ഈ സഭ ശുപാർശ ചെയ്യണമെന്നാണെനിക്കു പറയുവാനുള്ളതു്.

That in demarcating the boundary line, the following criteria shall be adopted, namely;

3 P M

(a) contiguity of territory with a given linguistic region with the village as unit and the language of the majority of the population therewith.

(b) the boundary line should be a continuous one and isolated pockets should be avoided, and

(c) due consideration should be given to the needs of Kerala with regard to the water and other resources.

ശ്രീ. പി. രാമസ്വാമിപ്പിള്ള: സി വിഭാഗത്തിൽ Kerala and Madras State എന്നു ഭേദഗതി ചെയ്യുവാൻ തയാറുണ്ടോ?

ശ്രീ. ടി. വി. തോമസ്സ്: കേൾവിയിൽ അതു് നല്ലതാണെന്നു തോന്നാം. എങ്കിലും ആ പ്രപ്പോസൽ സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടു്. കാരണം, കേരളസ്റ്റേറ്റിന്റെ സാമ്പത്തികഭദ്രതയ്ക്കു് അത്യന്താപേക്ഷിതമാണെന്നു കരുതപ്പെടുന്ന പ്രദേശങ്ങൾ—കേരളസ്റ്റേറ്റിനു് നിലനിൽക്കണമെന്നുണ്ടെങ്കിൽ തന്നെയും ആവശ്യമായിട്ടുള്ള ആ പ്രദേശങ്ങൾ—ഇതിൽത്തന്നെ ഇരിക്കണമെന്നുള്ളതുകൊണ്ടു് അതിനു് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണെന്നാണു് എന്റെ നിർദ്ദേശംകൊണ്ടു് ഉദ്ദേശിക്കുന്നതു്. അങ്ങനെയുള്ള പരിഗണനകളൊന്നും കൂടാതെ, നിങ്ങളുടെ കാര്യംമാത്രം കരുതണമെന്നു പറയുന്നതു് സ്വാർത്ഥതയുടെ ഭാഷയാണു്. മിസ്റ്റർ സുബ്രഹ്മണ്യം മദ്രാസ് അസംബ്ലിയിൽ എസ്. ആർ. സി. റിപ്പോർട്ടിനെക്കുറിച്ചു സംസാരിച്ചുകൊണ്ടു് ഈ പ്രപ്പോസലിനെ അംഗീകരിച്ചിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. എം. പി. മേനോൻ: ഇപ്പോൾ പറഞ്ഞതിൽ 'A'-യിൽ ചേർത്തിരിക്കുന്നതും 'C'-ൽ ചേർത്തിരിക്കുന്നതുമായി കാൺഫ്ളിക്റ്റ് ഉണ്ടായാൽ ഏതാണു് അംഗീകരിക്കേണ്ടതു്?

ശ്രീ. ടി. വി. തോമസ്സ്: അവസാനത്തേതാണു് ഗവേർണിംഗ് ക്ലാസ്. അതുകൊണ്ടു് അതിനാണു് പ്രാധാന്യം കൊടുക്കേണ്ടതു്. ഭാഷയ്ക്കും വില്ലേജിനും പ്രാധാന്യം കൊടുക്കണമെന്നു പ്രസംഗിച്ച മിസ്റ്റർ സുബ്രഹ്മണ്യം, ചിലപ്പോൾ അതിൽനിന്നും വിഭിന്നമായ ഒരു നിലപാട് സ്വീകരിക്കേണ്ടിവരുമെന്നു് പറഞ്ഞിട്ടുണ്ടെന്നു് നാം ഓർമ്മിക്കേണ്ടതാണു്. കൊല്ലംകോടിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞതു് ഭാഷയും മററു കാര്യങ്ങളും നോക്കിയാൽ അതു് മദ്രാസിനു കിട്ടുകയില്ലെന്നും എന്നാൽ മലയും കാടും എല്ലാം അവർക്കു് വേണമെന്നുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. കുഞ്ഞൻനാടാർ: മിസ്റ്റർ സുബ്രഹ്മണ്യത്തിനും അങ്ങേയ്ക്കും ഒരേ അഭിപ്രായമാകാമോ?

ശ്രീ. ടി. വി. തോമസ്സ്: മിസ്റ്റർ സുബ്രഹ്മണ്യം പറയുന്ന പ്രദേശത്തേയ്ക്കു പോകുന്ന നിങ്ങൾ അദ്ദേഹം പറഞ്ഞ നല്ല കാര്യങ്ങൾകൂടി കേൾക്കേണ്ടതാണ്. അതിർത്തികൾ ഡിമാർക്കേറ്റ് ചെയ്യുന്ന സന്ദർഭത്തിൽ ഈ മൗലികതത്വങ്ങൾക്ക് ചിലപ്പോൾ വ്യതിയാനം ഉണ്ടായി എന്നുവരും. അതുകൊണ്ട് ഞങ്ങൾ ഇടതുപക്ഷ പാർട്ടികൾ പറയുന്നത് ഈ നാലു താലൂക്കുകളുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ തുനിയാതെ വാദിക്കുന്ന നിങ്ങൾ ദേവികുളം-പീരുമേടിന്റെ കാര്യത്തിൽ അങ്ങനെ ഒരു പിടിവാദം വയ്ക്കരുതെന്നാണ്. കാരണം നിങ്ങൾ പുറപ്പെടുവിച്ച തത്വമനുസരിച്ചുതന്നെയായാലും അതിനുപരി ചില പരിഗണനകൾ ആവശ്യമാണ്. ആ പരിഗണനകൾ അംഗീകരിക്കേണ്ടതുമാണ്. മാത്രമല്ല, ഈ പരിഗണന മററു സ്ഥലങ്ങളിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേവികുളം-പീരുമേട് കിട്ടിയില്ലെങ്കിൽ നിങ്ങൾക്ക് നദീജലം കിട്ടുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നു. അതിനെയുള്ള ഭയത്തിന് കേരളസ്റ്റേററിനെ സംബന്ധിച്ചിടത്തോളം അവശ്യമുണ്ടോ എന്ന് നിങ്ങൾ ആലോചിച്ചുനോക്കണം. രാഷ്ട്രീയപ്രബുദ്ധത—രാഷ്ട്രീയപ്രബുദ്ധത എന്നു എത്രതന്നെ ആവർത്തിച്ചുപറഞ്ഞാലും തീരാത്ത നേട്ടം കിട്ടിയിരിക്കുന്ന ഒരു ജനത ഇവിടെ ഇരിക്കുമ്പോൾ—സുശക്തമായ ഒരു ഇടതുപക്ഷ പാർട്ടി ഇവിടെ ഇരിക്കുമ്പോൾ നിങ്ങൾക്ക് ആവശ്യമുള്ള വെള്ളം തരാതെ നിങ്ങളെ കരിച്ചുണക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നത് ശരിയല്ല. അതിർത്തിവിഭജനം കഴിഞ്ഞാലും നെയ്യാർഡാമിന്റെ ലെഫ്ററ ബാങ്കിന്റെ പ്രവർത്തനം നിറുത്തിവയ്ക്കുമെന്ന് നിങ്ങൾ ഭയപ്പെടേണ്ട. തെക്കൻ തിരുവിതാംകൂറിലെ നാലു താലൂക്കുകളും ഒരിക്കലും വിട്ടുകൊടുക്കരുതെന്ന് പി. എസ്. പി. പ്രസംഗിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഈ നാലു താലൂക്കുകൾ മദ്രാസിൽ പോകേണ്ടതു് അവരുടെ ആവശ്യമാണെന്നും അവകാശമാണെന്നും ധീരമായി പറയുവാനുള്ള ഇടതുപക്ഷ പാർട്ടി ഇവിടെ ഉള്ളപ്പോൾ—കുടിക്കുവാനുള്ള നദീജലത്തിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഭയത്തിനവകാശമുണ്ടോ എന്ന് ഒന്ന് ആലോചിച്ചുനോക്കണം. ഈ രണ്ടു താലൂക്കുകളും ഇവിടെ നിൽക്കേണ്ടതു് അത്യാവശ്യമാണ്, അനവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ സ്റ്റേററ് നിലനിൽക്കാൻ സാധിക്കാത്തവണ്ണം, ഈ സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിയെ ചോദ്യം ചെയ്യത്തക്കവണ്ണം നിങ്ങൾ വാദിക്കരുത്. അങ്ങനെ വാദിക്കുന്നതു് ശത്രുവിന്റെ തന്ത്രമാണ്. ഒരു ചുട്ടുകരിക്കൽനയം നിങ്ങൾ എടുക്കരുത്. നിങ്ങളുടെ ന്യായമായ അവകാശത്തിൽ കൂടുതൽ വേണമെന്നു പറയുന്നതു് മിത്രത്തിന്റെ ഉദ്ദേശമല്ല. അതുകൊണ്ട് ശരിയായും പ്രായോഗികമായും ഉള്ള വീക്ഷണഗതി നിങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. തമിഴ്നാട്ടുകാരുടെ അവകാശവാദത്തെ ഞങ്ങൾ അംഗീകരിക്കുമ്പോൾ ഞങ്ങളുടെ അവകാശത്തെ നിങ്ങൾ അംഗീകരിക്കാതിരിക്കുന്നതു് ഖേദകരമാണ്. നിങ്ങൾക്ക് ഞങ്ങൾക്കുള്ളതുപോലെയുള്ള ആത്മാർത്ഥതയുണ്ടെങ്കിൽ ഗൂഡല്ലൂരിന്റെ കാര്യത്തിൽ നിങ്ങൾ എന്തുകൊണ്ട് ശരിയായ അഭിപ്രായം പറഞ്ഞില്ല. നെയ്യാററിൻകര താലൂക്ക് ചോദിക്കാൻ മടിക്കാത്ത നിങ്ങൾ ഗൂഡല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

കേരളത്തിൽത്തന്നെ നിൽക്കണമെന്നു പറയുവാൻ സൗമനസ്യം കാണിക്കാത്തതിൽ ഖേദമുണ്ട്. അതുകൊണ്ട് ഇരുകൂട്ടരും അംഗീകരിച്ചിരിക്കുന്ന ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുവേ എല്ലാവരും അംഗീകരിച്ചിട്ടുള്ള തത്വങ്ങൾ സ്വീകരിച്ച് ഈ തർക്കം തീർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, അതുകൊണ്ട് ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവിഭജനം നടത്തണമെന്നുള്ള തത്വം ഞങ്ങൾ അംഗീകരിച്ചിരിക്കുകയാണ്. ഐക്യകേരളം മലയാളികളുടെ ജന്മാവകാശമാണെങ്കിൽ അതുപോലെ ഐക്യതമിഴകവും തമിഴരുടെ ജന്മാവകാശമാണ്. നാലു താലൂക്കുകൾ മദ്രാസിൽ ചേരണമെന്നുള്ളത് നാം അംഗീകരിക്കണം. ഐക്യകേരളം നമുക്ക് എപ്രകാരം പ്രിയംകരമോ അതുപോലെ ഐക്യതമിഴകവും അവർക്ക് പ്രിയംകരമാണ്. അതിൽ ഗുണവും ദോഷവും ഉണ്ടായിരിക്കാം. എങ്കിലും മൗലികാവകാശത്തെ സംബന്ധിച്ചിടത്തോളം ഗുണവും ദോഷവും നോക്കാതെ ഈ കാര്യങ്ങൾ നാം അംഗീകരിക്കേണ്ടതാണ്. സംസ്ഥാന പുനർവിഭജനം സംസ്ഥാനങ്ങളുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് അത്യാവശ്യമാണ്. അതു് നിഷേധിക്കാൻ തയ്യാറായാൽ അതു് ശരിയായ അടിസ്ഥാനത്തിലായിരിക്കുകയില്ലെന്നുള്ള വസ്തുത മനസ്സിലാക്കി രണ്ടു ജനതതമ്മിലുള്ള അഭിപ്രായവ്യത്യാസം സൗമനസ്യത്തോടുകൂടി പറഞ്ഞൊതുക്കുന്നതിന് ഈ സഭ അനുകൂലമായ തീരുമാനമെടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. SPEAKER: Order, order. Now I have to make an announcement.

According to the programme, the discussion on the States Re-organisation Commission Report has to conclude today. There have been a good number of speeches from the several sections of the House bringing forth their view points on the recommendations contained in the Report. The amendments moved are in some cases repetitions. Therefore, instead of putting the amendments one by one it has been agreed by the Leaders of parties, that definite issues that have emerged out of the discussion might be formulated and put to vote one by one. This is a quite feasible and practical solution which I am sure the entire House will agree. To determine the sense of the House on each of these points it seems very necessary and desirable that instead of declaring the result by a show of hands there shall be a poll on each of these points so that a true and faithful picture of the opinion in the Legislature may be available.

I am arranging to circulate the issues so framed. At 4 O' Clock I will call upon the Leader of the House to wind up the debate. Now Mr. Sattanatha Karayalar may speak. Ten minutes' time is given for his speech.

LIBRARY ARCHIVES Kerala Legislative Assembly

SHRI M. P. MENON : Sir, issue No. 8 is an important matter and it contains 3 sub-clauses. I request that the three sub-clauses may put to vote separately.

MR. SPEAKER : Yes, we will consider it then.

ஸ்ரீ. கெ. சட்டநாத கரையாளர்: ஸர், ராஜ்ய புனரமைப்புக் கமிஷன் அறிக்கையின் மேல் சென்ற மூன்று தினங்களாக சர்ச்சை நடந்த பிறகு, மதிப்பிற்குரிய தலைவர்களின் அபிப்பிராயங்களைக் கேட்ட பிறகு இந்த ரிப்போர்ட்டினால் மிகவும் பாதிக்கப்படக்கூடிய ஒரு பகுதியின் பிரதிநிதி என்ற முறையில் சில வார்த்தைகள் சொல்ல ஆசைப்படுகிறேன். சில தலைவர்கள் குறிப்பிட்டார்கள், தமிழர்கள் எல்லோரும் பாஷையின் அடிப்படையிலே பாஷை வெறி (லிங்குவிஸம்) என்ற ஆவேசத்தோடு இருக்கிறார்களென்று. தேவிகுளம்-பீருமேட்டில் வாழக்கூடிய தோட்டத் தொழிலாளிகளையும், தென்-திருவிதாங்கூரில் தினம் தினம் பனை மரம் ஏறி இறங்கி பாடுபடும் தொழிலாளிகளையும், ஒதுங்கி கிடக்கும் செங்கோட்டையில் வாழும் தொழிலாளிகளையும், தென்-கடலில் நிச்சயமற்ற வாழ்க்கை நடத்தும் மீன்பிடித் தொழிலாளிகளையும், இவர்கள் அத்தனை பேர்களையும் ஒன்றாக இணைத்து பிணைக்கக்கூடிய சக்தி வாய்ந்த அந்த சக்தி தான் என்ன என்று இந்த தலைவர்கள் சிந்திக்க வேண்டும். பாஷாவாரி மாகாணங்கள், அதாவது பாஷையின் அடிப்படையில் மாகாணங்கள் அமையவேண்டுமென்று கோரும் போது மக்கள் சுயாட்சி வேண்டுமென்று கூறி எந்த அடிப்படையில் கிளர்ச்சி நடத்தினோமோ அதே அடிப்படையில் தான் பாஷாவாரி மாகாணங்கள் அமைய வேண்டுமென்று கோருகிறோம். ஏனெனில் மக்கள் ஆட்சி பரிபூர்ணமாக வேண்டுமெனில் பாஷை அடிப்படையில் முதலில் மாகாணங்கள் அமைந்தாக வேண்டும். அப்படி இப்பொழுது தமிழ் தாலுகாக்கள் இங்கிருந்து பிரிந்து போக வேண்டுமென்று சொல்லும் போது இங்குள்ள சர்க்கார் தமிழர்களிடம் நல்ல முறையில் நடக்கிறது; தமிழர்களுக்கு வேண்டிய சௌகரியங்கள் செய்து கொடுத்திருக்கிறது; இதே சௌகரியங்கள் மதராஸுக்குச் சென்றால் இருக்காது என்று முதன் மந்திரியும், முன்னாள் முதன் மந்திரியும் கூறுகிறார்கள். தமிழர்களுக்குச் செய்த நன்மையைப் பற்றிய உண்மை ஒருபுறமிருக்கட்டும். சுயாட்சிக்கு கிளர்ச்சி செய்த காலத்தில் இது போன்ற வாதம் வந்தது. அன்று காங்கிரஸ் தலைவர்கள் சொன்ன பதிலைத்தான் நான் இன்று சொல்ல ஆசைப்படுகிறேன்.

"A Good Government is no substitute for self-Government" சுய ஆட்சி வேண்டுமென்ற கோரிக்கைக்கு நல்லாட்சி என்பது பரிகாரமாகாது. ஆதலால் அங்குள்ள ஆட்சி செம்மையான முறையில் இல்லையென்ற காரணத்தால் தமிழ் நாடுடன் போகாது இங்கேயே இருக்க வேண்டுமென்று கூறுவது ஒரு தவறான வாதமாகும். எஸ். ஆர். ஸி. ரிப்போர்ட்டிலே குறிப்பிட்டு இருக்கக்கூடிய ஐந்து தாலுகாக்களும் சென்னையோடு சேருவதில் இந்த சபையிலுள்ள பெருவாரியான அங்கத்தினர்களுக்கும் எதிர்ப்பு இருக்காது

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. கெ. சட்டநாத கரையாளர்]

என்று நினைக்கிறேன். ஆனால் வருங்காலத்தில், ஐக்கிய கேரளத்தில் தலைமை பதவிக்கு போட்டி போடுவதற்கு வேண்டிய காரணத்திற்காக இப்படி நடந்து கொள்கிறார்கள். அதாவது, தான் தான் இந்த தென் தாலுகாக்களை விட்டுக் கொடுப்பதற்கு ஜவாப்தாரியாய் இருந்ததாக பிறர் குற்றம் சொல்வார்களோ என்ற பயத்தோடு தான் இங்கு ஒருவருக்கொருவர் போட்டி போட்டுக்கொண்டு இந்தப் பகுதிகள் இங்கிருந்து பிரிந்து போகக் கூடாதென்று வாதிக்கிறார்கள். இது மிகவும் துரதிருஷ்டமாகும். இந்த சபையிலுள்ள பல்வேறு கட்சிகளும் சேர்ந்து தமிழர்கள் மாத்திரம் தனித்து இருக்கவேண்டிய துரதிருஷ்டம் வந்தது வருந்தத்தக்கூடிய விஷயமாகும். இங்குள்ள தமிழர்களை இங்குள்ள அரசாங்கம் சரியான முறையிலே நடத்தவில்லை, அவர்களது குறைகள் சரியான முறையில் தீர்க்கப்படவில்லை அவர்களது அபிலாஷைகளை சரியாக புரிந்து கொள்ளவில்லை என்பதற்கு இது ஒரு எடுத்துக்காட்டாகும். அடுத்தபடியாக தர்க்கத்திற்குள்ள விஷயமான தேவிகுளம் பீருமேட்டைப் பற்றி ஒரு சில வார்த்தைகள் சொல்லவிரும்புகிறேன். ஒரு கொள்கையோ அல்லது ஒரு தத்துவத்தையோ நாம் ஒப்புக்கொண்டோமேயானால், அதாவது ஒரு பாஷை பேசக்கூடிய மக்கள் தங்கள் பிரதேசத்தோடு தொடர்ச்சியாக இருக்கக்கூடிய அதே பாஷை பேசக்கூடிய பாகத்தோடு பாஷை அடிப்படையில் அந்த பிரதேசத்தோடு சேர்த்து ஒரு மாகாணம் அமைப்பது என்பதை ஒத்துக்கொண்டால், தேவிகுளம்–பீருமேடு சென்னையோடு தொடர்ச்சியாக இருக்கக்கூடியதாலும் இரண்டு இடங்களிலும் ஒரே பாஷை பேசக்கூடிய மக்கள் இருப்பதாலும், தேவிகுளம் பீருமேட்டை சென்னையோடு இணைக்கவேண்டும் என்று சொல்வது தவறாகாது. அதோடு தேவிகுளம் பீருமேட்டில் உள்ள மக்களின் அபிப்பிராயமும் அப்பிரதேசங்களை சென்னையோடு இணைக்கவேண்டும் என்பதே. அவர்களுக்கு சுய நிர்ணய உரிமை மறுப்பது நேர்மையும் அல்ல, நியாயமும் அல்ல. அதே சமயம் அங்குள்ள மக்கள் திரும்ப திரும்ப தங்கள் அபிலாஷையைத் தெரிவித்த பிறகும் அவர்களுக்கு சுய நிர்ணய உரிமை மறுக்கப்படுவது ஜனநாயகத்திற்கு முரண்பட்டதாகும். ஆனால் அவர்களுக்கு அந்த உரிமை மறுப்பதற்கு பல காரணங்கள் கூறப்பட்டன. அவ்விடங்கள் இங்கிருந்து போகுமானால் கேரளத்தின் பொருளாதாரத்தை அது மிகவும் பாதிக்கும் என்றும் அதனால் அப்பகுதிகள் இங்கிருந்து பிரிந்து போகக்கூடாது என்றும் சொல்லப்பட்டது. மேலும் அங்குள்ள மக்கள், floating labour population, என்றும் கூறப்பட்டது. அவ்வாதம், இன்று சிலோனில் இந்தியர்களுக்கு பிரஜா உரிமை கொடுக்க மறுப்பதற்கு ஸ்ரீ. ஜான் கொத்தலவாலா கூட்டத்தினர் சொல்லக் கூடிய வாதத்தை போன்று இருக்கிறது. தேவிகுளம் பீருமேட்டிலுள்ள மக்களுக்கு தங்கள் வாழ்க்கையை நிர்ணயிப்பதற்குள்ள உரிமை அவர்களுக்குக் கொடுக்கப்படவில்லை என்றால் அது ஜனநாயக தத்துவத்திற்கே முரண்பட்டதாகாதா?

LIBRARY ARCHIVES Kerala Legislative Assembly

சித்தூர் தாலுகாவைப் பற்றி ஒரு வார்த்தை. சித்தூர் தாலுகாவில் சுமார் 30,000 தமிழர்கள் வாழ்கிறார்கள் என்று ஒப்புக் கொள்ளப்பட்டது. கூடலூரில் மலையாளிகள் பெருவாரியாக வாழ்வதால் அப்பகுதி இங்கு வரவேண்டும் என்று சொல்லுகிறவர்கள், சித்தூரில் வாழக் கூடிய தமிழர்கள் இங்கிருந்து பிரிந்து தமிழகத்தோடு சேருவதை ஆதரிக்காதது வருந்தத்தக்க ஒரு காரியமாகும். கோயம்பத்தூர் டிஸ்ட்ரிக்ட்டை அடுத்து இருக்கும் சித்தூரில் உள்ள மக்களுக்கு தமிழ்நாட்டோடு சேர்ந்து வாழ்வதற்குள்ள உரிமை அங்குள்ள மக்களுக்கு கொடுக்க வேண்டும் என்று இந்த சபையிலுள்ள அங்கத்தினர்கள் ஒப்புக்கொள்வது தான் நியாயமாகவும் நேர்மையாகவும் இருக்கும்.

SHRI M. P. MENON: In that case what should be done with Nilgiris District, where there is no majority for any single community?

ஸ்ரீ. கே. சட்டநாத கரயாளர்: அந்தமாதிரியுள்ள நிலைமையிலே அந்தப் பகுதிகளில் உள்ள மற்ற "அதர் கன்ஸிடரேஷன்ஸை", ஆட்சி சௌகரியங்கள்போன்ற இதர விஷயங்களைக் கவனிக்க வேண்டும். பாஷை என்ற அடிப்படையை விட்டு மற்ற இதர சௌகரியங்களையும் கவனித்து அதை முடிவு செய்ய வேண்டியிருக்கும். கூடலூர் பகுதியில் இருக்கக்கூடிய மலையாளப் பகுதிகள் தொடர்ச்சியாக கேரளத்தில் மலையாளப் பகுதியோடு இருந்தால் அப்பகுதிகளை ஐக்கிய கேரளத்தில் சேர்ப்பது தவறாகாது. இந்த அடிப்படையில் ஐக்கிய கேரளமும், ஐக்கிய தமிழகமும் அமைக்க வேண்டும் என்பதே எனது அவா.

அடுத்தபடியாக செங்கோட்டை தாலுகாவைப்பற்றி ஒரு வார்த்தை கூறிக்கொண்டு எனது பேச்சை முடித்துக்கொள்கிறேன். செங்கோட்டை தாலுகாவில் உள்ள (என்கிளேவை) அதாவது, திட்டுப்பிரதேசத்தை மாத்திரம் பிரிப்பதில் இந்த சபையில் அபிப்பிராய வித்தியாசம் இருப்பதாகத் தெரியவில்லை. அந்த ஒரு காரியத்தில் மாத்திரம் எல்லா அங்கத்தினர்களும் ஒப்புக்கொண்டிருக்கிறார்கள். ஆனால் அங்குள்ள மலைப்பகுதியையும் அதைச் சார்ந்து வாழக்கூடிய சுமார் 5000 மக்களில் சுமார் 1000 மலையாள சகோதரர்களும் இருக்கலாம் இந்தப் பகுதியை ஐக்கிய கேரளத்தோடு சேர்க்கவேண்டுமென்று சிலர் அபிப்பிராயம் கூறுகிறார்கள். ஜனத்தொகை அடிப்படையில் வாதிக்க மார்க்கமில்லை. அவர்கள் கூறும் காரணம், Geographical Boundary, இயற்கையான எல்லை அமையவேண்டும் என்று கூறுகிறார்கள். இது சரியல்ல. அப்பகுதிகளின் அமைப்பைப் புரிந்து கொள்ளாமல் தான் இவ்விதம் கூறுகிறார்கள். அங்கு ஒரு Geographical Boundary அமைக்க முடியாது. தற்சமயம் சென்னை ராஜ்யத்திலுள்ள தென்காசி தாலுகாவில் சகிய மலையின் தொடர்ச்சியான பொதியமலைச்சாரலில் குற்றாலம் நீர்வீழ்ச்சி இருக்கிறது. அது மதராஸ் சமஸ்தானத்தில் உள்ள தென்காசி தாலுகாவில் இருக்கிறது. அந்தப் பகுதிக்கும் செங்கோட்டைப் பகுதிக்கும் தற்சமயம் உள்ள வரம்பு இயற்கை

2/3952/V.

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. கெ. சட்டநாதக்கரயாளர்]

யானதல்ல. அதை இயற்கையான முறையிலே மாற்ற யாரும் கோரவில்லை. அங்ஙனம் பிரிப்பதும் முடியாத காரியம். ஆகவே நான் சொல்வது என்னவென்றால் செங்கோட்டை தாலுகா முழுவதையும், இன்றைய ரெவின்யூ டிவிஷன் அத்தனையையும் பரிபூரணமாக சென்னை மாகாணத்தோடு சேர்ப்பது தான் சிறந்தது. இத்தாலுகா முழுவதும் ஒரு இயற்கை எல்லையில்படும். சில நதிகளின் ஒழுக்கு கேரளத்தில் போகிறது என்ற காரணம் பார்ப்பது சரியல்ல, அப்படியானால் விளவங்கோடு தாலுகாவும் பாதிக்கப்படும். செங்கோட்டைத் தாலுகா விவசாயிகளும் பெரிதும் பாதிக்கப்படுவர். ஆகவே கமிஷன் சிபார்சுப்படி ஐந்து தாலுகாக்களும் மற்ற தாலுகாக்களின் தமிழ் பகுதிகளோடு தொடர்ச்சியாகக் கிடக்கும் தமிழ் பகுதிகளை தமிழகத்தோடும் சேர்த்து ஒரு தமிழகமும், மலையாளப் பகுதிகளை எல்லாம் சேர்த்து கேரளமும் அமைத்து, இரண்டு ராஜ்யங்களும் சுபீட்சம் அடையக்கூடிய வழியை வகுக்க எல்லா அங்கத்தினர்களும் ஒத்துழைக்க வேண்டுகிறேன். இங்கிருந்து தமிழ் பகுதிகள் பிரிந்து போன உடனே தமிழர்கள் வேறு மலையாளிகள் வேறு என்ற குரோத மனப்பான்மை வளர விடாது. நமது இந்தியா தேசம் ஒன்று என்ற உணர்ச்சியை விட்டு விடாமல், நாம் எல்லோரும் ஒன்று என்ற ஐக்கிய மனப்பான்மையோடு வாழ வழி வகுக்கவேண்டுமென்ற நோக்கத்தோடு இதை அங்கீகரிக்கவேண்டுமென்று கேட்டுக்கொள்கிறேன்.

ശ്രീ. ഡി. വിവേകാനന്ദൻ: കേരളസംസ്ഥാനത്തിന്റെ രൂപം ഏതു രീതികളിൽ കൂടിയാണു പോകേണ്ടതെന്നും കേരളസ്റ്റേററിനെ സംബന്ധിച്ച പ്രത്യേകമായുള്ള എസ്സ്. ആർ. സി. നിർദ്ദേശങ്ങളിൽ വരുത്തേണ്ട മാററങ്ങളെന്തെല്ലാമാണെന്നും ഞങ്ങളുടെ പാർട്ടിനേതാവായ സഖാവ് എം. പി. മേനോൻ ഇവിടെ വ്യക്തമാക്കുകയുണ്ടായി. അതിലുമുപരിയായി ഈ രണ്ടുമൂന്നു ദിവസങ്ങളായി വിവിധ പാർട്ടികളിൽപ്പെട്ട അംഗങ്ങളുടെ വിവിധങ്ങളായ അഭിപ്രായങ്ങൾ കേട്ടതിനുശേഷവും ഇത്രയും തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷവും സഃ മേനോന്റെ നിർദ്ദേശങ്ങളിൽനിന്നും വ്യത്യസ്ഥമായൊരു നിലപാടിന്റെ ആവശ്യമില്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളതു്. സഃ എം. പി. മേനോന്റെ നിർദ്ദേശങ്ങൾ ഭാഷാരാഷ്ട്രരൂപീകരണത്തിന്റെ ഉന്നതമായ തത്വങ്ങളിൽ അധിഷ്ഠിതവും ഏററവും ആദരണീയവുമായിട്ടുള്ളവയുമാണ്. അതിർത്തിതർക്കങ്ങളിലേയ്ക്കു ഈ അവസരത്തിൽ കടക്കാനുദ്ദേശിക്കുന്നില്ലെങ്കിലും ഒരു കാര്യം പറയേണ്ടതു് ആവശ്യമായി ഞാൻ കരുതുകയാണ്, ഞങ്ങളുടെ നിലപാടു വ്യക്തമാക്കാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സംസ്ഥാനപുനഃസംഘടനയെ സംബന്ധിച്ചു പറഞ്ഞ കൂട്ടത്തിൽ വില്ലേജുകളുടെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയം നടത്തണമെന്നു പറയുകയും അതിനുവേണ്ടി മൂന്നു നിർദ്ദേശങ്ങൾ ഈ സഭയിൽ വയ്ക്കുകയുമുണ്ടായി. അതിൽ മൂന്നാമത്തേതു ഈ സ്റ്റേററിന്റെ പൊതുതാല്പര്യത്തെ പററിക്കൂടി പരിഗണിച്ചുവേണം വില്ലേജടിസ്ഥാനത്തിൽ വിഭജിക്കാനെന്നാണ്. ആ പരിഗണനകൾ എല്ലാം അടിസ്ഥാനമാക്കി നല്ലതുപോലെ ആലോചിച്ചശേഷമാണ് ഞങ്ങളുടെ പാർട്ടി വില്ലേജടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിലുള്ള വിഭജനം വേണ്ടെന്നു വ്യക്തമായ ഒരു നില എടുക്കാൻ ഇടയായതു്. അദ്ദേഹം പറഞ്ഞവിധത്തിൽ ഒന്നാം നിർദ്ദേശമനുസരിച്ച് വില്ലേജടിസ്ഥാനത്തിൽ അതിർത്തി വരയ്ക്കുകയാണെങ്കിൽ ചില മാററങ്ങളുണ്ടാവും. വീണ്ടും മൂന്നാമത്തെ നിർദ്ദേശം സ്വീകരിക്കുമ്പോൾ അതിൽ പല മാററങ്ങളും വരുത്തേണ്ടതായി വരും. അപ്പോൾ ഒന്നാം നിർദ്ദേശമനുസരിച്ചു് വരുത്തിയ മാററങ്ങൾ വേണ്ടെന്നു വയ്ക്കേണ്ടതായും വരും. അങ്ങനെ നിർദ്ദേശം (എ) അർത്ഥശൂന്യമായി വരാനാണിട. അതിർത്തി നിർണ്ണയത്തെപ്പററി ഇനിയുമൊന്നും എനിക്കു പറയാനില്ല.

നെയ്യാററിൻകര താലൂക്കു് തമിഴ്നാട്ടിൽ ലയിക്കണമെന്നു ശ്രീ. കുഞ്ഞൻനാടാർ ഇവിടെ വാദിക്കുന്നതു കേട്ടു. അതൊന്നും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വാദമായി ആരും കരുതിയിട്ടില്ല. എങ്കിലും അദ്ദേഹം ചില കണക്കുകൾ പറഞ്ഞതുകൊണ്ടു് ഒരു കാര്യം വ്യക്തമാക്കാനുണ്ടു്. ഈ തമിഴ്നാടു കോൺഗ്രസ്സുകാർക്കു കഴിഞ്ഞ കാലങ്ങളിൽ കിട്ടിയ വോട്ടിന്റെ അടിസ്ഥാനത്തിലാണു് അദ്ദേഹം തമിഴ്താലൂക്കുകൾ തെക്കൻ തിരുവിതാംകൂറിൽനിന്നു വിട്ടു മദ്രാസിൽ പോകണമെന്നു പറയുന്നതു്. ആ വാദം ശരിയാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെയും എനിക്കു നെയ്യാററിൻകരയെ സംബന്ധിച്ചിടത്തോളം ചില വസ്തുതകൾ ചൂണ്ടിക്കാണിക്കാനുണ്ടു്. 1951–52-ലെ എലക്ഷനിൽ തിരുവിതാംകൂർ തമിഴ്നാടുകോൺഗ്രസ്സിനു ലഭിച്ച വോട്ടുകളുടെ എണ്ണം പരിശോധിക്കാം. ആകെ ആ താലൂക്കിൽ ഉണ്ടായിരുന്ന വോട്ടേഴ്സ് ഒരു ലക്ഷത്തി അറുപത്തൊരായിരത്തി അറുനൂററി അറുപതാണു്. അതിൽ ഒരു ലക്ഷത്തി പത്തൊൻപതിനായിരം വോട്ടുകൾ പോൾ ചെയ്യുകയുണ്ടായി. അതിൽ തമിഴ്നാടു കോൺഗ്രസ്സിനു കിട്ടിയതു് പതിനയ്യായിരത്തി ഒരുനൂററി മുപ്പതു വോട്ടുകൾ മാത്രമാണു്. അതായതു് ഏതാണ്ടു പന്ത്രണ്ടു ശതമാനം മാത്രം. അന്നു ശ്രീമാൻ കുഞ്ഞൻനാടാർ ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയായിട്ടാണു് അവിടെ നിന്നു മത്സരിച്ചതു്. അന്നു തമിഴ്നാടു കോൺഗ്രസ്സുകാരുടെ ഔദ്യോഗികസ്ഥാനാർത്ഥിയെ എതിർത്തപ്പോൾ അദ്ദേഹത്തിനു ലഭിച്ച 6700 വോട്ടുകൾ കൂടി തമിഴ്നാടു കോൺഗ്രസ്സിന്റേതായി കണക്കാക്കിയാൽ തന്നെയും ആകെയുള്ളതിന്റെ 14 ശതമാനം മാത്രമേ വരികയുള്ളു. ഇതു് അദ്ദേഹത്തിന്റെ വാദത്തിനു ഒരു തരത്തിലും അനുകൂലമല്ലെന്നു് അദ്ദേഹത്തിനു് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തെ നമുക്കെല്ലാവർക്കും അറിയാം. അദ്ദേഹത്തിൽ തമിഴിനെക്കാളധികം മലയാളത്തിന്റെ അംശങ്ങളാണുള്ളതു്. തെക്കൻതാലൂക്കുകൾ വിട്ടുപോയാലും ശ്രീ. കുഞ്ഞൻനാടാർ കേരളത്തിൽത്തന്നെ നിൽക്കണമെന്നാണു അദ്ദേഹത്തോടു വ്യക്തിപരമായി ഞാൻ ചെയ്യുന്ന അഭ്യർത്ഥന.

സർ, എനിക്കു ഈ തർക്കങ്ങളെപ്പററി അധികമൊന്നും പറയാനില്ല. ഭാഷാസംസ്ഥാനവാദത്തിനു് അടിസ്ഥാനപരമായ പൊതുതത്വങ്ങളെ സംബന്ധിച്ചുമാത്രം ചില സംഗതികൾ പറയുവാനുണ്ടു്. ഇവിടെ പല പ്രസംഗങ്ങളിലും ബഹുമാന്യരായ പല അംഗങ്ങളും ഈ ഭാഷാസംസ്ഥാനവാദത്തെ എതിർക്കുന്നതും ആക്ഷേപിക്കുന്നതും കേട്ടു. ശ്രീ. പട്ടം താണുപിള്ള ഇതിനെ എതിർക്കുകയാണു്. അഭിമാനപൂർവ്വം അദ്ദേഹം ഇവിടെ പറഞ്ഞു എല്ലായ്പോഴും അദ്ദേഹം ഭാഷാസംസ്ഥാനവാദവിരോധിയായിരുന്നു എന്നു്. അദ്ദേഹമതു പറയുന്നതിൽ അത്ഭുതമില്ല. അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

ത്തിന്റെ അവകാശവാദം സമ്മതിച്ചുകൊടുക്കാം. സർ, ഈ രാജ്യത്ത് ആരാണു ഭാഷാവാദം കൊണ്ടുവന്നത് എന്നുള്ളതിനെ സംബന്ധിച്ചും നിരന്തരമായി ആരാണു വാദിച്ചിട്ടുള്ളതെന്നും നമുക്കറിയാം. ഇതു സംബന്ധിച്ച പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ശ്രീമാൻ. താണുപിള്ള എന്നൊരു വ്യക്തിയെ കാണുകയില്ല, സർ. കാൺഗ്രസ്സിലേയോ, പി. എസ്സ്. പി. യിലേയോ ഉന്നതന്മാരായ നേതാക്കന്മാരെയും കാണുകയില്ല. ഇവിടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ആദ്യത്തെ അലകളടിക്കുന്നതിനും എത്രയോ മുമ്പ് ശ്രീ. താണുപിള്ളയും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും നമ്മുടെ രാജ്യത്തിലെ ദേശീയപ്രസ്ഥാനത്തിലിറങ്ങുന്നതിനു എത്രയോ മുമ്പ്, അതായത്, 1915-ൽ ആണ് ബാംബെയിൽവച്ചു കൂടിയ ഇൻഡ്യൻ നാഷണൽ കാൺഗ്രസ് സമ്മേളനം ആദ്യമായി ഭാഷാസംസ്ഥാനവാദം അംഗീകരിച്ചത്. അതിനുശേഷം ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രവർത്തനങ്ങൾ വിപുലമായതിനുശേഷം ജനാഭിലാഷത്തെ ആദരിച്ചു 1926-ലും 1936-ലും വീണ്ടും ആവർത്തിച്ചാവർത്തിച്ച് കാൺഗ്രസ്സ് സമ്മേളനങ്ങൾ ഭാഷാസംസ്ഥാനവാദം അംഗീകരിച്ചുകൊണ്ടു പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ടായിരുന്നു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിനെസംബന്ധിച്ചുള്ള നില അതാണ്. കാൺഗ്രസ്സിനു അധികാരം കിട്ടിയതിനുശേഷവും, ഭാഷാസംസ്ഥാനവാദം ആന്ധ്റായിൽ പോററി ശ്രീരാമുലുവിന്റെ മരണംവരെ ചെന്നെത്തിയ സംഭവവികാസങ്ങൾക്കു ശേഷം മാത്രമേ അതിലേയ്ക്കു ഒരു കമ്മിററിയെ നിയമിക്കുന്നതിനുള്ള സന്മനസ്സ് നെഹ്റു സർക്കാരിനുണ്ടായുള്ളു എന്ന വസ്തുത ദൌർഭാഗ്യകരമായിരുന്നു. എസ്. ആർ. സി. കമ്മീഷന്റെ രൂപീകരണത്തിനുശേഷം അതിന്റെ റിപ്പോർട്ടിനെപ്പററിയുള്ള ഇത്രയും ചർച്ചകൾ നടന്നതിനുശേഷം, ഇനിയും ഈ ചരിത്രത്തെപ്പററി ഈ സഭയിൽ അധികമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ അതു പ്രാവർത്തികമാക്കുന്നതിനെപ്പററിയുള്ള ആലോചനകൾ തുടങ്ങിയിരിക്കുകയാണ്. ഒരു കേരളസംസ്ഥാനം രൂപംകൊള്ളുവാൻ പോകുകയാണ്. അതിൽ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നു നോക്കുന്നതും കേരളദേശത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നതുമാണ് ഇന്നാവശ്യം. ഇപ്പോഴും ഈ ഭാഷാരാഷ്ട്രവാദം തെററാണെന്നുപറയുന്നതാണസഹ്യം.

ലീഗ് ആഫ് നേഷൻസ് ലോകമൊട്ടാകെയുള്ള സ്റ്റേററുകളുടെ സ്വഭാവം എന്താണെന്നു കണ്ടുപിടിക്കാൻ ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ആ കമ്മീഷന്റെ അന്വേഷണവും തീരുമാനവുമനുസരിച്ചു ലോകത്തിൽ മൂന്നുതരം രാഷ്ട്രങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളു. Tribal, Religious and Linguistic, അതായത് ഗോത്രരാഷ്ട്രങ്ങൾ, മതരാഷ്ട്രങ്ങൾ,, ഭാഷാരാഷ്ട്രങ്ങൾ എന്നീ മൂന്നുതരം രാഷ്ട്രങ്ങൾ. അതിൽ ഗോത്രരാഷ്ട്രങ്ങൾ പ്രാകൃതവും മതരാഷ്ട്രങ്ങൾ കലാപസമ്മിശ്രമായതുകൊണ്ടു കാലം കഴിഞ്ഞവയുമാണ്. മൂന്നാമത്തേതായ ഇനം, അതായതു ഭാഷയുടെ അടിസ്ഥാനത്തിലുള്ള രാഷ്ട്രങ്ങളാണ് ഇപ്പോൾ ഉണ്ടാകുന്നതും ഉണ്ടായിട്ടുള്ളതും. മുതലാളിത്തവികാസത്തോടൊപ്പം യൂറോപ്പിൽ ഭാഷാരാഷ്ട്രങ്ങൾ രൂപമെടുത്തതു ഇക്കഴിഞ്ഞ നൂററാണ്ടിലാണ്. ആ ചരിത്രം ഞങ്ങളുടെ നേതാവ് സഖാവ് എം. പി. മേനോൻ ഇവിടെ സ്പർശിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നമ്മുടെ ഭാരതത്തെ സംബന്ധിച്ചിടത്തോള

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയസ്വാതന്ത്ര്യം കരഗതമായിരിക്കുന്ന ഈ അവസരത്തിൽ ഭാഷാ രാഷ്ട്രങ്ങളുടെ രൂപവൽക്കരണം അനിവാര്യമാണ്. ഇത്രയും കാലം താമസം തന്നെയും ഒഴിവാക്കാമായിരുന്നു.

ഇവിടെ ഈ കേരളക്കരയിൽ, മലയാളത്തിന്റെ മണ്ണിൽ, ഒരു ദേശീയരാഷ്ട്രം രൂപീകരിക്കേണ്ടതു് അത്യാവശ്യമാണെന്നാണ് ഈ അവസരത്തിൽ നാം കാണുന്നതു്. ഭാഷാരാഷ്ട്രരൂപീകരണമെന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ കേരളം മലയാളികളുടെ ഒരു ദേശീയരാഷ്ട്രമായി രൂപീകരിക്കണമെന്നുള്ള നിഗമനത്തിൽ എത്താതിരിക്കാൻ നിവൃത്തിയില്ല. മലയാളികളായ നാം നമ്മുടെ രാഷ്ട്രത്തിനുവേണ്ടി വാദിക്കുമ്പോൾ തമിഴർക്കു തമിഴരുടേതായ ഒരു ദേശീയ രാഷ്ട്രം വേണമെന്നു അവർ വാദിക്കുന്നു. മലയാളികൾക്കു മലയാളികളുടേതായ ഒരു ദേശീയരാഷ്ട്രം വേണമെന്നു വാദിക്കുന്നതിൽ തെററില്ലെങ്കിൽ തമിഴരുടെ വാദത്തിലും തെററുണ്ടെന്നു പറയരുതു്. വിശേഷിച്ചും ഭാഷാപരമായ അടിസ്ഥാനത്തിൽ സംസ്ഥാനവിഭജനം വേണമെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് നാമിവിടെ എന്തു പ്രകടനം നടത്തിയാലും, എന്തെല്ലാം ഒച്ചപ്പാടുകൾ ഉണ്ടാക്കിയാലും ഈ അടിസ്ഥാനമുപേക്ഷിക്കപ്പെടുമെന്നു് തോന്നുന്നില്ല. ശ്രീ. പട്ടം താണുപിള്ളയെപ്പോലെ രാഷ്ട്രീയപ്രവർത്തനത്തിൽ തഴക്കവും പഴക്കവുമുള്ള വ്യക്തികൾ കാലസ്ഥിതിക്കനുസരിച്ചു് അവരുടെ പരിപാടി മാററാൻ ശ്രമിക്കാത്തതിൽ ഞാൻ ഖേദിക്കയാണു ചെയ്യുന്നതു്. രാഷ്ട്രീയമായി വളരെയൊക്കെ പ്രവർത്തിച്ചിട്ടുള്ളവരും ദേശീയപ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തിരുന്നവരുമായ നേതാക്കന്മാർ ജനസഞ്ചയത്തിന്റെ അഭിലാഷത്തിനും ആഗ്രഹത്തിനും പ്രതികൂലമായി പെരുമാറുന്നതു് അവരെപ്പററിയുള്ള ധാരണയ്ക്കു് ഹാനിസംഭവിക്കുന്നതിനു മാത്രമേ പ്രയോജനപ്പെടുകയുള്ളു. പ്രജാസോഷ്യലിസ്ററ പാർട്ടിയുടേയും അവരുടെ നേതാവിന്റെയും കാര്യം ഓർക്കുമ്പോൾ സഹതാപമാണു് തോന്നുക. ഓരോ പ്രധാനഇഷ്യൂ വരുമ്പോഴും വ്യക്തവും സുചിന്തിതവുമായ നിലപാടില്ലാത്തതു കാരണം ഐക്യവും നിശ്ചയദാർഢ്യവുമില്ലാതെ അംഗങ്ങളും നേതാക്കളും കൊഴിഞ്ഞുപോകുന്ന ഒരു ചരിത്രമാണു് പി. എസ്. പി. യുടേതെന്നു നമുക്കറിയാം. ഏററവും പ്രധാനപ്പെട്ട ഈ പ്രശ്നത്തിൽതന്നെ ആ പാർട്ടി എടുത്തിരിക്കുന്ന നിലപാടു് അത്ഭുതകരമാണു്. ശ്രീ. പട്ടത്തിന്റെ അഭിപ്രായത്തിനെതിരായി ശ്രീ. പി. എസ്. നടരാജപിള്ള ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ പലർക്കും അത്ഭുതം തോന്നി. ഒരൽപ്പം ആലങ്കാരികഭാഷയിൽ പറയുകയാണെങ്കിൽ, പ്രജാസോഷ്യലിസ്ററ് പാർട്ടിയാകുന്ന വൃദ്ധവൃക്ഷത്തിന്റെ ഇലകളും കൊമ്പുകളും ഒന്നൊന്നായി കൊഴിഞ്ഞുകൊഴിഞ്ഞു് ഇന്നലെ യഥാർത്ഥത്തിൽ അതിന്റെ തായ്ത്തടി തന്നേയും ഒടിഞ്ഞുവീഴുകയാണു് ചെയ്തതു്. എല്ലാ കാര്യങ്ങളിലും ശ്രീ. താണുപിള്ളയെ അനുകൂലിക്കാറുള്ള പ്രശസ്തനായ ശ്രീ. നടരാജപിള്ള അദ്ദേഹത്തെ എതിർത്തപ്പോഴും ഈ പ്രശ്നത്തിന്റെ പ്രാധാന്യം അദ്ദേഹത്തിനു ബോദ്ധ്യമായില്ലേ എന്നാണു് എനിക്കു് വിനയപൂർവ്വം ചോദിക്കാനുള്ളതു്. തെക്കൻ തമിഴ് താലൂക്കുകളുടെ വിഭജനത്തെ എതിർത്തുസംസാരിച്ച പി. എസ്. പി. അംഗങ്ങളുടെ ഈ പ്രശ്നം സംബന്ധിച്ച വാദഗതികൾ നോക്കുകയാണെങ്കിൽ വ്യക്തമായ നിഷ്പക്ഷനിലയിലുള്ള ഒരഭിപ്രായം ആ പാർട്ടിക്കു എടുക്കാൻ കഴിയാത്തതു് നിർഭാഗ്യകരമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

പ്പോയി. സർ, നാം ഈ ചർച്ച ആരംഭിച്ച ദിവസം രാവിലെ ശ്രീ. താണുപിള്ള അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇവിടെ ഒരു പ്രകടനം നടത്തുകയുണ്ടായി. തമിഴ്നാട് വിഭജനം പാടില്ലെന്നു പറഞ്ഞ് ഈ കെട്ടിടത്തിന്റെ മുൻവശത്തുള്ള റോഡിൽക്കൂടി അല്പം കിഴക്കുള്ള കിള്ളിപ്പാലം മുതൽ അടുത്തുള്ള അവിടെയുള്ള ഇന്തോമലയൻ റെസ്റ്റോറന്റിന്റെ മുൻവശംവരെ ഒരു പ്രകടനം നടത്തി. ഈ പ്രകടനം എന്തിനായിരുന്നുവെന്നും ഇതു നടത്തിയതുകൊണ്ട് എന്തു മേന്മയാണു കിട്ടിയിട്ടുള്ളതെന്നും ഞാൻ അദ്ദേഹത്തോടുതന്നെ ചോദിക്കുകയാണ്. എനിക്കു പറയാനുള്ളത്, ഈ പ്രകടനം ഇവിടെ മാത്രമല്ല നടത്തേണ്ടിയിരുന്നത്. പ്രധാനമായും തെക്കൻതാലൂക്കുകളിൽതന്നെ വേണമായിരുന്നു. പക്ഷേ കിള്ളിപ്പാലത്തിനപ്പുറം ഒന്നും നടന്നില്ല. നെയ്യാറ്റിൻകരയും തിരുവനന്തപുരത്തുമുള്ള കുറേയാളുകൾ ചേർന്ന് ഇവിടെ മാത്രം നടത്തിയ പ്രകടനത്തിനു വലിയ പ്രയോജനമൊന്നുമില്ല. ഈ അഭിപ്രായത്തിന് കിള്ളിപ്പാലത്തിനിപ്പുറത്തു മാത്രമേ സ്ഥാനമുള്ളു വെന്നാണ് എനിക്ക് തോന്നുന്നത്. തമിഴ് പ്രദേശങ്ങളിൽ ഒരു ചലനവുമില്ല. തമിഴനാട്ടുകാരെ മാനസാന്തരപ്പെടുത്താൻ ആണെങ്കിൽ ഇതു ശരിയായിട്ടുള്ള ഒരു സമീപനരീതിയാണെന്നു എനിക്കു തോന്നുന്നില്ല. കാലസ്ഥിതിക്കനുസരണമായി മുന്നേറിക്കൊണ്ടിരിക്കുന്ന ജനസഞ്ചയത്തിന്റെ അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കും അനുയോജ്യമാംവണ്ണം പ്രവർത്തിക്കാൻ ശ്രീ. പട്ടം താണുപിള്ളയെപ്പോലുള്ള ഒരാൾ സന്നദ്ധനാകാതെ രാജവാഴ്ചയുടെ ചരിത്രവും രാജാധികാരത്തിലിരുന്ന പ്രദേശങ്ങളുടെ ഭൂമിശാസ്ത്രവും നോക്കിയുള്ള ചിന്താഗതിയുമായി മുന്നോട്ട് പോകുന്നതു ശരിയല്ല. ഉന്നതനായ ഒരു രാഷ്ട്രീയ നേതാവിനു യോജിച്ച രീതിയിതാണോ എന്നു ഞാൻ സംശയിക്കുന്നു. വിശേഷിച്ചും മാറിയ പരിതഃസ്ഥിതിയിൽ പുതിയ കേരളത്തിന്റെ നേതാവായി ഉയരേണ്ട പ്രഗൽഭനായ ശ്രീ. പട്ടം താണുപിള്ള ഇങ്ങനെയുള്ള അർത്ഥശൂന്യവും പ്രയോജനരഹിതവുമായ പ്രകടനങ്ങളും മററും നടത്തുന്നതുകൊണ്ട് ഉയരുന്നതിനു പകരം തിരുവനന്തപുരത്തും മററുമുള്ള സ്ഥാപിതതാൽപ്പര്യങ്ങളുടെ സങ്കുചിതവൃത്തത്തിലാണ് താനെന്നു കാണിക്കുന്നതു ഖേദജനകമായൊരു കാര്യമാണ്. എന്റെ പാർട്ടി നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള ഒരു സംസ്ഥാനം രൂപീകരിക്കുന്നതിനു മലയാളപ്രദേശങ്ങളുൾപ്പെട്ട ഒരു സംസ്ഥാനരൂപീകരണത്തിനു ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. പുനഃസംഘടനാകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള കേരളത്തോടുകൂടി അടുത്തു തെക്കൻ താലൂക്കുകളില്ലാത്ത, തിരുനൽവേലിയിലേയ്ക്കു തള്ളിക്കിടക്കുന്ന ചെങ്കോട്ടയുടെ ഭാഗമില്ലാത്ത, നെയ്യാറ്റിൻകരയും ചിററൂരും ദേവികുളം പീരുമേട് താലൂക്കുകളും ഗൂഡല്ലൂരുമുള്ള കേരളം വേണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ലക്ഷദ്വീപിനേയും അമീൻദ്വീപിനേയും സംബന്ധിച്ച് ആ ദ്വീപുകൾ കേന്ദ്രഭരണത്തിൻകീഴിൽ വേണമെന്ന വാദത്തെ ഞങ്ങളനുകൂലിക്കുന്നു. കോൺഗ്രസ്സിന്റെ ഹൈക്കമാൻഡും ഈ വാദം അംഗീകരിച്ചതായിട്ടാണു കാണുന്നത്. അതു വകവച്ചുകൊടുക്കുന്നതിൽ ഒരു തെററുമില്ല. ഈ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ഒരു കേരളസംസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടി ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും ആനുകൂല്യം വേണമെന്നു മാത്രമേ എനിക്കപേക്ഷയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

SHRI J. ALEXANDER PARAMBITHARA : Sir, considering the S. R. C. Report as a whole it has to be admitted that the commission has made the best of a bad job. For, while it is the primary concern of every one interested in the welfare of our Republic that the unity and solidarity of India should be fostered and strengthened as best as possible, it is to be feared that the importing of the principle of language being made the basis for re-organisation of States into the administration, seems to retard the process of unification, at least for the time being. Indeed the elimination of over 600 odd units and the creation of 27 States was a grand feat unparallelled in history. Theoretically the reduction of 27 to 16 should also be regarded as a great thing. But when it is found that there are 14 languages which clamour for supremacy over one another, it is to be feared that along with race, religion, caste and community which in the past have been made use of as wedges of separation among ourselves, the new element of language also has entered the field.

Nowhere in the world where a settled Government has tried to readjust the borders of the component States under its jurisdiction, has a division based primarily on language been known to have ever been made. Even in America where the borders of States seem to be laid by the set square and foot rule, there were distinct language groups representing some of the important languages of Europe. But language was not thought of as the deciding factor. To my knowledge it is only Hitler who seems to have trotted out the language principle to lay hands on territories he coveted, with what disastrous consequences, we know. This may not be quite an instance in point here but still the fact cannot be denied that at least to start with, the linguistic division of States has formed an apple of discord, as evidenced by the recent, unhappy incidents in Bombay and Vindhya Pradesh and the seething discontent variously expressed in other parts. The bad feelings and bad blood thereby created may go a long way against the growing unity of India at least temporarily. But our Constitution has safe provisions in it to get over such a dire contingency. Hence I envisage a time when the 16 States as now contemplated may be reduced to four or five, when the boundaries of States may even be drawn in straight lines.

Coming to our own case, the singular coincidence of our being the smallest State with the heaviest density of population is a thing that is generally commented upon. But the

LIBRARY ARCHIVES Kerala Legislative Assembly

[Shri J. Alexander Parambithara]

fact that this leaves us little elbow room for expansion is a matter of very serious concern. The four southern taluks recommended to be separated on linguistic grounds are an integral part of Kerala which it would be unnatural and unscientific to be cut away from their parent State. Embittered feelings may be responsible for this State. But all those responsible will reconsider their position so as to see their way to allow these taluks to continue with the rest of Travancore-Cochin for the greatest good of the people and of the land. I am reminded here of the case of Jaffna. Jaffna is a place where the Tamils began to settle down even during the centuries before Christ. The present people of Jaffna are the real sons of the soil and Jaffna as well as Ceylon owe much of their prosperity to the labours of the Tamilians. But the people of Jaffna never thought of separating themselves on linguistic considerations except recently and that by way only of a sympathetic vibration of the language sentiment in India. But this separation however, is not going to come about. I would therefore propose the retention of the four southern taluks as at present. So too, all the other territories now comprising Travancore-Cochin except the enclave of Shencottah beyond the ghats should be there, in the new State to be formed.

I would also state that Gudalloor does form part of the new Kerala State also. Not only that; considering the limited extent of our land and the high incidence of population on the land, I would also wish that a few thousands of sq. miles of land including the areas of Coorg and the Nilgris be also made part of the new Kerala State. Needless to say that Mahe of which also no mention has been made in the report will form part of the new State.

Before I conclude, I would draw the attention of this House to one fact about a thing which would follow the formation of the new State. Following the integration of Travancore and Cochin, we had a heap of problems which has not yet been solved. Now when another integration takes place another set of new problems is bound to arise. I would earnestly request our Government that all those old problems be disposed of, within the shortest possible time so that the new State to be formed may be free to devote its exclusive attention to creative, constructive, nation building welfare schemes in the new set up to be inaugurated in our great Republic.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്തുന്നതിലേയ്ക്കു് നാം നടത്തിവരുന്ന പരിശ്രമങ്ങളുടെ ഒരു ഭാഗമായിട്ടു മാത്രമേ സംസ്ഥാനവിഭജനത്തെ ഗണിക്കേണ്ടതുള്ളു. സംസ്ഥാനങ്ങൾ പഴയ സമ്പ്രദായത്തിലുള്ള ഘടനയിൽ നിന്നും വേർപെടുത്തി ജനസഞ്ചയത്തിനു കൂടുതൽ ഉപയോഗയോഗ്യമായ ഒരു ഭരണസൗകര്യം കൈവരുത്തുന്നതിനാണു് ഇങ്ങനെ ഒരു വിഭജനം ഇൻഡ്യാഗവണ്മെൻറ് നിയമിച്ചിട്ടുള്ള സംസ്ഥാനപുനഃസംഘടനാകമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതെങ്കിൽ, അതിനു ഭാഷാപ്രവിശ്യാവാദമല്ല പ്രധാനഘടകമായി സ്വീകരിച്ചിട്ടുള്ളതെന്നു് റിപ്പോർട്ടിൽത്തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഇവിടെ നടന്നതായ ചർച്ചകളിൽ തെക്കൻ തിരുവിതാംകൂറിനെക്കുറിച്ചുള്ള വിമർശനവേളയിൽ ഭാഷാപ്രവിശ്യാവാദമാണു് കാൺഗ്രസ്സ് പാർട്ടി പാലിച്ചുവന്നിട്ടുള്ളതെന്നു് ചില ബഹുമാനപ്പെട്ട മെംബറന്മാർ പ്രസ്താവിക്കയുണ്ടായി. വിശേഷിച്ചും എതിർപക്ഷനേതാവു് ചെയ്തിട്ടുള്ള പ്രസ്താവന വളരെ കാര്യമായി കണക്കാക്കേണ്ടതാണു്. അതോടുകൂടി മഹാത്മാഗാന്ധിയുടെ പേരും ഘടിപ്പിച്ചിട്ടുണ്ടായിരുന്നു. സർ, സ്വാതന്ത്ര്യസമരത്തിൽ ജനങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ഉണർത്തുന്നതിനും വേണ്ടി, കൂടുതൽ ആവേശം ജനിപ്പിക്കുന്നതിനും മററുമായി അവക്കു മനസ്സിലാകാവുന്ന ഭാഷയിൽ പ്രചരണം നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനുമായി അന്നു് കാൺഗ്രസ്സ് പാർട്ടി ഭാഷാസംസ്ഥാനം സ്വീകരിച്ചിരുന്നു. അതിനു ശേഷം ഭരണഭാരം കൈവന്നതോടുകൂടി അനുഭവത്തിൽനിന്നു് വിവിധ ഭാഷ സംസാരിക്കുന്ന ജനസഞ്ചയത്തെ ഭാഷയുടെ അടിസ്ഥാനത്തിൽ അകററിനിർത്തുന്നതുകൊണ്ടു് ജനങ്ങളുടെ ഇടയിൽ ഭിന്നിപ്പും വിദ്വേഷവും ഉണ്ടാകാൻ കാരണമായിത്തീരുമെന്നുള്ളതുകൊണ്ടും, മററു പല കാര്യങ്ങളും പരിചിന്തിക്കണമെന്നുള്ളതുകൊണ്ടുമാണു് കേവലം ഭാഷാപരമായ പ്രവിശ്യാരൂപീകരണം ആവശ്യമില്ലെന്നു നിശ്ചയിച്ചിട്ടുള്ളതു്. ഇനി, ഭാഷാസംസ്ഥാനവാദം സ്വീകരിക്കുന്നു എന്നു് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും തെക്കൻതിരുവിതാംകൂർ ഉൾപ്പെടെയുള്ള ഒരു കേരളസംസ്ഥാനമാണു് അന്നും വിവക്ഷിച്ചിരുന്നതു്. ഈ അടിസ്ഥാനത്തിലാണു് കേരളസംസ്ഥാനകാൺഗ്രസ്സ് കമ്മിററി അന്നു് രൂപീകരിച്ചു പ്രവർത്തിച്ചുപോന്നിട്ടുള്ളതു്. കാൺഗ്രസ്സ് രൂപീകരിച്ച കേരളസംസ്ഥാനത്തിൽ തിരുവിതാംകൂറിലെ തെക്കൻതാലൂക്കുകൾ ഉൾപ്പെട്ടിരുന്നതുമാണു്. അടുത്ത കാലംവരെ തെക്കൻ തിരുവിതാംകൂർ ഏതെങ്കിലും സംസ്ഥാനത്തിനു വിട്ടുകൊടുക്കേണ്ടിവരുമെന്നോ അവർ തിരുവിതാംകൂർ വിട്ടുപോകുമെന്നോ വിചാരമില്ലായിരുന്നു. എന്നാൽ കമ്മീഷനാകട്ടെ, തെക്കൻതിരുവിതാംകൂർ ഭാഷാപരമായ അടിസ്ഥാനത്തിൽ മാത്രം വിഭജിച്ചിരിക്കയാണു്. പുതുതായി രൂപമെടുക്കാൻപോകുന്ന മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കേരളസംസ്ഥാനം വളരെ ചെറിയഒരു ഘടകമായിരിക്കെ അതിൽനിന്നും ഇനിയും ഏതാനും താലൂക്കുകൾകൂടി വിട്ടുകിട്ടണമെന്നു വാദിക്കുന്നതു് ദൌർഭാഗ്യകരമാണെന്നേ എനിക്കു പറയാനുള്ളു. വിഭജനത്തിനു ശേഷം ഉണ്ടാകുന്ന കേരളത്തിൻെറ സാമ്പത്തികനില ഭദ്രമാണോ എന്നുള്ളതു് കമ്മീഷനുപോലും സംശയമുണ്ടെന്നുള്ളതു് റിപ്പോർട്ടു വായിച്ചാൽ മനസ്സിലാകുന്നതാണു്. സാമ്പത്തികനില മെച്ചപ്പെടുമെന്നു ഒരു പ്രത്യാശ മാത്രമാണു് കമ്മീഷനു തന്നെയും ഉള്ളതു്. പുതിയ സംസ്ഥാനത്തിനു് കൂടുതൽ സാമ്പത്തികാഭിവൃദ്ധി ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള മോണോ

2/3952/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

സൈററ്, ഇൽമനൈററ് തുടങ്ങിയവ കൂടുതലുള്ള തെക്കൻതാലൂക്കുകൾ നഷ്ടപ്പെടുത്തിക്കൂടാത്തതാണ്. ഉപ്പളത്തിന്റെ കാര്യവും എടുത്തുപറയാവുന്നവയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് കമ്മീഷൻ ശേഖരിച്ചിട്ടുള്ള കണക്കുകൾ പലതും ശരിയല്ലെന്ന് നമ്മുടെ അനുഭവത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

നാഞ്ചിനാട്ടുള്ള കൃഷിയെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള കണക്കും അവിടത്തെ മുതലെടുപ്പു സംബന്ധിച്ചു പറഞ്ഞിട്ടുള്ള കണക്കും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. സാമ്പത്തികമായും ഭരണപരമായും ഉള്ള സൗകര്യങ്ങൾ എടുക്കുകയാണെങ്കിൽ ഈ തെക്കൻതാലൂക്കുകൾ കേരള സംസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പഴയ ചരിത്രങ്ങൾ വിസ്മരിച്ചാൽത്തന്നെയും വളരെക്കാലമായി അതായത് കഴിഞ്ഞ രണ്ടുനൂററാണ്ടു കാലമായിട്ട് ഈ തെക്കൻ താലൂക്കുകൾ നമ്മുടെ സംസ്ഥാനത്തിൽ ചേർന്നു നിൽക്കുകയാണ്. ഈ താലൂക്കുകൾ വിട്ടുപോകണമെന്നുള്ള അഭിപ്രായം ചില തെററിദ്ധാരണകളുടെ ഫലമായി അടുത്ത കാലത്തു മാത്രം തെക്കൻ തിരുവിതാംകൂറിലെ ചില ആളുകൾക്ക് ഉണ്ടായിട്ടുണ്ട്, അതു മാററുവാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

സർ, പ്രകൃതിദത്തമായിട്ടുള്ള അതിരുകൾ നിർണ്ണയിച്ചിട്ടുള്ള മററു സംസ്ഥാനങ്ങൾ ഇൻഡ്യയിൽ അപൂർവ്വമായിരിക്കും. സഹ്യപർവ്വതം നാം വിഭാവനം ചെയ്യുന്ന കേരളത്തെ ഇന്ത്യയുടെ മററു ഭാഗങ്ങളിൽ നിന്നും വേർതിരിച്ചിരിക്കുകയാണ്. കാസർഗോഡു മുതൽ കന്യാകുമാരി വരെ പ്രസ്തുത പർവ്വതം നീണ്ടുകിടക്കുന്നു. ഈ പർവ്വതത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളെല്ലാം കേരളത്തിൽ ഉൾപ്പെടേണ്ടതാണെന്നു ഞാൻ വാദിക്കുന്നു. ഒരു പുതിയ കേരളം ഉണ്ടാകുമ്പോൾ സാമ്പത്തികമായി നമുക്ക് അഭിവൃദ്ധിപ്പെടത്തക്ക നിലയിലുള്ള പ്രദേശങ്ങൾ വിട്ടുപോകാതെയിരിക്കുന്നതിനു നിങ്ങളും അനുകൂലിക്കണമെന്നാണ് എനിക്കു തമിഴ്നാട് സ്നേഹിതന്മാരോട് അപേക്ഷിക്കുവാനുള്ളതു്. ദേവികുളവും പീരുമേടും താലൂക്കുകൾ കേരളാസംസ്ഥാനത്തുതന്നെ ഉൾപ്പെടേണ്ടതാണെന്നുള്ള കാര്യം ഇവിടെ പലബഹുമാനപ്പെട്ട മെമ്പറന്മാരും പ്രസ്താവിച്ചുകഴിഞ്ഞു. കമ്മീഷനും അതിനോടു യോജിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ഭൂരിപക്ഷം തമിഴ് സംസാരിക്കുന്ന ആളുകൾ താമസിക്കുന്നുണ്ടെന്നുള്ളതിൽ കവിഞ്ഞു് മററു യാതൊരു വാദഗതികളും അവർക്ക് കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. തോട്ടങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ ഓരോ കൊല്ലത്തിലും വന്നും പോയും ഇരിക്കുന്നവരാണ്. ജോലി ഉള്ളപ്പോൾ മാത്രം അവർ അവിടെ താമസിക്കും. ജോലി നിറുത്തിവയ്ക്കുന്ന കാലങ്ങളിൽ ഇവർ അവരുടെ നാട്ടിൽ പോകും. അതിനു് അവർക്കു വഴിച്ചെലവു് കൊടുത്തുവന്നിരുന്നു. ഓരോ വർഷവും ജോലിക്കു വരുന്നതു് ചിലപ്പോൾ പല ആളുകളായിരിക്കും. ഈ അടുത്ത കാലത്തു് തൊഴിൽ നിയമങ്ങളിൽ അവർക്കനുകൂലമായിട്ടുണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ മൂലമാണു് രണ്ടോ മൂന്നോ വർഷമായി തുടരെ അവർ അവിടെ താമസിക്കുന്നതു്. തൊഴിലാളികൾക്കു് തൊഴിലിൽ സ്ഥിരാവകാശം നൽകിയതുകൊണ്ടാണു് അവർ ഇപ്പോൾ അവിടെ വേലയെടുത്തു് താമസമാക്കിയിട്ടുള്ളതു്. ഇന്നു് ദേവികുളവും പീരുമേടും താലൂക്കുകളെ സംബന്ധിച്ചിടത്തോളം തൊഴിലിനുവേണ്ടി വന്നും പോയും കൊണ്ടിരിക്കുന്ന ആളുകൾ ആണു് ഭൂരി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷവും തമിഴ് സംസാരിക്കുന്ന ആളുകൾ എന്ന് വ്യക്തമാണ്. അതുകൊണ്ട് ഈ രണ്ടു താലൂക്കുകളും വിട്ടുപോകണമെന്നു പറയുന്നതു് സ്വീകരിക്കാൻ നിവൃത്തിയില്ല. ചെങ്കോട്ടത്താലൂക്കിനെ സംബന്ധിച്ച് ഇവിടെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത താലൂക്കിലെ ചില എൻക്ലേവുകൾ മദ്രാശിക്കു വിട്ടുകൊടുത്തുകൊണ്ട് ശേഷിച്ച ചെങ്കോട്ട താലൂക്കും കേരളത്തിൽ ഉൾപ്പെടേണ്ടതാണ്.

ഗൂഡല്ലൂർ താലൂക്കിനെ സംബന്ധിച്ച് നമ്മുടെ മുഖ്യമന്ത്രി വേണ്ടിടത്തോളം വിശദീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മലബാറിനെക്കുറിച്ചുള്ള പ്രസ്താവനയിൽ മദ്രാസിലെ മററു ഭാഗങ്ങളിൽനിന്നും വ്യത്യസ്തമാണ് മലബാറിലെ ജന്മി-കുടിയാൻ ബന്ധമെന്ന് കമ്മിഷൻ റിപ്പോർട്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. മലബാറിലെ ജന്മി-കുടിയാൻ ബന്ധമാണ് ഗൂഡല്ലൂർ താലൂക്കിലും ഉള്ളതെന്നും മനസ്സിലാക്കാൻ കഴിയും. ഗൂഡല്ലൂർ താലൂക്കുംകൂടി കേരളാ സംസ്ഥാനത്തിൽ ഉൾപ്പെടുത്തണമെന്നു പറയുന്ന വാദഗതിക്കുള്ള ഒരു കാരണം ഭാഷകൊണ്ടും, ആചാരം കൊണ്ടും, സംസ്കാരം കൊണ്ടും ഗൂഡല്ലൂർ കേരളത്തിൽ പെടേണ്ടതാണ്. കാസർഗോട്ട താലൂക്ക് എങ്ങനെയായാലും കേരളാ സംസ്ഥാനത്തിൽനിന്നും വേർപെടുത്തരുതു്. ലക്ഷദ്വീപും, അമീൻദ്വീപുകളും കേന്ദ്രഭരണത്തിൻകീഴിൽ വരേണ്ടതാണ്. സാമ്പത്തികമായ കെട്ടുറപ്പുള്ള കേരളസംസ്ഥാനം ഉണ്ടാകണമെന്നുള്ളതാണ് നമ്മുടെ എല്ലാവരുടേയും ആഗ്രഹം. ആയതുകൊണ്ട് തിരുവിതാംകൂറിലെ തെക്കൻ താലൂക്കുകളും ദേവികുളം, പീരുമേട്, ചെങ്കോട്ട എന്നീ താലൂക്കുകളും നീലഗിരി ജില്ലയിൽപ്പെട്ട ഗൂഡല്ലൂർ താലൂക്കുംകൂടി ഉൾപ്പെടുത്തി ഒരു കേരളാ സ്റ്റേററ് രൂപീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. സി. എബ്രഹാം: സർ, കാസർഗോഡു മുതൽ നെയ്യാററിൻകര വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ സംസ്ഥാനം രൂപീകരിക്കണമെന്നും, ആ സംസ്ഥാനത്തിനു കേരളം എന്നു നാമകരണം ചെയ്യണമെന്നും എസ്സ്. ആർ. സി. റിപ്പോർട്ടിൽ കാണുന്നു. അതിനു പകരം കാസർകോട്ടു മുതൽ കന്യാകുമാരി വരെയുള്ള സകല ആളും ഗൂഡല്ലൂരുംകൂടി ഉൾപ്പെടെയുള്ള ഒരു കേരളസംസ്ഥാനം ഉണ്ടായിരിക്കണമെന്നുള്ള ഒരു വാദഗതിയും ഇവിടെ ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. ഇതാണ് പൊതുവെ ഈ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നതു്. ഇവിടെ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പുതിയ സംസ്ഥാനരൂപീകരണത്തിനു പ്രതിബന്ധമായി നിൽക്കുന്നതു് തെക്കൻ തിരുവിതാംകൂറിലെ തമിഴ്സംസാരിക്കുന്ന ജനങ്ങളാണ്. അവരെക്കൂടി കേരളാസംസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നതു ശരിയാണോ, അതു ന്യായമാണോ എന്നു വാദിക്കുന്ന ആളുകളും ഇവിടെയുണ്ട്. ഒരു തമിഴ്സംസ്ഥാനരൂപീകരണ സന്ദർഭത്തിൽ, അവരുടെ പ്രദേശങ്ങൾ അതിലുൾപ്പെടുത്തണമെന്നു വാദിക്കുന്നതു സ്വാഭാവികമായിരിക്കാം. പക്ഷെ അവർ ഉന്നയിക്കുന്ന വാദം, കേരളത്തിലെ മലയാളികൾ അവരെ അടിമകളെപ്പോലെ ചവുട്ടിമെതിക്കുന്നുവെന്നും, അവർക്കു ഇവിടെ വേണ്ട പരിഗണനയും പരിരക്ഷയും ലഭിക്കാനിടയില്ലെന്നുമാണ് വസ്തുതകളുടെ വെളിച്ചത്തിൽ അതു് തെററാണെന്നു് കാണാവുന്നതാണ്. അയൽ പ്രദേശമായ തിരുനൽവേലി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. സി. ഏബ്രഹാം]

ജില്ലയിലെ ജനങ്ങളുടെ സാമ്പത്തികവും, സാംസ്കാരികവുമായ നിലയും, തെക്കൻ തമിഴ്നാട്ടുകളിലെ ജനതയുടെനിലയും തമ്മിൽ ഒന്നു തട്ടിച്ചുനോക്കാൻ എന്റെ തമിഴ് സുഹൃത്തുക്കളോടു ഞാൻ ആവശ്യപ്പെടുകയാണ്. തെക്കൻ തിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങൾ ധനസ്ഥിതിയിലും, സംസ്കാരത്തിലും, വിദ്യാഭ്യാസത്തിലും വളരെ മുന്നണിയിലാണ് നിൽക്കുന്നതു്. അവർക്കു ഇന്നുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഇനിയുംഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളുണ്ടു്. ബ്രിട്ടീഷ്ക്യാബിനററിൽ, സ്കോട്ട്ലൻഡുകാരുടെ കാര്യങ്ങൾ നോക്കുന്നതിന് സെക്രട്ടറി ആഫ് സ്റ്റേററ്സ്ഫാർ സ്കോട്ട്ലൻഡു എന്നൊരു മന്ത്രി പ്രത്യേകം ഉള്ളതുപോലെ, തമിഴ പ്രദേശങ്ങളുടെ കാര്യങ്ങൾക്കു പ്രത്യേക പരിഗണന നൽകി പ്രത്യേകം ഒരു മന്ത്രിയെത്തന്നെ നിയമിച്ചുകൊടുക്കാനുള്ള സാദ്ധ്യത ഇനിയുണ്ടു്. ദേവികുളം പീരുമേടു താലൂക്കുകളെപ്പററിയും ഇവിടെ പരാമർശിക്കുകയുണ്ടായി. ആ പ്രദേശങ്ങൾ കേരളത്തിൽനിന്നും വിട്ടുപോകുന്നതിന് കേരളീയരായ ആരുംതന്നെ സമ്മതിക്കുമെന്ന് തോന്നുന്നില്ല. ആദ്യകാലം തുടങ്ങി നമ്മുടേതായിരിക്കുന്ന ഈ പ്രദേശങ്ങൾ വിട്ടുകൊടുക്കുന്നതിനു സമ്മതിക്കാൻ കേരളീയരായിജനിച്ച ആരുംതന്നെ കാണുമെന്നു തോന്നുന്നില്ല. ദേവികുളവും പീരുമേടും ഇല്ലാത്ത ഒരു സംസ്ഥാനം ഭരിക്കാൻ ഈ നാട്ടിൽ ഒരു രാഷ്ട്രീയപാർട്ടിയും ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കേരളീയരെ രാഷ്ട്രീയപ്രശ്നങ്ങളുടെപേരിൽ ഈ കാര്യത്തിൽ ഭിന്നിപ്പിക്കാനും സാധിക്കുന്നതല്ല.

നമ്മുടെ നദീജലത്തെപ്പററി ഇവിടെ പല അഭിപ്രായങ്ങളും കേട്ടു. ആ പ്രശ്നം വളരെ ശാന്തമായും, ആവേശമില്ലാതെയും തീരുമാനിക്കേണ്ട ഒന്നാണെന്നാണു എനിക്കു പറയാനുള്ളതു്. നമുക്കാവശ്യമില്ലാത്ത ജലം മദ്രാസിലേയ്ക്കു കൊടുക്കുന്നതിനെപ്പററി നമുക്കു ആലോചിക്കാവുന്നതാണ്. ആവശ്യമായ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നദീജലം കൊടുക്കുന്നതിൽ ആക്ഷേപമില്ലെന്നാണു എന്റെ അഭിപ്രായം. നമ്മുടെ നദീജലം കൊണ്ടുവികസിപ്പിക്കപ്പെടുന്ന സ്ഥലങ്ങളിൽ നമ്മുടെ ആളുകളേയും താമസിപ്പിക്കും എന്നുള്ള ഉറപ്പിൻമേൽ നമ്മുടെ ആവശ്യം കഴിഞ്ഞു അധികമുള്ള ജലം കൊടുക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഒരു unreasonable attitude നാം എടുക്കേണ്ട ആവശ്യമില്ല. ഞാൻ അയച്ചിരുന്ന ഭേദഗതിയിൽ ഉൾക്കൊള്ളുന്ന പ്രധാനമായ കാര്യം ഇവിടെ ആരുംതന്നെ സ്പർശിച്ചിട്ടില്ല. അതു അപ്രായോഗികമാണെന്നു എനിക്കുതന്നെ ഭയമുണ്ടായിരുന്നു. പക്ഷെ അതു അടിസ്ഥാനരഹിതമായ ഭയത്തിൽനിന്നു ഉടലെടുത്തതാണു എന്ന്മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടും എനിക്കു വിശ്വാസമാകുന്നില്ല. ഇൻഡ്യ ഒന്നാണ്, നമുക്കു തുല്യാവകാശമുണ്ടു്. ആർക്കുവേണമെങ്കിലും എവിടെയുംപോയി താമസിക്കാം എന്നെല്ലാം പറയുന്നതു തത്വപരമായി ശരിയാണ്. പക്ഷേ ഭാഷാപരമായി സംസ്ഥാന രൂപീകരണത്തിനുശേഷം മലയാളികളെ ആരുംതന്നെ അന്യസ്ഥലങ്ങളിൽ സ്വാഗതം ചെയ്യാൻ പോകുന്നില്ല. പിന്നെ ചായപ്പീടികകളിൽ മാത്രം കഴകുന്നതിനോ, വെററിലക്കച്ചവടം നടത്തുന്നതിനോ സൗകര്യം കിട്ടിയെന്നുവരാം. കുറെ കാലങ്ങൾക്കുമുൻപു്, ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപായി, പ്രധാനപ്പെട്ട കമ്പനികളെല്ലാം വിദേശികളുടെ ഉടമസ്ഥതയിലായിരുന്നു നടത്തിയിരുന്നതു്. സമർത്ഥന്മാ

LIBRARY ARCHIVES Kerala Legislative Assembly

രായ മലയാളി യുവാക്കന്മാരെ അവരുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പരിഗണിച്ച് ധാരാളമായി ജോലിക്കു നിയമിച്ചിരുന്നു. ആ കമ്പനികളുടെ മാനേജ്മെൻറുകളെല്ലാം ഇന്നു നാട്ടുകാരിലേയ്ക്കു് കൈമാററം ചെയ്തുകൊണ്ടിരിക്കുകയാണ്. തന്നെയുമല്ല, അവിടവിടെത്തന്നെ ഇപ്പോൾ സാമർത്ഥ്യവും വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാർ ധാരാളമുണ്ടുതാനും. മലയാളികൾക്കു് അങ്ങനെ വിദേശങ്ങളിൽ ജോലികിട്ടാനുള്ള സാധ്യത ഇല്ലാതെയാണിരിക്കുന്നതു്. മാത്രമല്ല, മലയാളികൾക്കു ഒരു വിശേഷതയുണ്ടു്, ഉദ്യോഗങ്ങളിൽ വെളിയിലിരിക്കുന്ന മലയാളികളായ ഉദ്യോഗസ്ഥന്മാർക്കും ഔദ്യോഗികജീവിതം കഴിഞ്ഞു അവനവൻെറ കുഗ്രാമങ്ങളിൽ വന്നു അന്ത്യകാലം കഴിച്ചുകൂട്ടണമെന്നുള്ള ഒരാഗ്രഹം സാധാരണയുള്ളതാണ്. നമുക്കു് ഇന്നുതന്നെ താമസിക്കുന്നതിനു് സൗകര്യമില്ലാതെയാണിരിക്കുന്നതു്. തീരപ്രദേശങ്ങളിലാണെങ്കിൽ, ഭൂവുടമസ്ഥനും, കുടിയാനവനും ഒരുപോലെ നേരിടുന്ന ഒരു വിഷമമാണിതു്. അഞ്ചെട്ടു കൊല്ലക്കാലം ഈരീതിയിൽ തുടർന്നാൽ നാം എവിടെ താമസിക്കുമെന്ന ഒരു പരിഭ്രമം തന്നെയുണ്ടാകുന്നുണ്ടു്. ഇനി വരാൻ പോകുന്ന കേരളസംസ്ഥാനത്തേയും അഭിമുഖീകരിക്കുന്ന ഒരു വലിയ വിഷമപ്രശ്നമാണിതു്. ജനപ്പെരുപ്പത്തെക്കുറിച്ചു് കേരളത്തിലെ ഉന്നതന്മാരായ നേതാക്കന്മാരുടെയും ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് എൻെറ ഭേദഗതി ഞാൻ അവതരിപ്പിച്ചതു്. പക്ഷെ അതിൽ ആരും ഉൽകണ്ഠയുള്ളവരായി ഞാൻ കണ്ടില്ല. അടുത്തുവരാൻപോകുന്ന തലമുറയുടെ നിർഭാഗ്യമെന്നു വിചാരിക്കയെ നിവൃത്തിയുള്ളു. ഇതിൽക്കൂടുതലായി ഈ അവസരത്തിൽ എനിക്കൊന്നും പറയാനില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ ഈ നിയമസഭ ആവിർഭവിച്ചതിനുശേഷം, ഇത്ര സുപ്രധാനമായ ഒരു ചർച്ച
4 P.M. ഇതിനു മുൻപുണ്ടായിട്ടില്ലെന്നുള്ള കാര്യം എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ചർച്ചയിൽ നടന്നിട്ടുള്ള വാദപ്രതിവാദങ്ങളെല്ലാം താരതമ്യേന വളരെ ഉന്നതമായ ഒരു മാനദണ്ഡം പുലർത്തിക്കൊണ്ടായിരുന്നു നടന്നിട്ടുള്ളതെന്നോർത്തു ഞാൻ അഭിമാനംകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ, ഇതു ഇവിടെ സാധാരണ ഗവണ്മെൻറു ബെഞ്ചുകളിലുള്ള അംഗങ്ങളെ എതിർക്കുന്നതിനുവേണ്ടി നടത്തിവരാറുള്ള ഒരു വാദപ്രതിവാദമായിരുന്നില്ല. ഈ നിയമസഭയിൽ കഴിഞ്ഞ മൂന്നുനാലു ദിവസമായി കേട്ടുകൊണ്ടിരിക്കുന്ന ചില സ്ഥലനാമങ്ങൾതന്നെ, മറെറാരു നിയമസഭയിലെ വാദപ്രതിവാദവേളയിലും ഇട്ടു പന്താടുന്നതായി കേൾക്കുന്നുണ്ടു്. കാസർകോടെന്നും, ഗൂഡല്ലൂർ എന്നും, ദേവികുളം എന്നും, പീരുമേടെന്നും, ചെങ്കോട്ടയെന്നും, തെക്കൻ തിരുവിതാംകൂറിലെ താലൂക്കുകളെന്നുമുള്ള പദങ്ങൾ ഇക്കഴിഞ്ഞ എട്ടാനും ദിവസങ്ങളായി മറെറാരു നിയമസഭയിലെ വാദപ്രതിവാദത്തിലും കേൾക്കുകയാണ്. വാദപ്രതിവാദങ്ങൾ എല്ലാം, ഇതേപ്പററി തീരുമാനം ചെയ്യാൻ പരമാധികാരമുള്ള കേന്ദ്രഗവണ്മെൻറും, കേന്ദ്രപാർലമെൻറും ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു നാം നടത്തിയിട്ടുള്ളതു്. ഈ വാദപ്രതിവാദവേളയിൽ ഉണ്ടായിട്ടുള്ള പ്രസംഗങ്ങളെല്ലാം പരിഭാഷപ്പെടുത്തി കേന്ദ്രത്തിലേയ്ക്കു അയച്ചുകൊടുക്കുന്നുണ്ടു്. അതുകൊണ്ടു ഞാൻ ഇതിനുപരി പറയാൻ പോകുന്ന ചില കാര്യങ്ങൾ ഇവിടെ മററ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചില അംഗങ്ങൾ പറഞ്ഞിട്ടുള്ളതും, അതിൽ കൂടുതലായും നാം എല്ലാം ആഗ്രഹിക്കുന്ന കേരളസംസ്ഥാനത്തിന്റെ കാര്യങ്ങളെപ്പററി കേന്ദ്രഗവണ്മെൻറും കേന്ദ്രപാർലിമെൻറും അറിയാൻവേണ്ടി പറയുന്ന കാര്യങ്ങൾ എന്നുള്ള നിലയിൽ, ഈ സഭയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി അവസാനമായി സംഗ്രഹിച്ചു പറയുകയാണ്. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ വരുമ്പോൾ ഞാൻ പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളാം.

സർ, നാം ഇവിടെ നടത്തിയിട്ടുള്ള അവകാശവാദങ്ങൾ പലതാണ്. അതിൽ പ്രധാനമായി, പതിനയ്യായിരം ചതുരശ്രമൈൽ മാത്രം വിസ്തീർണ്ണമുള്ള ഒരു പ്രോബ്ലം സ്റ്റേററന്നു കരുതാവുന്ന ഏററവും വിഷമപ്പെട്ട കേരളസ്റ്റേററിന്റെ കാര്യമാണ്. ഇൻഡ്യയിൽ ഉണ്ടാകാൻപോകുന്ന പതിനാറു സ്റ്റേററുകളിൽ ഏററവും ചെറിയ സ്റ്റേററ് കേരളമാണ്. ഏററവും കൂടുതൽ ജനസാന്ദ്രതയും, തന്മൂലമുള്ള ഏററവും കുഴഞ്ഞ പലപ്രശ്നങ്ങളും ഉൾക്കൊള്ളുന്നതുമായ ഒരു സ്റ്റേററായിരിക്കും കേരളം. ഈ വസ്തുതകളെപ്പററി ഈ സഭയുടെ എല്ലാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വാദഗതികൾ കേന്ദ്രഗവണ്മെൻറും, ഇൻഡ്യൻ പാർലിമെൻറും വേണ്ടപോലെ ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. താലൂക്കുകളെ സംബന്ധിച്ചുള്ള തർക്കം മദ്രാസ്സ്റ്റേററുമായിട്ടാണു ഉണ്ടാകുന്നതു്. കമ്മിഷൻ റിപ്പോർട്ടിന്റെ ഒരു അദ്ധ്യായത്തിൽ ഉണ്ടാകാൻ പോകുന്ന സ്റ്റേററിന്റെ ജനസംഖ്യയും, അതിന്റെ വിസ്തീർണ്ണവും ഒരു പട്ടികയായി എടുത്തുകാണിച്ചിട്ടുണ്ടു്. ആ പട്ടിക നോക്കിയാൽ ഉണ്ടാകാൻപോകുന്ന മദ്രാസസംസ്ഥാനത്തിന്റെ വിസ്തീർണ്ണം അൻപതിനായിരം ചതുരശ്രമൈലും, ജനസംഖ്യ മൂന്നുകോടിയുമാണെന്നു കാണാം. ഇങ്ങനെയുള്ള രണ്ടു സ്റ്റേററുകൾ പുനർവിഭജനം നടത്തുമ്പോൾ സംഭവിക്കാവുന്ന ഒരു മാർജിനൽ കേസിനെപ്പററിയാണു നാം ആലോചിക്കുന്നതു്. ചെറിയകേസ്സു എന്നു ഞാൻ പറയുന്നതു, നാം ഇവിടെ എടുത്തുപറഞ്ഞ ഓരോന്നും ചെറിയ കാര്യങ്ങൾ ആയതുകൊണ്ടാണ്. തെക്കൻ തിരുവിതാംകൂറിന്റെ കാര്യംതന്നെ എടുക്കുക. അറന്നൂറ്, എഴുനൂറ് ചതുരശ്രമൈൽ വിസ്തീർണ്ണമാണു ആ ഭാഗത്തിനുള്ളതു്. തെക്കൻ തിരുവിതാംകൂർ മദ്രാസിൽ ചേക്കണമൊ, കേരളത്തിൽ ചേക്കണമൊ എന്നുള്ള വാദമുഖത്തെപ്പററി വഴിയെ സ്പർശിച്ചുകൊള്ളാം. കേവലം 600 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഭൂവിഭാഗം, അൻപതിനായിരം ചതുരശ്രമൈലിൽ എത്രയോ ഒരു ചെറിയ ഭാഗമാണ്. ഈ ഭാഗം മദ്രാസിൽ ചേരേണ്ടതാണെങ്കിൽ ചേക്കുന്നതുകൊണ്ടു എനിക്കു വിരോധമില്ല. അതുപോലെതന്നെ ഗൂഡലൂർ താലൂക്കിന്റെയും, കാസർകോടു താലൂക്കിന്റെയും കാര്യം നോക്കുകയാണെങ്കിൽ, അവയും കേരളം സ്റ്റേററിന്റെ ഭാഗമായിത്തീരേണ്ടതു, താരതമ്യേന കേരളസംസ്ഥാനത്തിന്റെ വിസ്തീർണ്ണവും വിഭവസമ്പത്തും പരിഗണിക്കുമ്പോൾ അത്യാവശ്യമാണെന്നു കാണാൻ കഴിയും. ഇങ്ങനെയുള്ള സന്ദർഭത്തിൽ, രണ്ടുകക്ഷികളും തീവ്രമായ വാദപ്രതിവാദങ്ങൾ ചെയ്യുമെങ്കിലും അതിനെപ്പററി അവസാനതീരുമാനം എടുക്കേണ്ട പ്രധാനമന്ത്രിയും, അദ്ദേഹത്തിന്റെ ക്യാബിനററും, ഉപദേശിക്കുന്ന മററാളുകളും വാശിയും പ്രതിയുമായിട്ടുള്ള സ്റ്റേററുകളുടെ താൽപര്യത്തെയല്ല നോക്കുന്നതെന്നും, നാഷണൽ ഇൻടറസ്ററ മാത്രമേ നോക്കുകയുള്ളൂവെന്നുമാണു ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയിൽനിന്നും അങ്ങനെയല്ലാതെയുള്ള ഒരു മനോഭാവം പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. ഇക്കാര്യത്തിൽ എന്താണു നാഷനൽ ഇൻടറസ്റ്റ്? ഇൻഡ്യയിൽ ഉണ്ടാകാൻപോകുന്ന പത്തോ, പതിനാറോ സംസ്ഥാനങ്ങളിൽ ദുർബലവും, വിഭവങ്ങളുടെ അഭാവത്താൽ ദരിദ്രവും, ജനങ്ങൾക്ക പാർക്കാൻ പാർപ്പിടമില്ലാത്തതുകൊണ്ടു വൈഷമ്യങ്ങളുള്ളതുമായ ഒരു സ്റ്റേററ്, ജനങ്ങൾക്ക മററവിധത്തിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നതുമായ ഒരു സ്റ്റേററ ഇൻഡ്യയുടെ ശക്തിക്ക അടിസ്ഥാനം ഇടുമ്പോൾ, ഇങ്ങനെ ദുർബ്ബലമായ ഒരുകണ്ണി ഇൻഡ്യൻ സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നതു ശരിയല്ല. ഇതു കേന്ദ്രഗവണ്മെൻറ സമ്മതിക്കുമെന്നും, ആ വിധത്തിലുള്ള ഒരു സമീപനം ഉണ്ടാകുമെന്നുമുള്ള ആത്മാർത്ഥമായ പ്രതീക്ഷയോടുകൂടി ഞാൻ ഇനിയും ചില കാര്യങ്ങൾ പറയാൻ പോകുകയാണ്.

സർ, കമ്മിഷൻ വളരെയേറെ പര്യടനംനടത്തി, വളരെയേറെ രേഖകൾ പരിശോധിച്ച്, വളരെയേറെ സാക്ഷികളുടെ മൊഴികേട്ട്, കേരളത്തിൽ ഇന്നയിന്ന താലൂക്കുകൾ ഉൾപ്പെടുത്തണമെന്നും, ഇന്നയിന്ന താലൂക്കുകൾ കേരളത്തിൽനിന്നും വേർപെടുത്തണമെന്നും തീരുമാനിക്കുകയുണ്ടായി. ഇതിനുംപുറമെ നാലുതാലൂക്കുകൾകൂടി കേരളത്തിൽനിന്നു വിട്ടുത്തി മദ്രാസ്സ്റ്റേററിൽ ചേർക്കണമെന്നു എൻെറ ഒരു സ്നേഹിതൻ ഒരു ഭേദഗതികൊണ്ടുവന്നിട്ടുണ്ട്. അതു ഏററവും എളുപ്പത്തിൽ പറഞ്ഞുതീർക്കാവുന്ന ഒരു കാര്യമായതുകൊണ്ടു അതേപ്പററി ആദ്യം പറയുകയാണ്. നെയ്യാററിൻകര താലൂക്കിനെയും, ചിററൂർതാലൂക്കിനെയും പ്പററി ഉണ്ടായിട്ടുള്ള വാദം ഈ അടുത്തകാലത്തുമാത്രം ഉണ്ടായിട്ടുള്ളതാണ്. എൻെറ ഓമ്മ ശരിയാണെങ്കിൽ, 1953–ൽ മാത്താണ്ഡത്തുവച്ചു കൂടിയ ടി. ടി. എൻ. സി. ചേന്നാണ ഈ രണ്ടുതാലൂക്കുകളും തമിഴകത്തിൽ ഉൾപ്പെടുത്തണമെന്നു ഒരു തീരുമാനമെടുത്തതു്. ഈ താലൂക്കുകളെപ്പററി മറെറാരു നിയമസഭയിൽ വാദപ്രതിവാദം നടക്കുന്ന അവസരത്തിൽ അവിടെയുള്ള വക്താക്കൾ ഒന്നുംതന്നെ പറഞ്ഞതായി ഞാൻ പത്രങ്ങളിൽ വായിച്ചില്ല. അതുകൊണ്ടു ഈ താലൂക്കുകൾകൂടി നമ്മുടെ സംസ്ഥാനത്തുനിന്നും വേർപെടുത്തണമെന്നു ഭേദഗതി അവതരിപ്പിച്ചിട്ടുള്ള മെംബറന്മാരെ അശേഷം ആക്ഷേപിക്കാതെ തന്നെ ഇതു അത്രകാര്യമായിട്ടു കൊണ്ടുവന്നിട്ടുള്ളതല്ലെന്നു പറഞ്ഞുകൊള്ളട്ടെ.

ശ്രീ. എ. കുഞ്ഞൻ നാടാർ: 1948–ന ശേഷം എല്ലാ തിരഞ്ഞെടുപ്പിലും ഈ ഇഷ്യൂവച്ചു സ്ഥാനാർത്ഥികളെ നിറുത്തി മത്സരിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെങ്കിൽ പറഞ്ഞതു തെററാണ്.

നെയ്യാററിൻകരയും, ചിററൂരും താലൂക്കുകൾ കേരളത്തിൽനിന്നു വിടുത്തണമെന്നു മദ്രാസ്സുഗവണ്മെൻറിനുപോലും അഭിപ്രായമുള്ളതായി എനിക്കറിഞ്ഞുകൂടാ. പിന്നെ, ദേവികുളം പീരുമേടിൻെറ കാര്യമാണ്. അതു ഞാൻ വഴിയെ പറയാം. കാസർകോടിൻെറ കാര്യത്തിൽ ഒരു വാദം വന്നിട്ടുണ്ട്; അതു രണ്ടായിട്ടു പകുക്കണം എന്നു്, കാസർകോട്ടുതാലൂക്കിൽ, കിഴക്കുനിന്നും ഉത്ഭവിച്ചു പടിഞ്ഞാറോട്ടു ഒഴുകുന്ന പയസ്വിനി, ചന്ദ്രഗിരി എന്ന രണ്ടു പുഴകൾ ഒന്നുചേർന്നു ചന്ദ്രഗിരി എന്ന നാമം വഹിച്ചു് അറേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബ്യൻ കടലിൽ വീഴുന്നുണ്ട്. ഇതിൽ പയസ്വിനി നദിയുടെ വടക്കുഭാഗത്തുള്ള പ്രദേശങ്ങൾ കന്നടക സംസ്ഥാനത്തു ചേക്കണമെന്നാണു ഒരു വാദം. ആ പ്രദേശങ്ങൾ കന്നടകസംസ്ഥാനത്തു ചേക്കണമെന്നുള്ള വാദത്തിന്റെ അടിസ്ഥാനമായി മദ്രാസു നിയമസഭയിൽ അവിടത്തെ മന്ത്രിമാരിൽ ഒരാൾ പ്രസ്താവിച്ചതു അവിടെയുള്ള ചില വില്ലേജുകളിലും പകുതികളിലും മലബാറിലെ ടെനൻസി ആക്ററ ബാധകമാക്കിയിട്ടില്ല എന്നാണ്. മി. ഭക്തവത്സലം ചെയ്തിട്ടുള്ള പ്രസംഗത്തിൽ അങ്ങനെ പറഞ്ഞിട്ടുള്ളതായി പത്രങ്ങളിൽ വായിച്ചതാണ്. കാസർകോട് താലൂക്കിൽ വടക്കൻ വില്ലേജുകളിൽ മലബാർ ടെനൻസി ആക്ററ് ബാധകമാകയില്ലെന്ന കാരണം കൊണ്ടാണു ആ പ്രദേശങ്ങൾ കന്നടക സംസ്ഥാനത്തു ചേക്കണമെന്നു പറയുന്നതു്. ആ പ്രദേശത്തെ ഭാഷസംബന്ധിച്ചുള്ള നിലപാടു എന്താണെന്നു പറഞ്ഞിട്ടില്ല. അതേപ്പററി ഗവണ്മെൻറിനു കിട്ടിയിട്ടുള്ള കണക്കുവച്ചുനോക്കുകയാണെങ്കിൽ, കൂടുതലും മലയാളഭാഷയാണ് സംസാരിക്കുന്നതു്. മലയാളം സംസാരിക്കാത്ത ആളുകൾ സംസാരിക്കുന്നതു കന്നടകം അല്ലതാനും. അങ്ങനെ പല പ്രദേശങ്ങൾ ഉണ്ട്. അതുകൊണ്ട് എന്റെ സ്നേഹിതൻ ശ്രീ. ടി.വി. താമസു പ്രസ്താവിച്ച ഭാഷാടിസ്ഥാനത്തിൽ മാത്രമുള്ള സംസ്ഥാനവിഭജനം ഫലപ്രദമാവുകയില്ലെന്നും, അതു അശാസ്ത്രീയമാണെന്നും ഞാൻ വഴിയെ പറഞ്ഞുകൊള്ളാം. കാസർകോട് താലൂക്കിന്റെ വടക്കുഭാഗത്തുള്ള ആളുകൾ ഭൂരിപക്ഷവും മലയാളം സംസാരിക്കുകയും, പയസ്വിനി നദിയുടെ വടക്കുഭാഗത്തുള്ള ആളുകൾ ഭൂരിപക്ഷവും മലയാളം സംസാരിക്കുകയും, മലയാളം സംസാരിക്കാത്തവർ കന്നടകഭാഷസംസാരിക്കാതിരിക്കുകയുമാണ് ചെയ്യുന്നതു്. ആ പ്രദേശങ്ങൾ കേരളസംസ്ഥാനത്തിൽ നിൽക്കണമെന്നുള്ള കമ്മിഷന്റെ പരിചിന്തിതമായ തീരുമാനം തീച്ചയായും കേന്ദ്രഗവണ്മെൻറ മാററരുതെന്നു ഈ ഗവണ്മെൻറിനപേക്ഷയുണ്ട്. ഈ നിയമസഭയുടെ ഏകകണ്ഠമായ പിന്തുണ ഈ കാര്യത്തിൽ നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മറെറാരു പ്രദേശം ഗൂഡല്ലൂരാണ്. ഗൂഡല്ലൂരിന്റെ കാര്യത്തിൽ വലിയ ഒരു പ്രത്യേകതയുള്ളതു കമ്മിഷൻ റിപ്പോർട്ട് മുഴുവൻ പരിശോധിച്ചാലും അതിൽ ഒരു ഭാഗത്തും ഗൂഡലൂർ എന്ന പദം കാണുകയില്ലെന്നുള്ളതാണ്. ഗൂഡലൂർതാലൂക്കു കേരളസംസ്ഥാനത്തിൽ ചേക്കേണ്ടതാണെന്നു്, ഗൂഡലൂർതാലൂക്കുനിവാസികളും മററനേകം സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടാതെ, തിരുവിതാംകൂർ-കൊച്ചി പ്രദേശ് കാൺഗ്രസുകമ്മിററി നൽകിയിട്ടുള്ള ഒരു മെമ്മോറാണ്ടത്തിൽ ഗൂഡലൂർ താലൂക്കു കേരളത്തിൽപെടുത്തേണ്ടതാണെന്നു ശക്തിയായി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ കമ്മിഷൻ മുൻപാകെ നീതിയായി ഉന്നയിക്കപ്പെട്ട ഒരു വാദത്തെ സംബന്ധിച്ചു കമ്മിഷൻ അനുകൂലമായോ, പ്രതികൂലമായോ ഒരു വാക്കുപോലും പറയാതെ വിട്ടുകളഞ്ഞിരിക്കുകയാണ്. അതൊരു ഒമിഷൻ ആണെന്നുപോലും തോന്നിപ്പോകുന്നു. കമ്മിഷനു എന്തോ സംഗതിവശാൽ വന്നുപോയ ഈ ഒമിഷൻ മൂലം കമ്മിഷൻ റിപ്പോർട്ട് അങ്ങനെതന്നെ സ്വീകരിക്കുകയാണെങ്കിൽ അതു ജനസാമാന്യത്തിന്റെ ആഗ്രഹങ്ങൾക്കു വിരുദ്ധമായ ഒരു നടപടിയായിരിക്കുമെന്നു വേണം കരുതേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ എന്റെ പ്രസംഗത്തിൽ ആദ്യമായി ഗൂഡല്ലൂർ താലൂക്ക കേരളത്തിൽ ലയിപ്പിക്കേണ്ടതിനു ഉന്നയിച്ച ന്യായങ്ങളെപ്പററി പറഞ്ഞു. ഇതിനും പുറമെ മദ്രാസിലെ 1931-ലെ സെൻസസ്സ് റിപ്പോർട്ടിലെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം. ശ്രീ. എം. പി. മേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അതിൽ നിന്നും ചില ഭാഗം ഉദ്ധരിക്കുകയുണ്ടായി. അതിനെത്തൊട്ട അടുത്ത ഭാഗമാണിതു്. 1931-ൽ ഇങ്ങനെ സംസ്ഥാനപുനഃസംവിധാനത്തെപ്പററി ആലോചനയോ, ശബ്ദങ്ങളോ ഒന്നും നിലവിലില്ലാതിരുന്നകാലത്തു്, മദ്രാസ്സംസ്ഥാനഗവൺമെൻറ തയ്യാറാക്കിയ സെൻസസ്സ് റിപ്പോർട്ടാണു് ഞാൻ ഇവിടെ വായിക്കുന്നതു്. ആ റിപ്പോർട്ടിൽ 290-ാമത്തെ പേജിൽ, 10-ാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു.

"The Tamil line is the simplest and its presence as a mother tongue is practically confined to the presidency. The Nilgiris is really a region of aboriginal languages and the Badaga variant of Kanarese but it was thought convenient to illustrate the approximate spheres of influence of the two great plain languages which are surging in from east and west. Malayalam pervades Gudalur taluk, Tamil the rest."

ഇതാണു് 1931-ലെ മദ്രാസ് സെൻസസ് റിപ്പോർട്ടിൽ പറയുന്നതു്, അതിന്റെ പ്രാധാന്യം ഇതാണു്. നീലഗിരി ഡിസ്ത്രിക്ടിൽ ഒരു ഭാഷയ്ക്കും ഭൂരിപക്ഷമില്ല. ആ ഡിസ്ത്രിക്ട് മുഴുവൻ എടുക്കുകയാണെങ്കിൽ തമിഴ് സംസാരിക്കുന്നവർ 38 ശതമാനവും, മലയാളം സംസാരിക്കുന്നവർ 13 ശതമാനവും, തെലുങ്കു സംസാരിക്കുന്നവർ 8 ശതമാനവും, കർണ്ണാടകം സംസാരിക്കുന്നവർ 13 ശതമാനവും, ബഡഗ സംസാരിക്കുന്നവർ 22 ശതമാനവുമാണെന്നു കാണാം. ഇങ്ങനെയാണു് നീലഗിരി ഡിസ്ത്രിക്ടിന്റെ ഭാഷാപരമായ നിലപാടു്. ഈ നീലഗിരി ഡിസ്ത്രിക്ടിനെ ഇന്നു മദ്രാസ് സംസ്ഥാനത്തിൽ ചേർത്തതിനെയാണു്. നീലഗിരി ഡിസ്ത്രിക്ട് മദ്രാസ് സംസ്ഥാനത്തു് ചേരണമെന്നു് തീരുമാനിച്ചതു് അതു് മദ്രാസ് സംസ്ഥാനത്തിൽ കിടക്കുന്നതുകൊണ്ടുതന്നെയാണു്. ശ്രീ. ടി. വി. തോമസ് മിക്കവാറും ഒരു കാൽക്കുലേഷൻ മിഷ്യൻകൊണ്ടു്, കേരളത്തിൽ ഏതു പ്രദേശങ്ങളാണു് പെടേണ്ടതു്, തമിഴകത്തിൽ ഏതു പ്രദേശങ്ങളാണു് പെടേണ്ടതു്, കർണ്ണാടകത്തിൽ ഏതു പ്രദേശങ്ങളാണു് പെടേണ്ടതു് എന്നു തീരുമാനിക്കാമെന്നാണു് വിചാരിക്കുന്നതു്. അതു ശരിയാവുകയില്ല. ഭാഷാസംസ്ഥാനത്തെ അനുകൂലിക്കുന്ന ഒരാളാണു് ഞാൻ. കേരളസംസ്ഥാനം വേണമെന്നു വാദിക്കുന്നതും ആ അടിസ്ഥാനത്തിലാണു്. എന്നാൽ ഭാഷാസംസ്ഥാനങ്ങൾ ഉണ്ടാകുമ്പോൾ ഒരു ഭാഷയ്ക്കും ഭൂരിപക്ഷമില്ലാത്ത പ്രദേശങ്ങളുണ്ടാകും. മാർജിനൽ റീജിയൻ ഉണ്ടാകും. പോക്കററ്സ് ഉണ്ടാകും. നീലഗിരി ഡിസ്ത്രിക്ട് അതിനൊരുദാഹരണമാണു്. മൂന്നു താലൂക്കുകളാണു് അവിടെ ഉള്ളതു്. ആ മൂന്നു താലൂക്കുകളും കൂടി നോക്കുകയാണെങ്കിൽ തമിഴിനും ഭൂരിപക്ഷമില്ല. മദ്രാസ് സെൻസസ് കമ്മീഷണർ യീററ്സ് പറഞ്ഞിട്ടുള്ളതു് ഒരു ഭാഷയ്ക്കും ഭൂരിപക്ഷമില്ലെന്നാണു്. ഇന്നലെ ശ്രീ. നടരാജപിള്ള വളരെ [illegible]

2/3952|V.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വത്തായ ഒരു വാക്ക് പ്രയോഗിക്കുകയുണ്ടായി. അതായത് മലയാളം റീജിയനെന്നും തമിഴ് റീജിയനെന്നും പറയുകയുണ്ടായി. അങ്ങനെ നോക്കുകയാണെങ്കിൽ ഗൂഡല്ലൂർ മലയാളം റീജിയനിലും മററ പ്രദേശങ്ങൾ തമിഴ്റീജിയനിലും പെടുമെന്നാണ് മി. യീററ്സ് പറഞ്ഞിട്ടുള്ളത്. ഈ ഗൂഡല്ലൂർ താലൂക്കുമാത്രം എടുക്കുകയാണെങ്കിൽ 58 ശതമാനം ആളുകൾ മലയാളം ആണ് സംസാരിക്കുന്നതെന്ന് എനിക്ക് റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. അവിടെയുള്ള പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആളുകളും നീലഗിരി ഡിസ്ട്രിക്ട് ബോർഡിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആളുകളും മലയാളികളാണ്. 1877 വരെ മലബാർ ഡിസ്ട്രിക്ടിൽപ്പെട്ട ഒരു പ്രദേശം ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടി മാത്രം നീലഗിരിഡിസ്ട്രിക്ടിനോടു ചേർത്തതാണ്. സഹ്യപർവ്വതത്തിനു പടിഞ്ഞാറു കിടക്കുന്ന ഈ പ്രദേശത്തുള്ള ആറുകളും മററും സഹ്യപർവതത്തിൽനിന്നും ഉൽഭവിച്ച് അവിടത്തെ സ്ലോപ്പ് പടിഞ്ഞാറോട്ടായതുകൊണ്ട് അങ്ങോട്ടൊഴുകി അറബിക്കടലിൽ ചെന്നു വീഴുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു സ്ഥലമാണത്. ഈ ഗൂഡല്ലൂർ താലൂക്ക് ഭാവികേരളത്തിൽ ഉൾപ്പെടുത്തുന്നതിന് ഇൻഡ്യാഗവണ്മെൻറിനു ഈ ഗവണ്മെൻറ നിവേദനം നടത്തിയിട്ടുണ്ട്. ഗവണ്മെൻറിൻെറ ആ നിലപാടിനെ ഈ നിയമസഭ ഏകകണ്ഠമായി അനുകൂലിക്കണമെന്ന് ഞാനപേക്ഷിക്കുന്നു

ഇവിടെ ലക്ഷദ്വീപിനെപ്പററിയും അമീൻദ്വീപിനെപ്പററിയും പറയുകയുണ്ടായി. അതിനെപ്പററ അഭിപ്രായൈക്യം ഉണ്ടെന്നു കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആ ദ്വീപുകൾ പല കാരണങ്ങൾകൊണ്ടും സെൻട്രൽ ഗവണ്മെൻറ നേരിട്ടു ഭരിക്കുന്ന ഒരു ടെറിട്ടറി ആയിരിക്കുന്നതായിരിക്കും നല്ലതെന്നാണ് ഗവണ്മെൻറിൻെറ നില. ആ നിലയെ ഇവിടെ പ്രസംഗിച്ച പലരും അനുകൂലിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അതും ആ വിധത്തിൽ രേഖപ്പെടുത്തിയാൽ കൊള്ളാമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഇനി ഈ സംസ്ഥാനത്തെ തെക്കൻതാലൂക്കുകളെപ്പററിയും ദേവികുളം പീരുമേടുതാലൂക്കുകളെപ്പററിയും അല്പം സംസാരിക്കാം. ദേവികുളം പീരുമേട് താലൂക്കുകളെപ്പററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് അവിടെ തമിഴ്ഭാഷസംസാരിക്കുന്നവരിൽ ഭൂരിപക്ഷവും ലേബറേഴ്സായ ഇമിഗ്രൻസ് ആണെന്നാണ്. അവിടെയുള്ള തമിഴ്സഹോദരന്മാർ കൂലിക്കാരാണെന്നുപറഞ്ഞ് ആക്ഷേപിക്കാൻവേണ്ടിയോ അവർ വന്നും പോയും ഇരിക്കുന്നവരാണെന്നു ആക്ഷേപിക്കാൻ വേണ്ടിയോ ഇതു പറയുന്നതല്ല. കമ്മീഷൻ ആ വിധത്തിലുള്ള തീരുമാനത്തിൽ എത്തിയത് ഈ വക കാര്യങ്ങളെപ്പററി വാദപ്രതിവാദങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ഉണ്ടായിരുന്ന സെൻസസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്. 1931-ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട് എഴുതിയിട്ടുള്ളത് ഡാക്ടർ എൻ. കുഞ്ഞൻപിള്ളയാണ്. അദ്ദേഹം ഇമിഗ്രേഷനെപ്പററിയും എമിഗ്രേഷനെപ്പററിയും വളരെ വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെ തന്നെ മദ്രാസ്സെൻസസ് റിപ്പോർട്ടിലും അക്കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കേണ്ടത് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മാണെന്നു കരുതുന്നു. 1931-ലെ തിരുവിതാംകൂർ സെൻസസ് പാർട്ട് I റിപ്പോർട്ടിന്റെ 83-ാമത്തെ പേജിൽനിന്നാണ് ഞാൻ വായിക്കുന്നത്. പാരാ 123.

"Travancore has 224 tea and rubber plantations comprising an area of about 75,000 acres under tea and 62,000 acres under rubber, and cardamom is cultivated in nearly 30,000 acres, so that these three crops together account for about 167,000 acres. They support altogether a population of 105,224 persons, of whom 79,433 (Please remember this figure) are immigrants from outside Travancore and the remaining 25,791 only belong to the State. These figures have been specially compiled from the census schedules of the estates. Of the 79,433 immigrants, 3,314 are workers in cardamom gardens and 76,119 in tea and rubber estates. Further, they consist of 76,699 field labourers and 2,734 other employees, such as managers, superintendents, clerical staff etc. The High Range lies entirely in the Highland Division. The estates in the former contain 70,568 immigrants and those in other parts of the Highland Division 8,865, making a total of 79,433 which is the aggregate number of immigrants in the whole Highland Division."

I am omitting the next paragraph. Paragraph 124 states—

"A circular letter was sent round to the managers of 224 estates, requesting them to supply information as to the period during which the labourers who came from outside the State stayed in the estates. The managers of 121 estates complied with the request, furnishing particulars about 64,562 immigrants out of the total immigrant population of 79,433. These particulars are given in the margin. 47·9 per cent. of the immigrants have been in the estates only for one year or less, 29·4 per cent. between one year and three years, and 22·7 per cent. for three years or more. From the enumeration schedules of the estates information has been specially collected as to the number of immigrant families who have had children born to them in Travancore, and the period of their stay, as judged from the ages of the eldest children. The statement in the margin gives the information collected These figures show that among immigrants in the estates there are some who have come with their families and settled there permanently. Their proportion to the total immigrant population is, however, small. The large majority of immigrants are only temporary or semi-permanent sojourners."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇതു് തിരുവിതാംകൂർ സംസ്ഥാനം ഒരുകാലത്തും വെട്ടിമുറിക്കപ്പെടുകയില്ലെന്നും അതു് അഭംഗമായി ഒരു സ്റ്റേറ്റായി നിലനിൽക്കുമെന്നും വിചാരിച്ചിരുന്ന ഒരു സന്ദർഭത്തിൽ, ഈവക കാര്യങ്ങൾ കണ്ടുപിടിക്കുന്നതിൽ ശാസ്ത്രീയമായ താൽപ്പര്യം മാത്രമുള്ള ഒരവസരത്തിൽ, തിരുവിതാംകൂർ ഗവണ്മെന്റ് ഇൻഡ്യാഗവണ്മെന്റ സെൻസസ് ആക്ടനുസരിച്ച് പ്രവർത്തിച്ചപ്പോൾ ശേഖരിച്ച വിവരങ്ങളാണ്. ഇതിൽനിന്നു നമുക്കു കാണാൻ കഴിയുന്നതു് ശ്രീ. നടരാജപിള്ള ഇവിടെ ഊന്നിപ്പറഞ്ഞപോലെയും പ്രൊഫസർ മുണ്ടശ്ശേരി ഒരു ശാസ്ത്രീയമായ പിൻബലത്തോടുകൂടി പറഞ്ഞപോലെയും ദേവികുളം പീരുമേടു് താലൂക്കുകൾ നമ്മുടെ റീജിയനിൽ പെട്ടതാണെന്നാണ്. ഈ താലൂക്കുകൾ ഒരു വലിയ ഇൻഡസ്ട്രി നടക്കുന്ന സ്ഥലമാണ്. ററീ ഇൻഡസ്ട്രിയിൽ പ്രവൃത്തിയെടുക്കുന്നവർ കൃഷിക്കാരാണ്. അവിടെ വേലയെടുത്തവരാണ് അവിടത്തെ ആളുകളെന്ന് വാദത്തിനുവേണ്ടി പറയാം. അവിടെ വന്നിട്ടുള്ള ആളുകൾ ഒരു ഫാക്ടറിയിൽ വേലയ്ക്കു വരുന്നതിനു് സദൃശമായ രീതിയിൽ വന്നിട്ടുള്ളവരാണ്. 1941–ലെയും, 51–ലെയും കഥ 1931-ൽ നിന്നും വ്യത്യസ്തമായിരിക്കുമെന്നു തോന്നുന്നില്ല. ഞാൻ പ്രമേയം അവതരിപ്പിച്ചുകൊണ്ടു സംസാരിച്ചതിനുശേഷവും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ശ്രീ. കരുണാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ പ്ലാന്റേഷൻ മിനിമംവേജസ് ആക്ട് കൊണ്ടുവരുന്നതുവരെ അവിടത്തെ പ്ലാന്റേഴ്സ് അവിടെയുള്ള തൊഴിലാളികൾക്കു് വഴിക്കാശു കൊടുത്തിരുന്നു.

ശ്രീ. പ്രാക്കുളം ഭാസി: അതിപ്പോഴും കൊടുക്കുന്നുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വഴിക്കാശു കൊടുക്കുന്നതു് എന്തിനാണ്? അവിടെ വേലയ്ക്കു വന്നിട്ടുള്ള ആളുകൾക്കു് വേലയില്ലാത്ത സന്ദർഭത്തിൽ നാട്ടിൽപോകാൻ കൊടുക്കുന്നതാണ്.

ശ്രീ. എസ്സ്. ശേഷാദ്രിനാഥശർമ്മ: ഇമിഗ്രൻസിനു് മാത്രമല്ല, എല്ലാവർക്കും വഴിക്കാശു കൊടുക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അനേകം ആളുകൾക്കു കൊടുക്കുമ്പോൾ എല്ലാവർക്കും കൊടുക്കേണ്ടിവരും. വഴിക്കാശു് എന്നു പറയുന്നതു് വെറുതേ ഉണ്ടാക്കിയ ഒരു വാക്കല്ലല്ലോ. അതിനെപ്പററി അധികൃതമായി പ്രസ്താവിക്കാൻ അവകാശമുള്ള ശ്രീ. ശർമ്മപോലും വഴിക്കാശു കൊടുക്കുന്നുണ്ടെന്നു സമ്മതിക്കുന്നു. അതു വാങ്ങുന്നതു് കൊല്ലത്തിലൊരിക്കലോ സന്ദർഭം കിട്ടുമ്പോഴോ തങ്ങളുടെ നാട്ടിലേക്കു പോകാനാണ്. അതിനെപ്പററി ആരും തർക്കിച്ചിട്ടു കാര്യമില്ല. പിന്നെ ഇവർക്കു് വോട്ടില്ലേ എന്നാണ് ചോദിക്കുന്നതു്. വോട്ടുവന്നതു് എന്നാണ്? 1951–ൽ റെപ്രസന്റേഷൻ ആഫ് പീപ്പിൾസ് ആക്ട് പാസ്സായപ്പോൾ 120 ദിവസം എവിടെ തുടർച്ചയായി താമസിക്കുന്നുവോ അവിടെ വോട്ടുചെയ്യാമെന്നു് നിശ്ചയിച്ചിരിക്കുകയാണ്. അതിനു മുമ്പു് വോട്ടില്ല. അതുകൊണ്ടു് പാവപ്പെട്ട ഈ സ്റ്റേറ്റിനു് വളരെയേറെ അംഗഭംഗം വരത്തക്കവിധത്തിൽ ഈ പ്രദേശങ്ങളെ മദ്രാസിൽ ചേർക്കണമെന്നു് ഈ സ്റ്റേറ്റിലുള്ളവർ വാദിക്കുന്നതും മറെറാരു സ്റ്റേററ വാദി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതും വേദനാജനകമാണ്. അതിനെപ്പററി അയൽസ്റ്റേററായ മദ്രാസിലെ മന്ത്രിമാർ വാദിക്കുന്നതെന്തെന്ന് അറിയുന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. അത്രമാത്രമേ എനിക്ക് ഇക്കാര്യത്തെപ്പററി പറയാനുള്ളു.

ദേവികുളവും പീരുമേടും ഇന്നത്തെയുള്ള സ്ഥിതിയിൽ നമ്മുടെ രാജ്യത്തുനിന്നും ഒരു കാരണവശാലും മാററാൻ പാടില്ലെന്നും അതു കേരളത്തിൽത്തന്നെ തുടരണമെന്നും ഈ ഗവണ്മെൻറ ശക്തിയായി നിവേദനം ചെയ്തിട്ടുണ്ട്. ആ അഭിപ്രായത്തെ ഈ സഭ ശക്തിയായി പിൻതാങ്ങണമെന്നപേക്ഷിക്കുന്നു.

ഇതിനെ തുടർന്നു നദീജലത്തെപ്പററി ഇവിടെ ചില പ്രസ്താവനകൾ ഉണ്ടായി. ആ പ്രസ്താവനകൾ സംസ്ഥാന പുനഃസംഘടനാപ്രശ്നവുമായി പ്രസക്തമാകുന്നില്ലെങ്കിലും, ഈ നിയമസഭയിലും മററു ചില നിയമസഭയിലും ഇതിനെപ്പററി പ്രസ്താവനകൾ ഉണ്ടായതുകൊണ്ടു ഞാനും ചിലതു പറയുകയാണ്. നദീജലക്കാര്യത്തിൽ തിരുവിതാംകൂർ ഗവണ്മെൻറ സൗജന്യപൂർവമല്ലാതെ മദ്രാസിനോടു പെരുമാറിയിട്ടുണ്ടെന്നാണ് ആരോപണം. 75 കൊല്ലങ്ങൾക്കു മുമ്പു പെരിയാർ നദീജലം തിരുവിതാംകൂർ ഗവണ്മെൻറ മദ്രാസ് ഗവണ്മെൻറിനു കൊടുക്കുകയുണ്ടായി. അന്നു ഒരുവിധത്തിലും തിരുവിതാംകൂറിനു അങ്ങനെ നദീജലം കൊടുക്കേണ്ട ബാദ്ധ്യതയുണ്ടായിരുന്നില്ല. തിരുവിതാംകൂർ അന്നു സോവറിൻ സ്റ്റേററായിരുന്നു. അന്നത്തെ മഹാരാജാവും അന്നത്തെ ദിവാൻജിയും പെരിയാർ നദീജലം മദ്രാസ് സംസ്ഥാനത്തെ കൃഷിആവശ്യത്തിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കുകയും, അതനുസരിച്ചു കൊണ്ടുപോവുകയുമുണ്ടായി.

SHRI A. CHIDAMBARANATHA NADAR: For which Travancore Government received Rs. 50,000 annually.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അമ്പതിനായിരമല്ല, അഞ്ചുലക്ഷം രൂപ വേണമെങ്കിലും കൊടുക്കാൻ മററു ഗവണ്മെൻറുകൾ തയാറാകുമായിരുന്നു. ആ തുക വാങ്ങിച്ചതു്, വെറും റായൽററി ബേസിസ്സിൽ മാത്രമാണ്. മദ്രാസിനു മാത്രമല്ല, ആലുവാ നദിയിൽനിന്നും കൊച്ചി രാജ്യത്തേക്ക് വെള്ളം വിട്ടുകൊടുത്തതു് റായൽററി വാങ്ങിക്കൊണ്ടാണ്. അതു കൊച്ചി ഗവണ്മെൻറിനെ തോല്പിക്കാനാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സ്റ്റേററിൻെറ അവകാശത്തെ സ്ഥാപിക്കുവാൻ വേണ്ടി അങ്ങനെ റായൽററി ബേസിസ്സിൽ ഒരു തുക വാങ്ങിക്കൊണ്ടു നദീജലം വിട്ടുകൊടുക്കുകയാണു ചെയ്തതു്. ഡൽഹിയിലും മററും ചില ആളുകൾ ഈ നദീജലത്തിൻെറ കാര്യത്തിൽ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ബുദ്ധിശൂന്യമായ ഒരു നിലയാണെടുത്തിരിക്കുന്നതെന്നു പറയുന്നുണ്ട്. ആ വെള്ളം പവ്വർ പ്രൊഡക്ഷനുവേണ്ടി ഉപയോഗിക്കരുതോയെന്നു മദ്രാസ് ഗവണ്മെൻറ് തിരുവിതാംകൂർ ഗവണ്മെൻറിനോടു ചോദിച്ചു. അന്നു സർ സി. പി. രാമസ്വാമി അയ്യർ ആയിരുന്നു ഇവിടത്തെ ദിവാൻജി. സർ സി. പി. രാമസ്വാമി അയ്യർ അന്നു മറുപടി പറഞ്ഞതു്, ഈ വെള്ളം മദ്രാസിലേക്ക് കൊണ്ടുപോകാൻ അനുവദിച്ചതു് ഇറിഗേഷൻ കാര്യങ്ങൾക്കു വേണ്ടിയാണെന്നും, അതുകൊണ്ടു് മദ്രാസ് ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ൻറിനു തരുന്ന വെള്ളം മററാവശ്യത്തിനു ഉപയോഗിക്കാവുന്നതല്ലെന്നും, അഥവാ ഉപയോഗിക്കണമെന്നുണ്ടെങ്കിൽ അതിനു വേറെ ഗ്രാൻറു തരേണ്ടതുണ്ടെന്നും ആയിരുന്നു. അതായതു്, 75 കൊല്ലത്തിനു മുമ്പുണ്ടായ ഒരു കരാർകൊണ്ടുമാത്രം, ആ വെള്ളം മററു കാര്യങ്ങൾക്കു കൂടി ഉപയോഗിക്കുവാനുള്ള അവകാശം മദ്രാസ് ഗവണ്മെൻറിനില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. അതിന്മേൽ മദ്രാസ് ഗവണ്മെൻറിനു തർക്കമുണ്ടായി. ആ തർക്കം കൽക്കട്ടാ ഹൈക്കോടതിയിലെ ഒരു സമുന്നതനായ ജഡ്ജിയുടെ ആർബിട്രേഷനു വിട്ടുകൊടുത്തു. മദ്രാസിനു വേണ്ടി വാദിച്ചതു്, സുപ്രസിദ്ധ നിഭാഷകനായ സർ അല്ലാഡി കൃഷ്ണസ്വാമി അയ്യരും, തിരുവിതാംകൂറിനു വേണ്ടി വാദിച്ചതു് സർ സി. പി. രാമസ്വാമി അയ്യരുമായിരുന്നു. ഒടുവിൽ കൽക്കട്ടാ ഹൈക്കോടതി ജഡ്ജി വിധിച്ചതു്, ആ വെള്ളം കൊണ്ടു് പവ്വർ പ്രൊഡക്ഷൻ നിർവ്വഹിക്കുവാനുള്ള അവകാശം തിരുവിതാംകൂറിനാണെന്നായിരുന്നു. ഇതൊക്കെയാണെങ്കിലും, ഉടനെതന്നെ തിരുവിതാംകൂർ ഗവണ്മെൻറു പറഞ്ഞതു്, മദ്രാസ് ഗവണ്മെൻറും തിരുവിതാംകൂർ ഗവണ്മെൻറും കൂടി യോജിച്ചു പവ്വർ പ്രൊഡക്ഷൻ നടത്തുന്നതിനു സമ്മതമാണെന്നാണു്. 1953-ൽ ശ്രീ. എ. ജെ. ജാൺ തിരുവിതാംകൂറിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ മദ്രാസിലെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ സി. രാജഗോപാലാചാരി അദ്ദേഹത്തിനു ഒരു കത്തയയ്ക്കുകയുണ്ടായി. നദീജലം ഉപയോഗിച്ചു് പവ്വർ പ്രൊഡക്ഷൻ നടത്തുന്നതിനു മദ്രാസ് ഗവണ്മെൻറിനെ വീണ്ടും അനുവദിക്കണമെന്നാണു് ആ കത്തിലെ ചുരുക്കം. അതിനു ശ്രീ. ജാൺ അദ്ദേഹത്തെ അറിയിച്ചതു്, മദ്രാസ് ഗവണ്മെൻറു മാത്രമായി ഈ സംരംഭത്തിനു തുനിയേണ്ടതില്ലെന്നും, മദ്രാസ് ഗവണ്മെൻറും തിരുവിതാംകൂർ ഗവണ്മെൻറും കൂടി യോജിച്ചു് ഒരു ജായിൻറു് എൻറർപ്രൈസായി അതു നടത്താമെന്നുമാണു്. മദ്രാസ് ഗവണ്മെൻറു് അതിനോടു് യോജിച്ചില്ല. പിന്നീടു് ശ്രീ. എ. താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ വീണ്ടും അതേവാദം കൊണ്ടുവന്നു. അതു സംബന്ധിച്ചുള്ള എൻറെ അഭിപ്രായം, ഞാനന്നു് പ്രതിപക്ഷ ഭാഗത്തായിരുന്നുവെങ്കിലും, ഒരു ജായിൻറു് എൻറർപ്രൈസായി ഇരു ഗവണ്മെൻറും കൂടി അതു നടത്താമെന്നായിരുന്നു. ആ വിവരം ഞാൻ ശ്രീ. താണുപിള്ളയെ അറിയിക്കുകയും ചെയ്തു. പക്ഷെ, അദ്ദേഹം എന്നോടു പറഞ്ഞതു്, മദ്രാസ് ഗവണ്മെൻറു് അതു സമ്മതിക്കുന്നില്ലെന്നാണു്. ഒരു ജായിൻറു് എൻറർപ്രൈസായിരുന്നാൽ കോൺഫ്ലിക്റ്റു് ആഫ് ജൂറിസ്ഡിക്ഷൻ ഉണ്ടാകുമെന്നും മററും മദ്രാസ് ഗവണ്മെൻറു് ഈ ഗവണ്മെൻറിനെ അറിയിച്ചുവെന്നാണു് അദ്ദേഹം പറഞ്ഞതു്. ഒടുവിൽ ശ്രീ. താണുപിള്ള ഗ്രാൻറിൻെറ അടിസ്ഥാനത്തിൽ പവ്വർ പ്രൊഡക്ഷൻ ചെയ്യുവാൻ മദ്രാസ് ഗവണ്മെൻറിനു് സമ്മതംകൊടുത്തു. അതു സമ്മതിച്ചതു് മദ്രാസ് ഗവണ്മെൻറിനോടുള്ള വിരോധംകൊണ്ടാണോ? സ്നേഹപൂർണ്ണമായ ഒരു തീരുമാനം അല്ലയോ? എന്നാൽ ഇന്നു പറയുന്നതെന്താണു്? തിരുവിതാംകൂറിൻെറ നദീജലം ആരും ഉപയോഗപ്പെടുത്താതെയും, ആരേയും ഉപയോഗപ്പെടുത്താൻ അനുവദിക്കാതെയും, നിഷ്പ്രയോജനമായി കടലിലേക്കു പോകുന്നു എന്നാണു്. ആ വാദം ശരിയാണോ എന്നും, മദ്രാസ് ഗവണ്മെൻറാവശ്യപ്പെടുന്നതു് എത്രമാത്രം ശരിയാണെന്നും, നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. നദീജലം നമുക്കാവശ്യമില്ലാത്തതുകൊണ്ടല്ല, കടലിലേക്കൊഴുകുന്നത്. അങ്ങനെ ആവശ്യമില്ലാതെ വിട്ടുകളഞ്ഞിട്ടുമില്ല. നാലഞ്ചുകൊല്ലങ്ങൾക്കു മുമ്പ് വടക്കാഞ്ചേരിപ്പുഴയിലും, ചാലക്കുടി പുഴയിലും, പീച്ചി പുഴയിലും അണ കെട്ടി. അങ്ങനെ അണ കെട്ടി കൃഷിക്കു പ്രയോഗപ്പെടുന്നതുവരെ ആ പുഴകളിലെ വെള്ളമെല്ലാം അറബിക്കടലിൽ പോവുകയായിരുന്നു. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഭൂതത്താൻ അണക്കെട്ട് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പെരിയാറിൽനിന്നും അറബിക്കടലിലേക്കൊഴുകിപ്പോകുന്ന ജലം അണകെട്ടി തടഞ്ഞുനിർത്തുവാനാണുദ്ദേശിക്കുന്നത്. അതുവരെ പെരിയാററിലെ വെള്ളവും കടലിലേക്കൊഴുകിപ്പോകും. അതുപോലെ, പമ്പാനദിയിൽ ഒരു മൾട്ടി പർപ്പസ്സ് ജലസേചനപദ്ധതിയും ഒരു ഹൈഡ്രോ എലക്ട്രിസിററി പദ്ധതിയും നടപ്പിലാക്കുവാൻ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിരുന്നതാണ്. എന്നാൽ പ്ലാനിംഗ് കമ്മിഷൻ അതിലെ എലക്ട്രിസിററി പദ്ധതി മാത്രമാണ് അനുവദിച്ചത്. ഇറിഗേഷൻ പ്രോസസ്സ് അനുവദിച്ചില്ല. അതനുവദിക്കാഞ്ഞത്, പണമില്ലാത്തതുകൊണ്ടാണ്. ഇറിഗേഷൻ പ്രോസസ്സ് കൂടി അനുവദിക്കേണ്ടതാണെന്നു ഈ ഗവൺമെൻറ് വാദിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രോസസ്സ് ഇൻഡ്യാ ഗവൺമെൻറ് അനുവദിച്ചില്ലെങ്കിൽ പമ്പാനദിയിലെ വെള്ളം കായലിലേക്കും കടലിലേക്കും ഒഴുകിക്കൊണ്ടിരിക്കുകയേ ഉള്ളു. നമ്മുടെ രാജ്യത്ത് ധാരാളം നദികളും പുഴകളും ഉണ്ടെങ്കിലും, അതിൽക്കൂടി ധാരാളം വെള്ളം ഒഴുകിപ്പോകുന്നുണ്ടെങ്കിലും, ആ പുഴകളുടെ ഇരുകരകളിലും ഉള്ള സസ്യങ്ങൾ, മഴയിൽനിന്നും ഉണ്ടാകുന്ന അമൃതനിഷ്യന്ദികളായ ജലത്തെമാത്രം ആശ്രയിച്ചുവളരേണ്ടതായിട്ടാണിരിക്കുന്നത്. പലപ്പോഴും വെള്ളമില്ലാതെ ഉണങ്ങിപ്പോകേണ്ടതായിട്ടും വരുന്നുണ്ട്. ഈ നദികളിലെ വെള്ളമെല്ലാം കിഴക്കോട്ടു വിട്ടാൽ, അതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പററി നാം പരിശോധിക്കേണ്ടതാണ്. നമുക്കു ലഭിക്കുന്ന വെള്ളത്തിൽ സലിനിററി വർദ്ധിക്കുമെന്നും, അത് കിഴക്കോട്ടു പോകുമെന്നും, ഇവിടെ ചിലർ പറയുകയുണ്ടായി. അത് ശരിയാണ്. ഈ വെള്ളം കിഴക്കോട്ടു വിട്ടാൽ, ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളെപ്പററി നാം ശരിയായി അന്വേഷണം നടത്തേണ്ടതുണ്ട്. അങ്ങനെ, ശരിയായ വിവരങ്ങൾ അറിഞ്ഞതിനുശേഷമല്ലാതെ, ഇതിനെപ്പററി ഈ ഗവൺമെൻറിനു ഒരു തീരുമാനം ചെയ്യാൻ സാദ്ധ്യമല്ല. ഇതൊന്നുമറിയാതെ, ഞങ്ങൾക്കു ആ വെള്ളം തരുന്നില്ലെന്നു പറയുന്നതു ശരിയല്ല. ഞാൻ ഇത്രയും പറഞ്ഞത്, തിരുവിതാംകൂറിലെ നിരുപയോഗമായിപ്പോകുന്ന നദീജലംപോലും, തങ്ങൾക്കു തരുന്നില്ലെന്നു മദ്രാസിലെ ചില മന്ത്രിമാർ പ്രസ്താവിച്ചതായി കേട്ടതുകൊണ്ടാണ്. ഇവിടെ എന്റെ സ്നേഹിതന്മാരിൽ ചിലർ പറയുന്നത്, തിരുവിതാംകൂറിലെ നദീജലം കിട്ടുന്നില്ലെങ്കിൽ ആ പ്രദേശംതന്നെ കിട്ടട്ടെയെന്നാണ്. പണ്ട് ഹനുമാൻ ഏതോ മരുന്നന്വേഷിച്ച് നടന്നപ്പോൾ മരുന്നു കിട്ടാഞ്ഞിട്ടു മലതന്നെ എടുത്തുകൊണ്ടുപോന്നതായി കേട്ടിട്ടുണ്ട്. അതുപോലെ ഇത്തരം അഭിപ്രായങ്ങൾ പറഞ്ഞുതുടങ്ങിയാൽ, അതു പ്രായോഗികമല്ല. അതു ഒരു സ്റ്റേററിനും മറെറാരു സ്റ്റേററിനും തമ്മിലുള്ള ബന്ധത്തിനു യോജിച്ചതുമല്ല. അങ്ങനെയുള്ള പ്രസ്താവനകൾ കേൾക്കാനിടവരുന്നത് തെക്കൻതിരുവിതാംകൂറിലെ സ്നേഹിതന്മാരിൽ നിന്നായാലും, ആരിൽനിന്നായാലും, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

രാജ്യത്തിനു അപമാനകരമാണ്. ശരിയായ അന്വേഷണം നടത്തി ഗുണദോഷവിവേചനം ചെയ്യാതെ ഇങ്ങനെയുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കരുതെന്നാണ് എനിക്കു ഈ സ്നേഹിതന്മാരോടപേക്ഷിക്കുവാനുള്ളതു്.

ഇനിയും തെക്കൻതിരുവിതാംകൂറിലെ കാര്യങ്ങളെപ്പററിയും കൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അതിനെപ്പററി ഞാൻ ശാസ്ത്രീയമായി ചിന്തിക്കുന്നില്ല എന്നു പറയുകയുണ്ടായി. തെക്കൻതിരുവിതാംകൂറിൽ നിന്നും തമിഴ്നാട്ട് കാൺഗ്രസ്സ് ടിക്കററിന്മേൽ തെരഞ്ഞെടുക്കപ്പെട്ടു വന്ന ആളുകൾ ആ താലൂക്കുകൾ ഈ സംസ്ഥാനത്തുനിന്നും വേർപെടുത്തി മദ്രാസ് സംസ്ഥാനത്തിലേക്കു ചേർക്കേണ്ടതാണെന്നുള്ള ധാരണയോടുകൂടി തന്നെ തെരഞ്ഞെടുക്കപ്പെട്ടു വന്നിട്ടുള്ളവരാണെന്നുള്ള വസ്തുതയും ഞാൻ വിസ്മരിക്കുന്നില്ല. അതുകൊണ്ടുമാത്രം, ആ പ്രദേശങ്ങൾ കേരളത്തിന്റെ ഭാഗം അല്ലെന്നു വരുന്നില്ല. ഭാഷയുടെ അടിസ്ഥാനത്തിൽ വിഭജിക്കണം എന്ന തത്വത്തോടു ഞാൻ ഏറെക്കുറെ അനുകൂലിക്കുന്നുമുണ്ട്. ശ്രീ. എ. താണുപിള്ളയും ഡാക്ടർ എ. ആർ. മേനോനും ആ തത്വത്തോടു യോജിക്കുന്നില്ലെന്നു പറയുകയുണ്ടായി. എന്നാൽ ഞാൻ ഐക്യകേരളത്തെ സ്വാഗതം ചെയ്യുന്നതു് അതു നമ്മുടെ തലയിൽ വന്നു വീണല്ലോയെന്നുള്ളതുകൊണ്ടല്ല. ഒരേ ഭാഷയും, ഒരേ സംസ്കാരവും, ഒരേ ആചാരവുമായി കഴിഞ്ഞുകൂടുന്ന ജനത ഒന്നിച്ചുചേർന്നു കാണുവാൻ ആഗ്രഹിക്കുന്നവരിൽ ഒരാളാണു ഞാൻ. തിരുവിതാംകൂറും കൊച്ചിയും ആയുള്ള സംയോജനത്തെ ഞാൻ സ്വാഗതം ചെയ്തതും അതുകൊണ്ടാണ്. മാത്രമല്ല, ഐക്യകേരളത്തിന്റെ ആഗമനത്തെ അതു ത്വരിതപ്പെടുത്തുമല്ലോ എന്നുള്ളതുകൊണ്ടുമാണ്. ഇന്നു ഞാൻ കേരളത്തെ സ്വാഗതം ചെയ്യുന്നതു്, ഞാൻ മുൻപറഞ്ഞവിധത്തിലുള്ള ഐക്യം കണ്ടതുകൊണ്ടാണ്. എന്നാൽ കാൺഗ്രസ്സ് അതിനെ കാലവിളംബപ്പെടുത്തുന്നു എന്നു പറയുന്നതും ശരിയല്ല. വിദേശികൾ ഇൻഡ്യയെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നതിനു മുമ്പ് ജനവിഭാഗങ്ങൾക്കു് അവരുടെ ഭാഷയിലും, അവരുടെ ഭരണസൗകര്യത്തിന്റെ അടിസ്ഥാനത്തിലും ഇവിടെ പ്രത്യേകം സ്റ്റേററുകൾ ഉണ്ടായിരുന്നു. അതിനുശേഷം ഒരു ആയിരക്കൊല്ലം തുടർച്ചയായി മഹമ്മദീയരുടേയും, മുഗൾ രാജാക്കന്മാരുടേയും, അതിനെ തുടർന്നു ഇംഗ്ലീഷുകാരുടേയും, ആധിപത്യം വന്നപ്പോഴാണ് ജനങ്ങളുടെ സ്റ്റേററുവിട്ടു അതിന്റെ സ്ഥാനത്തു് രാജാക്കന്മാരുടേയും, ചക്രവർത്തിമാരുടേയും, കൊളോണിയൽ എംപറേഴ്സിന്റേയും സ്റ്റേററുകൾ ഉണ്ടായതു്.

1947-ൽ ബ്രിട്ടീഷുകാർ ഈ രാജ്യത്തുനിന്നും വിട്ടുപോയെങ്കിലും ആയിരക്കൊല്ലക്കാലമായി നിലനിന്നിരുന്ന ലഗസി മുഴുവൻ വിട്ടുപോയില്ല. പിന്നെയും പഴയ സ്വഭാവത്തിലുള്ള ചില ഏർപ്പാടുകൾ തുടർന്നുകൊണ്ടിരുന്നു. നാട്ടുരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ ലയിച്ചതിനെ സംബന്ധിച്ചു ഇൻഡ്യാഗവണ്മെന്റ പ്രസിദ്ധപ്പെടുത്തിയ വൈററ് പേപ്പർ ആഫ് ഇൻഡ്യൻ സ്റ്റേററ്സ് എന്ന പുസ്തകത്തിൽ വിശദവിവരങ്ങൾ പറഞ്ഞിട്ടുണ്ട്. ഒട്ടധികം നാട്ടുരാജ്യങ്ങൾ കൂട്ടിച്ചേർത്തു ഇൻഡ്യയുടെ ഭരണക്രമം രൂപപ്പെടുത്തുന്നതിന് സാധിച്ച ആ പ്രവൃത്തി ഏററവും പ്രശംസാർഹമായിരുന്നു. അനേകം ചെറുരാജ്യങ്ങൾ കൂട്ടിച്ചേർത്തു് സൗരാഷ്ട്രാ എന്നും ഇരുപത്തു ഇരുപത്തിരണ്ടു രാജ്യങ്ങൾചേർത്തു

LIBRARY ARCHIVES Kerala Legislative Assembly

